
VOL NO: 06 I ISSUE 06
www.nerpatham.com
mail@nerpatham.com
2022 FEBRUARY 05 I ₹10

# നേർപഥം

വാരിക

## ഹദീസ് നിഷേധികൾ കാണാതെ പോകുന്നത്

‘പുരുഷൻ നഗ്നത പ്രദർശിപ്പിച്ചാൽ സ്ത്രീ അത് അവൾക്കുനേരെയുള്ള അക്രമമായി കണക്കാക്കും. സ്ത്രീ നഗ്നത പ്രദർശിപ്പിച്ചാൽ പുരുഷൻ അത് അവളുടെ ലൈംഗിക ബന്ധത്തിനുള്ള ക്ഷണമായി സ്വീകരിക്കും.’ ജെന്റർ ന്യൂട്രൽ സ്കൂൾ യൂണിഫോം എന്ന പുരുഷ തിട്ടൂരം പെൺകുട്ടികൾ ആവേശപൂർവം ഏറ്റെടുത്ത സാഹചര്യത്തിൽ ഒരു അന്വേഷണം.



# സ്ത്രീ: അവകാശ സ്വാതന്ത്ര്യ നിഷേധങ്ങൾ

- തുണയാവുക
- സൂഫികൾ നബിമാർക്കും മുകളിലോ?
- പ്ലാസ്റ്റിക് സർജറി: മതത്തിന്റെ കാഴ്ചപ്പാട്




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

0263

# നേർപഥം

വാരിക

2022 ഫെബ്രുവരി 5
1442 റജബ് 3
പുസ്തകം 06 / ലക്കം 06






Printed, published
& owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Design, Cover & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly





കവർ സ്റ്റോറി

10

സ്ത്രീ: അവകാശ, സ്വാതന്ത്ര്യ നിഷേധങ്ങൾ

അലി ചെമ്മാട്

05
മുഖമൊഴി
ഹദീസ് നിഷേധികൾ കാണാതെ പോകുന്നത്...

06
ലേഖനം
സൂഫികൾ നബിമാർക്കും മുകളിലോ?
സക്കീർ ഹുസൈൻ

18
ലേഖനം
പ്ലാസ്റ്റിക് സർജറി: മതത്തിന്റെ കാഴ്ചപ്പാട്
ഡോ. ടി.കെ. യൂസുഫ്

22
ക്വുർആൻ ദർശനം
ക്വാഫ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

26
ചരിത്രപഥം
മക്കാ വിജയം
ഹുസൈൻ സലഫി

31
ലേഖനം
നമസ്കാരത്തിൽ 'കളവ്' നടത്തുന്നവർ
അബൂ ഫായിദ

32
മധുരം ജീവിതം
തുണയാവുക
ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര

34
കാഴ്ച
ഓർമയിൽ ചില മേലധികാരികൾ
ഇബ്നു അലി

# ഹദീസ്; ചരിത്രത്തിന്റ പൂർണതയൊത്ത ജീവിത പ്രമാണം:

## വിസ്ഡം ഡയലോഗ്

മലപ്പുറം: മുഹമ്മദ് നബി(സ്വ)യുടെ ജീവിതത്തിലെ നിമിഷങ്ങളെ പൂർണമായ ചരിത്രപരതയിൽ ഒപ്പി യെടുത്ത ജീവിത പ്രമാണമാണ് ഹദീസെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സമിതി 'ഹദീസ്: അജയ്യം അന്യൂനം' എന്ന പ്രമേയത്തിൽ സംഘടി പ്പിച്ച 'ഡയലോഗ്' അഭിപ്രായപ്പെട്ടു.

യുക്തിവാദികളും മറ്റു ഇസ്‌ലാം വിമർശകരും ഹദീസുകളെ വിമർശിക്കുന്നത് നമുക്ക് മനസ്സിലാ ക്കാം; കാരണം അവരുടെ ലക്ഷ്യം ഇസ്‌ലാമിന്റെ മുഖത്തെ വികൃതമാക്കി അവതരിപ്പിച്ച് ആളുകളെ ഇസ്‌ലാമിൽനിന്ന് അകറ്റുക എന്നതാണ്. എന്നാൽ മുസ്‌ലിംകളാണ് എന്ന് അവകാശപ്പെടുന്നവർ ഹദീസുകളെ പൂർണമായോ ഭാഗികമായോ നിഷേ ധിക്കുന്നതും ഹദീസുകളിൽ അശാസ്ത്രീയവും യുക്തി രഹിതവും ക്വുർആൻ വിരുദ്ധവുമായവ ഉണ്ടെന്നും പറയുന്നത് തികഞ്ഞ അജ്ഞതയാണ്.

ക്വുർആനും തിരുസുന്നത്തും അനുസരിച്ചെങ്കിൽ മാത്രമെ നമുക്ക് മതജീവിതം യാഥാർഥ്യമാക്കാൻ സാധിക്കുകയുള്ളൂ. അതാണ് സ്വഹാബിമാരുടെ ജീവിതം വിളിച്ചുപറയുന്നത്. അവർക്ക് ക്വുർആൻ മാത്രം മതി എന്നും ഹദീസ് വേണ്ട എന്നുമുള്ള ചിന്ത ഉണ്ടായിട്ടേയില്ല.

അല്ലാഹു ക്വുർആനിൽ പല കാര്യങ്ങളും പൊതുവായി പരാമർശിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇങ്ങനെ മൊത്ത ത്തിൽ കാര്യങ്ങൾ പറയുമ്പോഴെല്ലാം അല്ലാഹു ആവർത്തിച്ച് ഉണർത്തുന്ന ഒരു കാര്യമാണ് നിങ്ങൾ അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനു സരിക്കുകയും റസൂൽ (സ്വ) പഠിപ്പിച്ച കാര്യങ്ങൾ സ്വീകരിക്കുകയും വിലക്കിയ കാര്യങ്ങളിൽനിന്ന് വിട്ടുനിൽക്കുകയും ചെയ്യണമെന്നത്. ഇത് മറക്കു മ്പോഴും അതിനെ നിഷേധിക്കുമ്പോഴും അപകട ങ്ങളിൽ കുടുങ്ങുമെന്നത് യാഥാർഥ്യമാണ്.

ചരിത്രവിമർശനത്തിന്റെ ഏത് അഗ്നിപരീക്ഷണ ങ്ങളെയും നേരിടാൻ മാത്രം കെട്ടുറപ്പുള്ള ജീവിത സ്രോതസ്സാണ് ഹദീസെന്ന് തിരിച്ചറിയാൻ നിഷ്പ ക്ഷാന്വേഷകർക്ക് സാധിക്കും.

ആയിരത്തി നാനൂറ് വർഷങ്ങൾക്ക് ശേഷം ആധുനിക യുഗത്തിലും പ്രായോഗികമായ ധാർമിക സദാചാര മൂല്യങ്ങൾ ജീവിത ദർശനമായി മാനവ സമൂഹത്തിന് വഴികാട്ടാനാവുന്നത് അതിന്റ ദൈവികത ബോധ്യപ്പെടുത്തുന്നുണ്ട്. ഹദീസ് നിദാ നശാസ്ത്രത്തിലൂടെ കുറ്റമറ്റ രീതിയിൽ പഠനത്തിന് സാധ്യമാകുന്ന സാഹചര്യങ്ങളുണ്ടായിരിക്കെ നിഷ്പ ക്ഷമായി പഠന വിധേയമാക്കുവാനും വിമർശനങ്ങ ളിൽ മാന്യത പുലർത്തുവാനും സമൂഹം പ്രതിജ്ഞാ ബദ്ധരാകണമെന്നും 'ഡയലോഗ്' ആവശ്യപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്തീഫ് മദനി ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന സമിതിയംഗം ടി.കെ. നിഷാദ് സലഫി മോഡറേറ്ററായിരുന്നു.

ഹദീസ്; വിമർശകർക്ക് മുന്നിൽ, ഹദീസുകൾ എങ്ങനെ ആധികാരികമാകും?, ക്വുർആൻ പോരേ, ഹദീസുകളെന്തിന്?, ഹദീസ് വിജ്ഞാന ശാസ്ത്രം: ഒരാമുഖം, ഇന്ത്യയോട് യുദ്ധം ചെയ്യണ മെന്നോ?, ഹദീസ് ക്രോഡീകരണം; വിമർശനങ്ങ ൾക്ക് മറുപടി, അശാസ്ത്രീയമായ ഹദീസുകളോ?, ഹദീസ്: വ്യാഖ്യാനത്തിന്റെ രീതിശാസ്ത്രം, നാസ്തിക ധാർമികത: പുരോഗമനത്തിന്റെ വർത്തമാനം, സദോം ജനത; ചരിത്രം പ്രമാണങ്ങളെ ശരിവെക്കു മ്പോൾ, ഹദീസിൽ ചരിത്രപരമായ വൈരുധ്യമൊ?, യുക്തിക്ക് നിരക്കാത്ത ഹദീസുകളോ?, 'യുക്തി, ശാസ്ത്രം, പ്രമാണം,' നാസ്തികരേ, ഈ ചോദ്യങ്ങ ൾക്കുള്ള ഉത്തരമവിടെ?, ഹദീസുകളുടെ സൗന്ദര്യം വിശ്വാസിയുടെ ജീവിതത്തിൽ എന്നീ വിഷയങ്ങ ളിൽ യഥാക്രമം ഫൈസൽ മൗലവി, ഡോ.സി.പി അബ്ദുല്ല ബാസിൽ, അബ്ദുൽ മാലിക് സലഫി, ശുറൈഹ് സലഫി, അബൂബക്കർ സലഫി, ഡോ. പി.പി നസീഫ്, കെ. താജുദ്ദീൻ സ്വലാഹി, ശരീഫ് ഹസ്സൻ, മുഹമ്മദ് സ്വാദിഖ് മദീനി, ഹാരിസ് ബിൻ സലീം എന്നിവർ പ്രബന്ധങ്ങളവതരിപ്പിച്ചു.

വിസ്ഡം യൂത്ത് സംസ്ഥാന ഭാരവാഹികളായ ഡോ.കെ ഫസലുറഹ്മാൻ കക്കാട്, സുഹൈൽ പി.യു, മുഹമ്മദ് അൻവർ ഒ, ജംഷീർ സലാഹി പ്രസംഗിച്ചു.

# ഹദീസ് നിഷേധികൾ കാണാതെ പോകുന്നത്...

ഹദീസ് നിഷേധം ഇന്ന് ചില മുസ്‌ലിം നാമധാരികൾക്ക് പുരോഗമനചിന്തയുടെ അടയാളമാണ്! ബുദ്ധിക്ക് യോജിക്കുന്നതല്ല, യുക്തിക്കെതിരാണ് എന്നെല്ലാം പറഞ്ഞ് പല ഹദീസുകളെയും അവർ തള്ളിക്കളയുകയും പരിഹസിക്കുകയും ചെയ്യുന്നു! ചിലരാകട്ടെ ക്വുർആൻ മതി, അതല്ലാത്ത ഒരു പ്രമാണം ഇസ്‌ലാമിലില്ല എന്ന് വാദിക്കുന്നു. ഇത്തരമാളുകൾ കാണാതെ പോകുന്ന ചില കാര്യങ്ങളുണ്ട്.

നബി(സ്വ)യുടെ മക്കാജീവിത കാലഘട്ടം എടുത്താൽ അതിലെ പല കാര്യങ്ങളും വിശുദ്ധ ക്വുർആനിൽ കാണാൻ സാധിക്കില്ല. ആ കാലത്തുണ്ടായ പല സംഭവങ്ങളും വിശുദ്ധ ക്വുർആനിൽ വിശദീകരിക്കപ്പെട്ടിട്ടില്ല. ക്വുർആൻ മാത്രമെ അംഗീകരിക്കൂ എന്ന് പറയുന്നവർക്ക് അത്തരം കാര്യങ്ങൾ അറിയാൻ സാധിക്കില്ല. ഹിജ്‌റ സന്ദർഭത്തെക്കുറിച്ചും ഹിജ്‌റയുടെ വേളയിൽ നബി(സ്വ)യുടെ കൂടെയുള്ള കൂട്ടുകാരനെക്കുറിച്ചും വിശുദ്ധ ക്വുർആൻ അറിയിക്കുന്നുണ്ട്. അല്ലാഹു പറയുന്നു: "നിങ്ങൾ അദ്ദേഹത്തെ സഹായിക്കുന്നില്ലെങ്കിൽ; സത്യനിഷേധികൾ അദ്ദേഹത്തെ പുറത്താക്കുകയും അദ്ദേഹം രണ്ടുപേരിൽ ഒരാൾ ആയിരിക്കുകയും ചെയ്ത സന്ദർഭത്തിൽ അഥവാ അവർ രണ്ടുപേരും (നബിയും അബൂബക്കറും) ആ ഗുഹയിലായിരുന്നപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ കൂട്ടുകാരനോട്, ദുഃഖിക്കേണ്ട, തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്ന് പറയുന്ന സന്ദർഭം. അപ്പോൾ അല്ലാഹു തന്റെ വകയായുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കിക്കൊടുക്കുകയും നിങ്ങൾ കാണാത്ത സൈന്യങ്ങളെക്കൊണ്ട് അദ്ദേഹത്തിന് പിൻബലം നൽകുകയും സത്യനിഷേധികളുടെ വാക്കിനെ അവൻ അങ്ങേയറ്റം താഴ്ത്തിക്കളയുകയും ചെയ്തു. അല്ലാഹുവിന്റെ വാക്കാണ് ഏറ്റവും ഉയർന്ന് നിൽക്കുന്നത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു" (9:40).

ഹിജ്‌റയുടെ കൂടുതൽ കാര്യങ്ങളും വിശദീകരിക്കപ്പെട്ടത് ഹദീസിലാണ്. ഈ വചനത്തിൽ പറഞ്ഞ നബി(സ്വ)യുടെ കൂട്ടുകാരൻ ആരാണ്? ഹദീസ് വേണ്ട എന്ന് പറഞ്ഞാൽ എങ്ങനെയാണ് അത് മനസ്സിലാക്കാൻ സാധിക്കുക?

വിശുദ്ധ ക്വുർആനെ അല്ലാഹു സംരക്ഷിക്കുന്നതോടൊപ്പം പ്രവാചകൻ(സ്വ)യുടെ ഹദീസുകളെയും അല്ലാഹു സംരക്ഷിക്കുന്നുണ്ട്. ഒന്നാം നൂറ്റാണ്ടിന് ശേഷം ഓരോ കാലഘട്ടങ്ങളിൽ ഹദീസുകളെ തള്ളാനും കള്ള ഹദീസുകൾ ഉണ്ടാക്കാനും ആളുകൾ ശ്രമിച്ചിട്ടുണ്ട്. എന്നാൽ അല്ലാഹു ഏറ്റെടുത്തതുകൊണ്ട് തന്നെ അങ്ങനെയുള്ളവരിൽനിന്ന് അവൻ ഹദീസുകളെ സംരക്ഷിച്ചിട്ടുണ്ട്. അങ്ങനെയാണ് സ്വഹീഹായ ഹദീസ്, ഹസനായ ഹദീസ്, ദുർബലമായ ഹദീസ് എന്നിങ്ങനെയൊക്കെ ഹദീസുകൾ വേർതിരിക്കപ്പെട്ടത്. മഹാരഥൻമാരായ ഇമാമുമാരിലൂടെ അല്ലാഹു ഈ കാര്യം നിറവേറ്റി എന്നത് നമുക്ക് ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയുന്ന യാഥാർഥ്യമാണ്.

ക്വുർആൻ അല്ലാഹുവിന്റെ കലാം ആണെന്ന് നമ്മെ അറിയിക്കുന്നത് നബി(സ്വ)യാണ്. ജിബ്‌രീൽ ഇത് നമ്മുടെ കൈകളിൽ നേരിട്ട് എത്തിച്ച് തന്നിട്ടില്ലല്ലോ. മുഹമ്മദ് നബി(സ്വ) അബ്ദുല്ലയുടെയും ആമിനയുടെയും മകനാണെന്ന് വിശുദ്ധ ക്വുർആനിൽ കാണാൻ സാധ്യമല്ല. റസൂൽ(സ്വ മക്കയിലാണ് ജനിച്ചതെന്നും ക്വുർആനിൽ പറഞ്ഞിട്ടില്ല. പിന്നെ അതൊക്കെ ഹദീഥിനെ നിഷേധിക്കുന്നവർ എങ്ങനെ മനസ്സിലാക്കും? അതൊക്കെ ഹദീസുകളിലൂടെ റസൂൽ(സ്വ) പഠിപ്പിക്കുന്ന കാര്യങ്ങളാണ്. ഞാൻ നബിയാണെന്ന് റസൂൽ(സ്വ) പറയുന്നുണ്ട്. അത് മക്കയിലെ ഇന്ന ആളാണെന്ന് ക്വുർആൻ മാത്രം മതി എന്ന് വാദിക്കുന്നവർക്ക് എങ്ങനെ മനസ്സിലക്കാൻ സാധിക്കും? മുഹമ്മദ്(സ്വ) അല്ലാഹുവിന്റെ ദൂതനാണെന്ന് വിശുദ്ധ ക്വുർആൻ അറിയിക്കുന്നുണ്ട്. ആ മുഹമ്മദ് ഇന്ന വ്യക്തിയാണെന്ന് പഠിപ്പിക്കുന്നതും ഹദീസുകൾ തന്നെയാണ്.

വിസ്ഡം യൂത്ത് സംസ്ഥാന സമിതി 'ഹദീസ്: അജയ്യം അന്യൂനം' എന്ന പ്രമേയത്തിൽ ജനുവരി 30ന് സംഘടിപ്പിച്ച 'ഡയലോഗ്' ഈ വിഷയങ്ങളിൽ കൃത്യമായ വെളിച്ചം വീശുന്നതാണ്. ■

തബ്ലീഗ് ജമാഅത്ത്: ഒരു പഠനം 5



# സൂഫികൾ നബിമാർക്കും മുകളിലോ?

സക്കീർ ഹുസൈൻ ഈരാറ്റുപേട്ട

സൂഫികളും ചില പണ്ഡിതന്മാരും മലക്കുകളുടെ ശക്തി കൈവരിച്ചവരാണെന്ന് വരുത്തിത്തീർക്കുന്ന വിധത്തിലുള്ള തഅ്ലീം കിതാബിലെ ചില ഉദ്ധരണികൾ ശ്രദ്ധിക്കുക:

"ഒരു സയ്യിദ് സാഹിബിനെ കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ഒരു വുളുകൊണ്ട് പന്ത്രണ്ടു ദിവസം വരെ തുടരെ അദ്ദേഹം നമസ്കരിച്ചു. പതിനഞ്ചു വർഷം തുടരെ അദ്ദേഹം കിടന്നിട്ടേയില്ല. അനേകം ദിവസം യാതൊരു വസ്തുവും ഭക്ഷിക്കാതെ കഴിഞ്ഞിരുന്നു.

ആത്മീയ ത്യാഗികളായിരുന്ന മഹാന്മാരിൽ ഇപ്രകാരമുള്ള സംഭവങ്ങൾ അനേകമുണ്ട്. ആഖിറത്തിനെക്കുറിച്ചുള്ള അവരുടെ സ്നേഹം കണ്ടാൽ അല്ലാഹു ഇതിനായി തന്നെ അവരെ സൃഷ്ടിച്ചതാണെന്ന് മനസ്സിലാകും. ആയതിനാൽ അവരെപ്പോലെ ആയിത്തീരുക എന്നുള്ളത് പ്രയാസമേറിയ ഒരു കാര്യമാണ്. എന്നാൽ ദീനിയായ കാര്യങ്ങളിലും ദുൻയവിയായ ജോലികളിലും ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ചില മഹാന്മാരെപ്പോലെ ആകുക എന്നുള്ളത് തന്നെ നമുക്കിന്ന് പ്രയാസമായിരിക്കുകയാണ്" (നമസ്ക്കാരത്തിന്റെ മഹത്ത്വങ്ങൾ, പേജ് 104).

ഹല്റത് സുഫ്യാനസ്സൗരി (റഹ്:അ) അവർകൾക്ക് ഒരിക്കൽ ഒരു ഹാലു മാറ്റം (സ്വബോധമില്ലാത്ത അവസ്ഥ) തോന്നുകയും, ഭക്ഷണപാനീയങ്ങളോ ഉറക്കമോ ഇല്ലാതെ ഏഴു ദിവസം അദ്ദേഹം വീട്ടിൽ തന്നെ കഴിയുകയും ചെയ്തു. അദ്ദേഹത്തിന്റെ ശൈഖ് ഇത് അറിഞ്ഞപ്പോൾ നമസ്ക്കാരസമയങ്ങളെ ശരിക്കും ശ്രദ്ധിച്ച് നമസ്ക്കാരം നിർവ്വഹിക്കുന്നുണ്ടോ എന്നു ചോദിച്ചു. അടുത്തുണ്ടായിരുന്നവർ നമസ്ക്കാരം കൃത്യസമയത്തു തന്നെ നിർവ്വഹിക്കുണ്ട് എന്നറിയിച്ചു. അപ്പോൾ 'ശൈത്വാന് അദ്ദേഹത്തിന്റെ മേൽ അധികാരം നടത്തുവാനുള്ള വഴി കൊടുക്കാതിരുന്ന അല്ലാഹുവിനാണ് സർവ്വ സ്തുതിയും' എന്നു പറഞ്ഞുകൊണ്ട് അല്ലാഹുവിനെ വാഴ്ത്തി. (ബഹ്ജത്തുന്നുഫൂസ്)" (നമസ്ക്കാരത്തിന്റെ മഹത്ത്വങ്ങൾ, പേജ് 104-105).

"സഈദിബ്നുൽ മുസയ്യബ് (റഹ്:അ) അമ്പത് വർഷക്കാലം ഇശാ നമസ്ക്കരിച്ച അതേ വുളുകൊണ്ട് തന്നെ സുബ്ഹിയും നമസ്ക്കരിച്ചിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. 'സിലതിബ്നു അഷ്യം' (റഹ്: അ) രാത്രി മുഴുവനും നമസ്ക്കരിച്ചുകൊണ്ടിരിക്കുകയും സുബ്ഹിയാകുമ്പോൾ 'അല്ലാഹുവേ! ഞാൻ സ്വർഗം ചോദിക്കാൻ അർഹനല്ല. അതുകൊണ്ട് നരകത്തിൽനിന്നും നീ എന്നെ രക്ഷിക്കേണമേ എന്നുമാത്രം ഞാൻ ചോദിക്കുന്നു' എന്ന് ദുആ ചെയ്യുകയും ചെയ്യുമായിരുന്നു" (റംസാനിന്റെ മഹത്ത്വങ്ങൾ, പേജ് 68).

സഈദ്ബ്നുൽ മുസയ്യബ് (റഹ്:അ) അവർകളെ പറ്റി അദ്ദേഹം അൻപതു വർഷ കാലം തുടരെ ഇഷായും സുബ്ഹിയും ഒരേ വുളുകൊണ്ട് നമസ്ക്കരിച്ചിരുന്നുതായി എഴുതിയിരിക്കുന്നു. അബുൽ മുഅ്തമിർ (റഹ്:അ) നാൽപത് വർഷം തുടരെ ഇപ്രകാരം

നമസ്ക്കരിച്ചിരുന്നതായി എഴുതിയിരിക്കുന്നു...'' (നമസ്ക്കാരത്തിന്റെ മഹത്ത്വങ്ങൾ, പേജ് 108).

''അബൂ ഇതാബ് സലമീ (റഹ്:അ) നാൽപത് വർഷക്കാലം രാത്രി മുഴുവനം കരയുകയും പകൽ മുഴുവൻ നോമ്പു പിടിക്കുകയും ചെയ്തിരുന്നു. ഇതു കൂടാതെ ആയിരക്കണക്കിനം ലക്ഷക്കണക്കിനം സംഭവങ്ങൾ അല്ലാഹുവിന്റെ പ്രത്യേക തൗഫീഖ് കിട്ടിയ മഹാന്മാരെ സംബന്ധിച്ച് ചരിത്ര ഗ്രന്ഥങ്ങളിൽ പറയപ്പെട്ടിരിക്കുന്നു. അതു മുഴുവനം എടുത്ത് പറയുക പ്രയാസമാണ്...'' (നമസ്ക്കാരത്തിന്റെ മഹത്ത്വങ്ങൾ, പേജ് 109).

''സൂഫിവര്യന്മാരിൽ സുപ്രസിദ്ധനായ ശൈഖ് അബ്ദുൽ വാഹിദ് (റഹ്:അ) പറയുന്നു: ഒരു ദിവസം ശക്തിയായ ഉറക്കം വരിക മൂലം പതിവായി ചെയ്യാറുള്ള ഔറാദുകളും വളീഫകളും എനിക്ക് വിട്ടുപോയി. അന്ന് രാത്രി സ്വപ്നത്തിൽ പച്ചപ്പട്ടു വസ്ത്രങ്ങൾ ധരിച്ച സൗന്ദര്യവതിയായ ഒരു പെൺകുട്ടിയെ ഞാൻ കണ്ടു. അവളുടെ ചെരിപ്പുകളും കൂടി തസ്ബീഹ് ചെയ്തുകൊണ്ടിരുന്നു. അവൾ പറഞ്ഞു: നീ എന്നെ കരസ്ഥമാക്കുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുക! ഞാൻ നിന്നെ തേടിക്കൊണ്ടിരിക്കുകയാണ്. അനന്തരം കർണാനന്ദകരമായ ചില പ്രേമഗാനങ്ങൾ അവൾ പാടി. ഉടനെ ഉറക്കത്തിൽ നിന്നും എഴുന്നേറ്റ് ഇനി ഒരിക്കലും രാത്രി ഞാൻ ഉറങ്ങുകയില്ല എന്നു സത്യം ചെയ്തു. ഈ സംഭവത്തിന് ശേഷം നാൽപത് വർഷക്കാലം ഇഷാ നമസ്ക്കരിച്ച വുളുകൊണ്ട് അദ്ദേഹം സുബ്ഹിയും നമസ്ക്കരിച്ചതായി പറയപ്പെടുന്നു (നുസ്ഹത്ത്)'' (നമസ്ക്കാരത്തിന്റെ മഹത്ത്വങ്ങൾ, പേജ് 98).

"അബൂബക്കർ ലരീർ (റഹ്:അ) പറയുന്നു: എന്റെ അടുക്കൽ ഒരു യുവാവായ അടിമയുണ്ടായിരുന്നു. അദ്ദേഹം പകൽ മുഴുവനം നോമ്പ് നോക്കുകയും രാത്രി മുഴുവനം നിന്നു നമസ്ക്കരിക്കുകയും പതിവായിരുന്നു. ഒരുദിവസം അദ്ദേഹം എന്റെ അടുക്കൽ വന്ന് ഇപ്രകാരം പറഞ്ഞു: യാദൃശ്ചികമായി കഴിഞ്ഞ രാത്രി ഞാൻ ഉറങ്ങിപ്പോയി. അപ്പോൾ സ്വപ്നത്തിൽ ഇപ്രകാരം കണ്ടു: മിഹ്റാബിന്റെ ഭിത്തി, പൊട്ടിക്കീറി അതിൽനിന്നും അഴകേറിയ ചില പെൺകുട്ടികൾ പുറത്തു വന്നു. എന്നാൽ അവരുടെ കൂട്ടത്തിൽ വളരെ വിരൂപിയായ ഒരു പെൺകുട്ടിയും ഉണ്ടായിരുന്നു. ഈ വിരൂപി ആരാണ് എന്നു ഞാൻ ചോദിച്ചപ്പോൾ 'ഞങ്ങൾ നിന്റെ മുൻകഴിഞ്ഞ രാത്രികളും ഈ വിരൂപി നിന്റെ ഇക്കഴിഞ്ഞ രാത്രിയുമാണ്' എന്ന് അവർ മറുപടി പറഞ്ഞു'' (നുസ്ഹത്ത്).

''ഒരു മഹാൻ പറയുന്നു: ഒരു രാത്രി കഠിനമായ ഉറക്കം കാരണമായി എനിക്ക് ഉണരാൻ കഴിഞ്ഞില്ല. അന്ന് രാത്രി സ്വപ്നത്തിൽ ഏറ്റവും അഴകുള്ള ഒരു പെൺകുട്ടി എന്റെ അടുക്കൽ വന്നു. അതിനു മുമ്പൊരിക്കലും എനിക്ക് ആസ്വദിക്കാൻ കഴിഞ്ഞിട്ടില്ലാത്ത സുഗന്ധം അവളിൽ നിന്നും വീശിക്കൊണ്ടിരുന്നു. അവൾ എന്റെ കയ്യിൽ ഒരു കഷ്ണം കടലാസ്സ് തന്നു. അതിൽ മൂന്ന് വരി ഗാനം എഴുതിയിരുന്നു. അതിന്റെ സാരം ഇപ്രകാരമാണ്: 'നീ നിദ്രയിലുള്ള രസത്താൽ കാലാകാലം താമസിക്കേണ്ട സ്വർഗമാളികയെ നീ മറന്നു കളഞ്ഞിരിക്കുന്നു. അവിടെ നിനക്ക് ഒരിക്കലും മരണമുണ്ടാകുന്നതല്ല. ഉറക്കത്തിൽ നിന്നും ഉണരുക. തഹജ്ജുദ് നമസ്ക്കാരത്തിൽ ഖുർആൻ ഓതിക്കൊണ്ടിരിക്കുന്നത് ഉറക്കത്തേക്കാൾ ഏറ്റവും ശ്രേഷ്ഠമായതാണ്. ഈ സംഭവത്തിനുശേഷം ഉറക്കം കഠിനമാകുമ്പോഴെല്ലാം ഈ ഗാനം ഞാൻ ഓർമ്മിക്കുകയും നിദ്രക്ക് നിശേഷം മാറുകയും ചെയ്യുമായിരുന്നു'' (നമസ്ക്കാരത്തിന്റെ മഹത്ത്വങ്ങൾ, പേജ് 99).

**നല്ല ഭക്തരാണെങ്കിൽ ഇശാഇന് എടുത്ത വുദൂഅ് കൊണ്ട് 40 വർഷക്കാലം നാം സ്വുബ്ഹി നമസ്കരിക്കാൻ തയ്യാറാവണം. ഭരണപരമായ ഉത്തരവാദിത്തം ഏറ്റെടുത്താൽ ഭാര്യയുമായുള്ള ബന്ധം ഉപേക്ഷിക്കണം. ജീവിതത്തിൽ 40 വർഷക്കാലം തുടരെ നോമ്പനുഷ്ഠിക്കണം...! ഒരു മുസ്‌ലിമിന്റെ ജീവിത മാതൃക മുഹമ്മദ് നബി(സ)യിലാണ്. അവിടുന്ന് വുദൂഅ് മുറിഞ്ഞിട്ടില്ലെങ്കിലും എല്ലാ നമസ്കാരത്തിനും പ്രത്യേകം വുദൂഅ് ചെയ്യാറുണ്ടായിരുന്നുവെന്ന് ഹദീസിൽ കാണാം (ബുഖാരി 214). അതേസമയം ഒരു വുദൂഅ് കൊണ്ടുതന്നെ പല നമസ്കാരങ്ങൾ നിർവഹിച്ചു കാണിച്ചിട്ടുമുണ്ട് (അബൂദാവൂദ് 129).**

മാതൃകക്ക് വേണ്ടി ഏതാനം ഉദ്ധരണികൾ നൽകിയതാണ് നിങ്ങൾ വായിച്ചത്. ഇവ നൽകുന്ന സന്ദേശമെന്താണ്?

നല്ല ഭക്തരാണെങ്കിൽ ഇശാഇന് എടുത്ത വുദൂഅ് കൊണ്ട് 40 വർഷക്കാലം നാം സ്വുബ്ഹി നമസ്കരിക്കാൻ തയ്യാറാവണം. ഭരണപരമായ ഉത്തരവാദിത്തം ഏറ്റെടുത്താൽ ഭാര്യയുമായുള്ള ബന്ധം ഉപേക്ഷിക്കണം. ജീവിതത്തിൽ 40 വർഷക്കാലം തുടരെ നോമ്പനുഷ്ഠിക്കണം...!

ഒരു മുസ്‌ലിമിന്റെ ജീവിത മാതൃക മുഹമ്മദ് നബി(സ)യിലാണ്. അവിടുന്ന് വുദൂഅ് മുറിഞ്ഞിട്ടില്ലെങ്കിലും എല്ലാ നമസ്കാരത്തിനം പ്രത്യേകം വുദൂഅ് ചെയ്യാറുണ്ടായിരുന്നുവെന്ന് ഹദീസിൽ കാണാം (ബുഖാരി 214). അതേസമയം ഒരു വുദൂഅ് കൊണ്ടുതന്നെ പല നമസ്കാരങ്ങൾ നിർവഹിച്ചു കാണിച്ചിട്ടുമുണ്ട് (അബൂദാവൂദ് 129).

നബി(സ്വ) പറയുന്നു: ''എന്റെ

സമുദായത്തെ ഞാൻ വിഷമിപ്പിക്കലാകുമായിരുന്നില്ലെങ്കിൽ ഓരോ നമസ്കാരത്തിനും വുദൂഅ് ചെയ്യുവാനും ഓരോ വുദൂഇനും ദന്തശുദ്ധി വരുത്താനും ഞാനവരോട് കൽപിക്കുമായിരുന്നു'' (അഹ്മദ് 7516).

വുദൂഅ് മുറിഞ്ഞിട്ടില്ലെങ്കിലും പ്രത്യേകം വുദൂഅ് ചെയ്യുന്നതാണ് നബി(സ്വ)യുടെ സുന്നത്തിനെ സ്നേഹിക്കുന്നവർ ചെയ്യേണ്ടതെന്ന് ഈ ഹദീസിൽ നിന്ന് മനസ്സിലാക്കാൻ കഴിയും. ഇശാഅ് നമസ്കരിച്ച അതേ വുദൂഅ് കൊണ്ട് സ്ഥിരമായി സ്വുബ്ഹി നമസ്കരിച്ച പതിവ് സ്വഹാബികൾക്ക് ഉണ്ടായിരുന്നെങ്കിൽ അതാണ് മൗലാനമാർ ഉദ്ധരിക്കേണ്ടത്.

സൂഫികൾക്ക് മലകിയ്യായ ശക്തിയുണ്ടെന്ന് വരുത്തിത്തീർക്കാനാണ് യഥാർഥത്തിൽ ഈ ശ്രമങ്ങളൊക്കെ. നബി(സ്വ) പഠിപ്പിച്ച ദീനിൽ ഇത്തരത്തിലുള്ള സന്യാസത്തിന് യാതൊരു പ്രോത്സാഹനവും ഇല്ല. ക്രിസ്ത്യാനികളെ കുറിച്ച് ക്വുർആൻ പറയുന്നത് നോക്കൂ: ''...സന്യാസജീവിതത്തെ അവർ സ്വയം പുതുതായി നിർമിച്ചു. അല്ലാഹുവിന്റെ പ്രീതി തേടേണ്ടതിന് (വേണ്ടി അവരതു ചെയ്തു) എന്നല്ലാതെ, നാം അവർക്കത് നിയമമാക്കിയിട്ടുണ്ടായിരുന്നില്ല.....'' (ഹദീദ് 27).

സന്യാസ ജീവിതം അല്ലാഹു നിയമമാക്കിയതല്ലെന്നും ദൈവപ്രീതി നേടാനെന്ന വ്യാജേന ക്രിസ്തീയ പൗരോഹിത്യം പിൽക്കാലത്ത് പടച്ചുണ്ടാക്കിയതാണ് അതെന്നും ഈ ആയത്ത് പഠിപ്പിക്കുന്നു. ഇങ്ങനെ സന്യാസത്തെ മഹത്ത്വവത്കരിക്കുന്നത് ജൂത-ക്രിസ്തീയ പൗരോഹിത്യ നിർമിതികളെ പിൻപറ്റുകയാണ് സൂഫികൾ എന്ന ആരോപണത്തിന് അടിവരയിടുകയാണ്.

തബ്ലീഗ് ഗ്രന്ഥകാരന്റെ വീക്ഷണത്തിൽ രുചികരമായ ഭക്ഷണം ലഭിച്ചപ്പോൾ സന്തോഷത്തോടെ ആ ഭക്ഷണം കഴിച്ച മുഹമ്മദ് നബി(സ്വ) ആത്മീയ ശക്തി കുറഞ്ഞ ആളാണെന്നുവരുന്നു. ആടിന്റെ തുടയുടെ ഭാഗം ചോദിച്ച് വാങ്ങി നബി (സ്വ) കഴിച്ചിട്ടുണ്ട്. രുചികരമായ ഭക്ഷണം ലഭിച്ചാലും ഒഴിവാക്കലാണ് തബ്ലീഗുകാർ പഠിപ്പിക്കുന്ന സൂഫികളുടെ ചര്യ!

**ഭൂമുഖത്ത് അല്ലാഹുവിന്റെ മതത്തിന്റെ സന്ദേശം പ്രചരിപ്പിക്കുവാനായി നിയോഗിക്കപ്പെട്ട മാതൃകാ പുരുഷന്മാരാണ് പ്രവാചകന്മാർ. അവരാരും ഭൗതിക ജീവിതത്തിൽനിന്നും ഒളിച്ചോടിയവരായിരുന്നില്ല. മറ്റു മനുഷ്യരെപ്പോലെ മജ്ജയും മാംസവുമുള്ള, വികാരവിചാരങ്ങളുള്ള, തിന്നുകയും കുടിക്കുകയും ചെയ്യുന്ന, ക്ഷീണവും തളർച്ചയുള്ള, യാതനകളും വേദനകളും അനുഭവിക്കുന്ന പച്ചയായ മനുഷ്യർ. അവരിൽ ഉപജീവനത്തിനുവേണ്ടി കച്ചവടം ചെയ്തിരുന്നവരും ചെരുപ്പ് തുന്നിയിരുന്നവരും ആട് മേച്ചിരുന്നവരും മരപ്പണി ചെയ്തിരുന്നവരുമുണ്ടായിരുന്നു.**

ഭക്ഷണം കിട്ടാതെ കഷ്ടപ്പെട്ടപ്പോൾ ആരെങ്കിലും വല്ല ഭക്ഷണവും തരും എന്ന് പ്രതീക്ഷിച്ച് പള്ളിയിൽ നിന്നും പുറത്ത് പോയ സ്വഹാബിമാരുണ്ട്. അവരിൽ പ്രമുഖരായ പലരുമുണ്ട്. അവരെല്ലാം ആത്മീയ ശക്തിയില്ലാത്തവരും ഭക്ഷണപ്രിയരുമായിരുന്നോ?

സുഫ്യാനുസ്സൗരി(റഹി) ഭക്ഷണപാനീയങ്ങളോ ഉറക്കമോ ഇല്ലാതെ 7 ദിവസം കഴിച്ചുകൂട്ടിയെന്ന് പറയുന്നു. സ്വബോധമില്ലാത്ത അവസരത്തിലും അദ്ദേഹം കൃത്യസമയത്ത് നമസ്കരിച്ചിരുന്നുവത്രെ!

എന്നാൽ 'ശരിയായ ബോധമില്ലാതെ നമസ്കരിക്കിന്നതിനെ'ക്കുറിച്ച് അതേപുസ്തകത്തിൽ ഗ്രന്ഥകർത്താവ് നടത്തിയ പരാമർശം ശ്രദ്ധിക്കുക: ''നമസ്കാരം യഥാർഥത്തിൽ അല്ലാഹുവുമായുള്ള മുനാജാത്താണ്. ഹൃദയസാന്നിധ്യമില്ലാതെ അത് സാധ്യമേയല്ല.''

ഇസ്ലാം പ്രകൃതിമതമാണ്. അല്ലാഹു മനുഷ്യനെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചുവോ ആ പ്രകൃതിയോട് തികച്ചും പൊരുത്തപ്പെടുന്ന മതം. മനുഷ്യ പ്രകൃതിയോട് യോജിക്കാത്ത വിധിവിലക്കുകളോ വിശ്വാസാചാരങ്ങളോ ഇസ്ലാം പഠിപ്പിക്കുന്നില്ല.

ഭൂമുഖത്ത് അല്ലാഹുവിന്റെ മതത്തിന്റെ സന്ദേശം പ്രചരിപ്പിക്കുവാനായി നിയോഗിക്കപ്പെട്ട മാതൃകാ പുരുഷന്മാരാണ് പ്രവാചകന്മാർ. അവരാരും ഭൗതിക ജീവിതത്തിൽനിന്നും ഒളിച്ചോടിയവരായിരുന്നില്ല. മറ്റു മനുഷ്യരെപ്പോലെ മജ്ജയും മാംസവുമുള്ള, വികാരവിചാരങ്ങളുള്ള, തിന്നുകയും കുടിക്കുകയും ചെയ്യുന്ന, ക്ഷീണവും തളർച്ചയുള്ള, യാതനകളും വേദനകളും അനുഭവിക്കുന്ന പച്ചയായ മനുഷ്യർ. അവരിൽ ഉപജീവനത്തിനുവേണ്ടി കച്ചവടം ചെയ്തിരുന്നവരും ചെരുപ്പ് തുന്നിയിരുന്നവരും ആട് മേച്ചിരുന്നവരും മരപ്പണി ചെയ്തിരുന്നവരുമുണ്ടായിരുന്നു.

മുഹമ്മദ് നബി(സ്വ) ഇവർ പരിചയപ്പെടുത്തുന്ന സൂഫികളെപോലെ ആഹാരം കഴിക്കാതെ, രാത്രി മുഴുവൻ ഉറങ്ങാതെ, ഒരിക്കലും നോമ്പ് ഒഴിവാക്കാതെ, ഭൗതിക കാര്യങ്ങളിൽ ഇടപെടാതെ ജീവിച്ച വ്യക്തിയായിരുന്നില്ല.

അല്ലാഹു നബിമാരെക്കുറിച്ച് പറയുന്നു: ''അവരെയാണ് അല്ലാഹു നേർവഴിയിലാക്കിയിട്ടുള്ളത്. അതിനാൽ അവരുടെ നേർമാർഗത്തെ നീ പിന്തുടർന്ന് കൊള്ളുക. (നബിയേ, പറയുക: ഇതിന്റെ പേരിൽ യാതൊരു പ്രതിഫലവും ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നില്ല. ഇത് ലോകർക്ക് വേണ്ടിയുള്ള ഒരു ഉൽബോധനമല്ലാതെ മറ്റൊന്നുമല്ല'' (അൻആം 90).

മുഹമ്മദ് നബി(സ്വ)യെകുറിച്ച് പറയുന്നു: ''തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും, അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തു വരുന്നവർക്ക്'' (അഹ്സാബ് 21).

മനുഷ്യ ജീവിതത്തിൽ വളരെ നിസ്സാരമെന്ന് തോന്നുന്ന കാര്യങ്ങളിൽ പോലും നബി(സ്വ) നമുക്ക് മാതൃക കാണിച്ചുതന്നിട്ടുണ്ട്. മലമൂത്ര വിസർജനത്തിന്റെ കാര്യത്തിൽ പോലും വ്യക്തമായ നിർദേശം അവിടുന്ന് നൽകിയിട്ടുണ്ട്. ഇസ്‌ലാമിൽ സന്യാസമില്ല. മനുഷ്യർക്ക് അനുഷ്ഠിക്കാനും ആചരിക്കാനും സാധിക്കുന്ന കാര്യങ്ങൾ മാത്രമെ ഇസ്‌ലാമിലുള്ളൂ. എന്നാൽ മനുഷ്യപ്രകൃതിക്ക് വിരുദ്ധമാണ് സന്യാസം. വിവാഹം കഴിക്കാതെ, നല്ല ആഹാരം കഴിക്കാതെ, വികാരങ്ങളെ അടിച്ചമർത്തി, കഴിയുന്നത്ര ഉറക്കമൊഴിച്ചു പ്രാർഥനയിൽ മുഴുകി, എല്ലാ ഭൗതിക ചിന്തകളും ഒഴിവാക്കി, മറ്റുള്ളവരുമായൊക്കെ അകന്ന് ജീവിക്കുക എന്നത് സ്വന്തത്തോടും കുടുംബത്തോടും ചെയ്യുന്ന അനീതിയാണ്.

നബി(സ്വ) പറഞ്ഞു: 'നിങ്ങൾ മതത്തിൽ അതിരു കവിയുന്നത് സൂക്ഷിക്കുക. നിങ്ങളുടെ മുമ്പുള്ളവർ നശിച്ചത് മതത്തിൽ അതിരുകവിഞ്ഞത് മൂലമാണ്'' (നസാഈ, ഇബ്നുമാജ).

അതിരു കവിയാനുള്ള പ്രവണത സ്വഹാബികളിൽ ചിലരിൽ കണ്ടപ്പോൾ നബി(സ്വ) അത് മുളയിലേ നുള്ളിക്കളയുകയാണുണ്ടായത്. ഒരു ഉദാഹരണം കാണുക:

അനസ്(റ) നിവേദനം: ''മൂന്നാളുകൾ നബി(സ്വ)യുടെ ആരാധനകളെ സംബന്ധിച്ച് അന്വേഷിച്ചറിയാനായി പ്രവാചകപത്നിമാരുടെ വീടുകളിൽ വന്നു. അങ്ങനെ അവർ അതിനെക്കുറിച്ച് മനസ്സിലാക്കിയപ്പോൾ അത് വളരെ കുറവാണെന്ന് അവർക്ക് തോന്നി. അവർ പറഞ്ഞു: 'ഞങ്ങളും നബിയും എവിടെ നിൽക്കുന്നു. അദ്ദേഹത്തിനാകട്ടെ കഴിഞ്ഞതും വരാനിരിക്കുന്നതുമായ മുഴുവൻ പാപങ്ങളും പൊറുക്കപ്പെട്ടിരിക്കുന്നു.' തുടർന്ന് അവരിലൊരാൾ പറഞ്ഞു: 'ഞാനിനി എന്നും രാത്രി മുഴുവനും നിന്ന് നമസ്കരിക്കും.' മറ്റൊരാൾ പറഞ്ഞു: 'ഞാൻ എന്നെന്നും നോമ്പനുഷ്ഠിക്കും. അത് ഉപേക്ഷിക്കുകയേ ഇല്ല.' മറ്റൊരാൾ പറഞ്ഞു: 'ഞാൻ വിവാഹം കഴിക്കാതെ സ്ത്രീകളുമായി വിട്ടുനിൽക്കും.'' ഈ വിവരമറിഞ്ഞപ്പോൾ നബി(സ്വ) അവരുടെ അടുത്തുചെന്ന് ചോദിച്ചു: 'ഇങ്ങനെയൊക്കെ പറഞ്ഞത് നിങ്ങളാണോ? എന്നാൽ നിങ്ങളിൽ അല്ലാഹുവെ ഏറ്റവുമധികം ഭയപ്പെടുന്നവനും സൂക്ഷിക്കുന്നവനും ഞാനാണ്. പക്ഷേ,ഞാൻ നോമ്പെടുക്കുകയും ഉപേക്ഷിക്കുകയും രാത്രി നമസ്കരിക്കുകയും ഉറങ്ങുകയും വിവാഹം കഴിക്കുകയും ചെയ്യുന്നു. ആരെങ്കിലും എന്റെ ചര്യയെ വെറുക്കുന്നുവെങ്കിൽ അവൻ എന്നിൽപെട്ടവനല്ല''(ബുഖാരി, മുസ്‌ലിം).

**മനുഷ്യ ജീവിതത്തിൽ വളരെ നിസ്സാരമെന്ന് തോന്നുന്ന കാര്യങ്ങളിൽ പോലും നബി(സ്വ) നമുക്ക് മാതൃക കാണിച്ചു തന്നിട്ടുണ്ട്. ഇസ്‌ലാമിൽ സന്യാസമില്ല. മനുഷ്യർക്ക് അനുഷ്ഠിക്കാനും ആചരിക്കാനും സാധിക്കുന്ന കാര്യങ്ങൾ മാത്രമെ ഇസ്‌ലാമിലുള്ളൂ. വിവാഹം കഴിക്കാതെ, നല്ല ആഹാരം കഴിക്കാതെ, വികാരങ്ങളെ അടിച്ചമർത്തി, കഴിയുന്നത്ര ഉറക്കമൊഴിച്ചു പ്രാർഥനയിൽ മുഴുകി, എല്ലാ ഭൗതിക ചിന്തകളും ഒഴിവാക്കി, മറ്റുള്ളവരുമായൊക്കെ അകന്ന് ജീവിക്കുക എന്നത് സ്വന്തത്തോടും കുടുംബത്തോടും ചെയ്യുന്ന അനീതിയാണ്.**

വളരെ പ്രബലമായ ഈ ഹദീസിൽനിന്ന് നാല് കാര്യങ്ങൾ മനസ്സിലാക്കാം:

ഒന്ന്, നബിയാണ് ഈ സമുദായത്തിലെ ഏറ്റവും ഉന്നതനായ വ്യക്തി; കൂടുതൽ അല്ലാഹുവിനെ ഭയക്കുന്ന മുത്തക്വിയും. ഒരുകാലത്തും അദ്ദേഹത്തെക്കാൾ ഉന്നതനായ ഒരാളും ഈ സമുദായത്തിൽ ഉണ്ടാവുകയില്ല; എത്ര വലിയ പണ്ഡിതനാണെങ്കിലും.

രണ്ട്, നമസ്കാരം, നോമ്പ് തുടങ്ങിയ ആരാധനകൾ നല്ലതല്ലേ എന്ന നിലയ്ക്ക് ഓരോരുത്തർക്കും ഇഷ്ടംപോലെ വർധിപ്പിക്കാൻ സാധ്യമല്ല. ഇസ്‌ലാം അതിന് അനുവാദം നൽകുന്നില്ല. എല്ലാം വ്യക്തമായി നബി(സ്വ) കാണിച്ചുതന്നിട്ടുണ്ട് അതിനപ്പുറം പോകുന്നവർ ഇസ്‌ലാമിൽ നിന്നുതന്നെ പുറത്തുപോകും.

മൂന്ന്, വൈവാഹിക ജീവിതവും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും തക്വ്‌വക്കും ദൈവഭയത്തിനും തടസ്സമല്ല. സമുദായത്തിലെ ഉത്തമനായ വ്യക്തിയായ നബിക്ക് ഒന്നിൽ കൂടുതൽ ഭാര്യമാരുണ്ടായിരുന്നു.

നാല്, എല്ലാ ദിവസവും രാത്രി മുഴുവൻ നിന്ന് നമസ്കരിക്കുന്നവരും എല്ലാ ദിവസവും പകൽ നോമ്പെടുക്കുന്നവരും മുസ്‌ലിംകളിൽ പെട്ടവരല്ല.

ആരാധനകളിൽ അതിരുകവിയുന്നവർ തങ്ങളുടെ ശരീരത്തോടും കുടുംബത്തോടും സമൂഹത്തോടുമുള്ള പല ബാധ്യതകളും വിസ്മരിക്കുന്നുണ്ട് എന്നതാണ് യാഥാർഥ്യം. പ്രവാചകൻ പഠിപ്പിക്കുന്ന ഇസ്‌ലാമിക ജീവിതത്തിൽനിന്ന് വ്യത്യസ്തമായി പുതിയ മാർഗം സ്വീകരിക്കുന്നവർ എങ്ങനെയാണ് പ്രവാചകനെ പിൻപറ്റുന്നവരായി മാറുക?

തബ്‌ലീഗുകാരുടെ തഅ്‌ലീം കിതാബുകൾ ഇതൊക്കെ സമൂഹത്തിൽ പ്രചരിപ്പിക്കുന്നത് ഗുണമോ ദോഷമോ?



'പുരുഷൻ നഗ്നത പ്രദർശിപ്പിച്ചാൽ സ്ത്രീ അത് അവൾക്കുനേരെയുള്ള അക്രമമായി കണക്കാക്കും. സ്ത്രീ നഗ്നത പ്രദർശിപ്പിച്ചാൽ പുരുഷൻ അത് അവളുടെ ലൈംഗിക ബന്ധത്തിനുള്ള ക്ഷണമായി സ്വീകരിക്കും.' ജെന്റർ ന്യൂട്രൽ സ്കൂൾ യൂണിഫോം എന്ന പുരുഷ തിട്ടൂരം പെൺകുട്ടികൾ ആവേശ പൂർവം ഏറ്റെടുത്ത സാഹചര്യത്തിൽ ഒരു അന്വേഷണം.

# സ്ത്രീ: അവകാശ, സ്വാതന്ത്ര്യ നിഷേധങ്ങൾ

അലി ചെമ്മാട്
: 94951 83332

ലോകത്ത് 2020-21 കാലത്ത് കോറോണ മഹാമാരി കാരണം നിഖില മേഖലകളിലും സംഭവിച്ച തകർച്ച എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഭക്ഷ്യവസ്തുക്കൾവരെ വിൽക്കാനും വാങ്ങാനും പറ്റാത്ത അവസ്ഥ ഉണ്ടായിരുന്നു. പണം യഥേഷ്ടമുണ്ടായിട്ടും പട്ടിണികിടന്ന മനുഷ്യർ! യാത്രാ സൗകര്യമില്ലാതെ, വെള്ളവും ഭക്ഷണവുമില്ലാതെ പലരും വഴിയിൽ വീണു പിടഞ്ഞു മരിച്ചു. അന്ത്യകർമങ്ങൾ നടത്തൽപോയിട്ട് ശവം സംസ്കരിക്കാൻ പോലും ആളില്ലാത്ത അവസ്ഥ. കാക്കയും കഴുകനും നായ്ക്കളും മനുഷ്യ മൃതദേഹം തിന്നുന്ന, മനുഷ്യമേനി പുഴുവരിച്ചു ചീഞ്ഞുനാറിയ ദുരന്തം. ഗംഗയും യമുനയും മനുഷ്യശവങ്ങൾ നിറഞ്ഞൊഴുകിയ കാലം. എല്ലാം നിശ്ചലം. അന്ന് നിശ്ചലമായ പലതും പരിപൂർണമായി നിന്നുപോയി. പലരുടെയും ജോലിയും ഉപജീവനോപാധിയും നഷ്ടപ്പെട്ടു. ചിലതൊക്കെ കരകയറി. പലതും ചക്രശ്വാസം വലിക്കുന്നു. പലതും, പലരും മരിച്ചു.

എന്നാൽ ഈ ദുരന്തകാലത്തും തുല്യതയില്ലാതെ വളർന്ന ഒരു മേഖലയുണ്ട്. ലോകത്ത് 15.12 ശതമാനം വളർച്ച നേടിയ ഒരേയൊരു വ്യാപാര വ്യവസായ മേഖല! 2020ൽ മാത്രം 26,124,276,000,000.00 കോടി രൂപയുടെ വിറ്റുവരവുണ്ടായ വ്യാപാര വ്യവസായം![1]

അതെ, അതാണ് പെൺമേനി (നഗ്നതാ) മാർക്കറ്റ് (Porn Industry). അവിടെ വിൽക്കപ്പെടുന്നത് 90 ശതമാനവും പെൺമേനിയുടെ സ്വകാര്യത മാത്രം! പെണ്ണിന് കൂടുതൽ വരുമാനം കിട്ടുന്ന മേഖലയും അത് തന്നെ.[2] എന്താണ് കാരണം?

'ഒരു ശരാശരി പുരുഷൻ ഒരു ദിവസം 13 തവണ ലൈംഗിക ബന്ധത്തെ കുറിച്ച് ചിന്തിക്കുന്നതായി ഗവേഷകർ കണ്ടെത്തി. വർഷത്തിൽ 4,745 തവണ. ഏതാണ്ട് മൂന്നിലൊന്ന് പുരുഷന്മാർ രാവിലെ ഉണരുമ്പോൾ ആദ്യം ചിന്തിക്കുന്നത് അതാണെന്ന് സമ്മതിക്കുന്നു.' (3)

ഇതുതന്നെ കാരണം! പുരുഷൻ ലൈംഗികതയോട് കൂടുതൽ താൽപര്യവും തൃഷ്ണയും ഉള്ളവനാണ്. ലൈംഗികതയെ കുറിച്ച് കൂടുതൽ ചിന്തിച്ച് നടക്കുന്നവനാണ്. അത് പുരുഷപ്രകൃതിയുമാണ്. എന്നാൽ സ്ത്രീ അങ്ങനെയല്ല. അവൾക്ക് ലൈംഗികത ക്ഷണിക്കപ്പെട്ടാൽ മാത്രം ആവശ്യമുള്ള ഒന്നാണ്. സ്ത്രീക്ക് ലൈംഗികത ഭ്രാന്തതൃഷ്ണയല്ല. സ്നേഹവും പരിഗണയും പരിരക്ഷയും ലഭിക്കുമ്പോൾ മാത്രമാണ് അവൾക്ക് ലൈംഗിക താൽപര്യം ഉണ്ടാകുന്നത്. അതാണ് മനുഷ്യപ്രകൃതിയും സഹജസ്വഭാവവും. മനുഷ്യരെ മനുഷ്യപ്രകൃതിയിൽനിന്ന് പൈശാചികതയിലേക്ക് നയിക്കാനാണ് ഇവിടെ പലരും ശ്രമിക്കുന്നത്. സ്വതന്ത്ര ലൈംഗികതയെയും സ്വവർഗരതിയെയും പരസ്യമായി ന്യായീകരിക്കാൻ ഉളുപ്പും ലജ്ജയുമില്ലാത്ത ഒരു ജനതയായി മലയാളികൾ മാറുന്നത് അതിന്റെ സ്വാഭാവിക പരിണാമമല്ല. കൃത്യമായ തിരക്കഥ നടപ്പിലാക്കിയതുകൊണ്ടാണ്. അതിന്റെ ഭാഗം തന്നെയാണ് കുമാരികളോട് ബോയ്ഫ്രണ്ടിനെ ഓർത്തുറങ്ങാൻ നിർദേശിക്കുന്ന അധ്യാപകരെ ചുട്ടെടുക്കുന്നത്. അവർ വളർത്തുന്ന ഭാവിതലമുറയുടെ ഭാവി എന്താകും?

സ്കൂൾതലം തൊട്ട് ആണുടുപ്പുടുപ്പിച്ചും ഉടുത്തത് ഉരിയിച്ചും ബ്രെയിൻവാഷ് ചെയ്തും മാർക്കറ്റ് പാകത്തിൽ സ്ത്രീയെ 'വസ്തു'വാക്കുന്നതിനെ കുറിച്ചാണ് പറഞ്ഞുവരുന്നത്. അതിനുവേണ്ടി ലോകം കഠിനപ്രയത്നം നടത്തുന്ന ചരിത്രസന്ധിയിലാണല്ലോ നാം ജീവിക്കുന്നത്. നമുക്കൊരു പഠനം കൂടി കാണുക: 'നഗ്ന ചിത്രങ്ങൾ കണ്ട പുരുഷന്മാർ സ്ത്രീകളെ കാണുക കേവലം 'വസ്തു'വായാണ്. ബിക്കിനി ധാരിണികളായ സ്ത്രീകളുടെ ചിത്രം കാണിച്ച ശേഷം എടുത്ത ബ്രെയിൻ സ്കാൻ പരിശോധനയിലൂടെ ഗവേഷകർ കണ്ടെത്തിയതാണിത്.'(4)

ഇന്ന് അങ്ങാടികളിലും സ്കൂളുകളിലും കോളേജുകളിലും ബസ്സിലും ട്രെയിനിലും റോഡിലും വിമാനത്തിലും എന്നുവേണ്ട സകല സ്ഥലങ്ങളിലും സ്ത്രീകളുടെ 'തുറന്നസൗന്ദര്യം' പ്രദർശനവത്കരിച്ചുകൊണ്ടിരിക്കുകയാണ് പുരോ'ഗമന' മൊത്തക്കച്ചവടക്കാർ. (അതിന്റെ ദുരന്തഫലം നാം അനുഭവിക്കുന്നുമുണ്ട്). അവർക്കു വേണ്ടത് പെണ്ണിനെ പരമാവധി ചൂഷണം ചെയ്യലാണ്. മാർക്കറ്റിൽ അവളെ ഏതെല്ലാം നിലയ്ക്ക്, എങ്ങനെയെല്ലാം ഉപയോഗപ്പെടുത്താൻ പറ്റുമോ അവിടെയെല്ലാം, അങ്ങനെയെല്ലാം ഉപയോഗപ്പെടുത്തണം. ലാഭം കൊയ്യണം. ഇതുതന്നെ ലക്ഷ്യം.

ഒരിക്കൽ മംഗലാപുരം-തിരുവനന്തപുരം 16348 നമ്പർ ട്രെയിനിൽ കണ്ണൂരിൽനിന്ന് പരപ്പനങ്ങാടിയിലേക്ക് വരികയായിരുന്നു. വിൻഡോസീറ്റിൽ ആയിരുന്നു യാത്ര. കോഴിക്കോട്ടുനിന്ന് തൊട്ടുമുന്നിലെ സീറ്റിൽ ഒരു കന്യാസ്ത്രീ വന്നിരുന്നു. അവർ കൊല്ലത്തേക്കോ മറ്റോ ആണെന്ന് പറഞ്ഞു. ട്രെയിൻ ഫറോക്ക് വിട്ടശേഷം അവർ സ്ഥാനശിരോവസ്ത്രം അഴിച്ചുവച്ച് പകരം മുസ്‌ലിം സ്ത്രീകൾ ധരിക്കുന്ന മഫ്ത ധരിച്ചു. ഇപ്പോൾ അവരെ കണ്ടാൽ പർദാധാരിണിയായ ഒരു മുസ്‌ലിം സ്ത്രീ ആണെന്നേ തോന്നൂ. എന്തുകൊണ്ടായിരിക്കും അവർ ഇസ്‌ലാമിക വേഷത്തിലേക്ക് മാറിയത്? യാത്രയിലെ സുരക്ഷിതത്വമായിരിക്കാം അവരുടെ വേഷമാറ്റത്തിന് കാരണം.

പരിശുദ്ധ ക്വുർആൻ 33:59ന്റെ പരിഭാഷ ഇങ്ങനെ വായിക്കാം: ''നബിയേ, നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെമേൽ താഴ്ത്തിയിടാൻ പറയുക. അവർ തിരിച്ചറിയപ്പെടുവാനും അങ്ങനെ അവർ ശല്യംചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.''

**സ്കൂൾതലം തൊട്ട് ആണുടുപ്പുടുപ്പിച്ചും ഉടുത്തത് ഉരിയിച്ചും ബ്രെയിൻ വാഷ് ചെയ്തും മാർക്കറ്റ് പാകത്തിൽ സ്ത്രീയെ 'വസ്തു'വാക്കുന്നതിനെ കുറിച്ചാണ് പറഞ്ഞുവരുന്നത്. അതിനുവേണ്ടി ലോകം കഠിനപ്രയത്നം നടത്തുന്ന ചരിത്രസന്ധിയിലാണല്ലോ നാം ജീവിക്കുന്നത്. നമുക്കൊരു പഠനം കൂടി കാണുക: 'നഗ്ന ചിത്രങ്ങൾ കണ്ട പുരുഷന്മാർ സ്ത്രീകളെ കാണുക കേവലം 'വസ്തു'വായാണ്. ബിക്കിനി ധാരിണികളായ സ്ത്രീകളുടെ ചിത്രം കാണിച്ച ശേഷം എടുത്ത ബ്രെയിൻ സ്കാൻ പരിശോധനയിലൂടെ ഗവേഷകർ കണ്ടെത്തിയതാണിത്.'**

''സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തു സൂക്ഷിക്കുവാനും അവരുടെ ഭംഗിയിൽനിന്ന് പ്രത്യക്ഷമായതൊഴിച്ച് മറ്റൊന്നും വെളിപ്പെടുത്താതിരിക്കുവാനും നീ പറയുക. അവരുടെ മക്കനകൾ കുപ്പായമാറുകൾക്കു മീതെ അവർ താഴ്ത്തിയിട്ടു കൊള്ളട്ടെ...''(24:31)

ഇതിൽ രണ്ടിലും പ്രത്യേകം എടുത്തുപറഞ്ഞ കാര്യമാണ് സ്ത്രീകളുടെ തട്ടം മാറിലേക്ക് താഴ്ത്തി ഇടുക എന്നത്. അവളുടെ സ്തനത്തിന്റെ ഉയർച്ച കാഴ്ചയിൽനിന്ന് മറയ്ക്കുക എന്നതല്ലേ ഈ കൽപനയുടെ ലക്ഷ്യം? പലരുടെയും ധാരണ തലമുടി മറയ്ക്കുവാൻ മാത്രമാണ് കൽപനയെന്നാണ്. തല മുഴുവൻ തട്ടം ചുറ്റിക്കെട്ടി മാറും തോളും തുറന്നിടുന്ന ഭക്തകളായ സ്ത്രീകളെ നമുക്ക് കാണാം. ബോധ്യപ്പെടലിന്റെയും ബോധ്യപ്പെടുത്തലുകളുടെയും അഭാവം, പരിമിതി. അഞ്ചാം ക്ലാസ്സോ ഏഴാം ക്ലാസ്സോവരെയാണ് മതപഠനം. അതും വളരെ പരിമിതമായ സമയം. മദ്റസാ അറ്റാച്ച്ഡ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ആണെങ്കിൽ ഇതിലേറെ പരിതാപകരം. അവിടെ ഒരു പീരിയേഡ് മോറൽ സ്റ്റഡി എന്ന പേരിൽ വഴിപാട് ക്ലാസ്സാണ്. (വളരെ കുറച്ച് സ്ഥാപനങ്ങൾ മത, ഭൗതിക പഠനം സമന്വയിപ്പിച്ച്, കുട്ടികളുടെ പഠനവും കരിയറും ബുദ്ധി, വ്യക്തിവികാസവും സമന്വയിപ്പിച്ച് അവരെ ധർമനിഷ്ഠയോടെ വളർത്തുന്നുണ്ട് എന്നത് പ്രത്യേകം പരിഗണിക്കുന്നു). 10/12 വയസ്സിൽ നിന്നുപോകുന്ന മതപഠനം ഭൂരിപക്ഷത്തിനും പിന്നെ തീരെ ലഭ്യമല്ല. അതോടെ അവസാനിച്ചു ധാർമിക പഠനം. പിന്നെ അവർ മറ്റൊരു ലോകത്തേക്ക് എടുത്തെറിയപ്പെടുന്നു. സമുദായം പരിഹരിക്കേണ്ട അടിസ്ഥാന പ്രശ്നം!

ഭൂമിയിൽ 6000ത്തോളം സ്പീഷീസ് മാമ്മലുകൾ (മുലയൂട്ടുന്ന ജീവികൾ) നിലവിലുണ്ടെന്നാണ് നാല് വർഷം മുമ്പ് വന്ന പഠനം സൂചിപ്പിക്കുന്നത്. വംശനാശം സംഭവിച്ചവ വേറേയും.[7] ഇവയെല്ലാം ലൈംഗിക പ്രത്യുത്പാദനമാണ് നടത്തുന്നത്. മനുഷ്യൻ ഒഴികെ ഇവയിലൊരെണ്ണത്തിന് പോലും പൊങ്ങിനിൽക്കുന്ന മാറിടങ്ങളില്ല. അവയ്ക്കെല്ലാം സ്തനം 'പാലൂട്ടൽ' എന്ന ഒരൊറ്റ ധർമത്തിൽ പരിമിതമാണ്. എന്നാൽ മനുഷ്യന് സ്തനം പാലൂട്ടൽ ധർമം കൂടാതെ അവളുടെ സൗന്ദര്യപ്രകടന, ലൈംഗിക അവയവവും കൂടിയാണ്. അത് അവളുടെ സൗന്ദര്യവും ആകർഷണീയതയും വർധിപ്പിക്കുന്നു. അത് അന്യന്റെ മുന്നിൽ മറയ്ക്കുക എന്നാണ് അല്ലാഹു തആലായുടെ നിർദേശം. അതിന്റെ ഉദ്ദേശ്യം പുറത്തുള്ളവർക്ക് അവളോട് ലൈംഗിക ആകർഷണീയതയും താൽപര്യവും ഇല്ലാതാക്കുക എന്നതുതന്നെ. ആണിനെയും പെണ്ണിനെയും അവരുടെ മനസ്സുകളെയും ചിന്തകളെയും ലൈംഗികതയെയും ഇണചേരൽ

**മനുഷ്യൻ ഒഴികെ സ്പീഷ്യസ് മാമലുകളിൽ ഒരെണ്ണത്തിന് പോലും പൊങ്ങിനിൽക്കുന്ന മാറിടങ്ങളില്ല. അവയ്ക്കെല്ലാം സ്തനം 'പാലൂട്ടൽ' എന്ന ഒരൊറ്റ ധർമത്തിൽ പരിമിതമാണ്. എന്നാൽ മനുഷ്യന് സ്തനം പാലൂട്ടൽ ധർമം കൂടാതെ അവളുടെ സൗന്ദര്യപ്രകടന, ലൈംഗിക അവയവവും കൂടിയാണ്. അത് അവളുടെ സൗന്ദര്യവും ആകർഷണീയതയും വർധിപ്പിക്കുന്നു. അത് അന്യന്റെ മുന്നിൽ മറയ്ക്കുക എന്നാണ് അല്ലാഹു തആലായുടെ നിർദേശം. അതിന്റെ ഉദ്ദേശ്യം പുറത്തുള്ളവർക്ക് അവളോട് ലൈംഗിക ആകർഷണീയതയും താൽപര്യവും ഇല്ലാതാക്കുക എന്നതുതന്നെ. ആണിനെയും പെണ്ണിനെയും അവരുടെ മനസ്സുകളെയും ചിന്തകളെയും ലൈംഗികതയെയും ഇണചേരൽ രീതികളെയും സൃഷ്ടിച്ച അല്ലാഹുവിന്റെ കൽപനയാണത്.**

രീതികളെയും സൃഷ്ടിച്ച അല്ലാഹുവിന്റെ കൽപനയാണത്.

വിശുദ്ധ ക്വുർആൻ 24:60ന്റെ ആശയം കാണുക: ''വിവാഹ ജീവിതം പ്രതീക്ഷിക്കാത്ത (വയോധികരെ) സംബന്ധിച്ചിടത്തോളം സൗന്ദര്യം പ്രദർശിപ്പിക്കാത്തവരായിക്കൊണ്ട് തങ്ങളുടെ മേൽവസ്ത്രങ്ങൾ മാറ്റിവെക്കുന്നതിൽ അവർക്ക് കുറ്റമില്ല. അവർ മാന്യത കാത്തുസൂക്ഷിക്കുന്നതാണ് അവർക്ക് കൂടുതൽ നല്ലത്. അല്ലാഹു എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമാകുന്നു.''

കാര്യം വ്യക്തമാണ്. ശിരോവസ്ത്രം മാറിലേക്ക് താഴ്ത്തിയിടാൻ കൽപിച്ചത് അവളുടെ സൗന്ദര്യം പൊതുദർശന വസ്തുവാക്കി മാറ്റാതെ സ്വന്തം ഇണക്ക് മാത്രം പരിമിതപ്പെടുത്തുക എന്ന വ്യക്തമായ ലക്ഷ്യത്തോടെ തന്നെയാണ്.

ഇപ്പോൾ പെൺകുട്ടികൾ എക്സിബിഷനിസത്തെ അഭിമാനമായി കാണുകയാണ്. അതിലേക്കാണ് അവരെ തെളിക്കുന്നത്. വല്ലാതെ വൈകാതെ ബിക്കിനിയിലേക്കും കേരള സ്ത്രീകൾ മാറിയേക്കാം. ഇതിനുള്ള മുന്നൊരുക്ക ഭാഗം തന്നെയാണ് ജെന്റർ ന്യൂട്രൽ യൂണിഫോം. പെൺകുട്ടികളുടെ സ്വാതന്ത്ര്യ പ്രഖ്യാപനമായി അതിനെ വിശേഷിപ്പിച്ചവർ യൂണിഫോം സ്വാതന്ത്ര്യനിഷേധമാണെന്ന വസ്തുത സൗകര്യപൂർവം മറച്ചുവയ്ക്കുന്നു.

സ്റ്റീവൻ പിങ്കറിന്റെ പുസ്തകത്തിലെ ഒരു ഉദ്ധരണി കാണുക: ''പുരുഷന് ലൈംഗിക ഉത്തേജനമുണ്ടാകാൻ സ്ത്രീശരീരം കണ്ടാൽ തന്നെ ധാരാളം. സ്ത്രീശരീരം നേരിട്ട് കാണണമെന്നില്ല, സ്ത്രീശരീരം ഉൾകൊള്ളുന്ന സിനിമകൾ, ഫോട്ടോകൾ, ചിത്രങ്ങൾ, പോസ്റ്റ്കാർഡുകൾ, പാവകൾ, വീഡിയോകൾ തുടങ്ങി എന്ത് കണ്ടാലും അവൻ ലൈംഗികമായി ഉത്തേജിപ്പിക്കപ്പെടും. അവൻ ഇത്തരം സാധനങ്ങളിൽനിന്ന് പോലും ലൈംഗികത ആസ്വദിക്കുന്നു, ലോക നഗ്നതാ വ്യാപാര വ്യവസായ കമ്പോളം ഇക്കാര്യത്തിന് അടിവരയിടുന്നു. അമേരിക്കയിൽ മാത്രം പോണോഗ്രാഫി പത്ത് ബില്യൺ ഡോളറിന്റെ വിറ്റുവരവുള്ള വ്യവസായമാണ്.''(6) (പുസ്തകം പ്രസിദ്ധീകരിച്ച 1997ന് മുമ്പുള്ള കണക്ക്. 2021ലെ കണക്ക് ലഭിച്ചില്ല. ഇപ്പോൾ ഇത് എത്രയോ മടങ്ങ് വർധിച്ചിട്ടുണ്ടാകും).

പുരുഷവർഗത്തിന് ലൈംഗിക ഉത്തേജനത്തിന് പെൺവസ്ത്രത്തിൽ വൈക്കോൽ നിറച്ച് നാട്ടിയത് കണ്ടാലും മതി എന്ന് പറയാറുണ്ട്. അതുകൊണ്ടാണല്ലോ പല പുരുഷ ശിരോമണികളും ബസ്സിലും വിമാനത്തിലും മറ്റും മറ്റും പൗരുഷം തെളിയിച്ചതിന്റെ വാർത്തകൾ നമുക്ക് കേൾക്കേണ്ടിവരുന്നത്. നടേ പറഞ്ഞ പെൺമേനി വ്യവസായ വളർച്ചയുടെ കാരണവും ഇതുതന്നെ. പുരുഷന്മാർക്ക് കൊറോണ കാരണം ഒഴിവുസമയം കൂടിയപ്പോൾ അവർ നഗ്നത ആസ്വദിക്കാൻ പണം മുടക്കി. അത് തന്നെ!

അല്ലാഹു തആലായുടെ നിർദേശം പ്രസക്തമാകുന്നത് ഇവിടെയാണ്. 'വിശ്വാസിനികളേ, നിങ്ങളുടെ വസ്ത്രം നൽകുന്ന സുരക്ഷിതത്വത്തിലൂടെ നിങ്ങൾ അക്രമിക്കപ്പെടാതിരിക്കട്ടെ, നിങ്ങൾ മാന്യരാണെന്ന് നിങ്ങളുടെ വസ്ത്രം വിളംബരം ചെയ്യട്ടെ.'

ഇവിടെയാണ് നവലിബറൽ, നാസ്തിക, ഫെമിനികാപട്യം തിരിച്ചറിയേണ്ടത്. പേ ഇളകിയ പട്ടിയെ കൊല്ലുകയല്ലാതെ അത് കടിക്കും എന്ന് കരുതി മനുഷ്യരെ, വളർത്തുജീവികളെ ആരെങ്കിലും കൊല്ലുമോ? അതുകൊണ്ട് പുരുഷന്മാർ സ്ത്രീകളുടെ സൗന്ദര്യപ്രകടനം നോക്കാതിരിക്കട്ടെ, നോക്കിയാൽ അവനെതിരേ നടപടിയെടുക്കണം. പെണ്ണ് അരവസ്ത്രയായി നടക്കും. അത് അവളുടെ അവകാശം! 'എന്റെ ശരീരം എന്റെ അവകാശം':- ഇതാണ് പ്രഖ്യാപിത ന്യായീകരണ 'മദം!' ഡ്രസ്സ്കോഡിനെ കുറിച്ച് സംസാരിക്കുന്നിടങ്ങളിലെല്ലാം ഇത്തരം 'തൗദാരം' ധാരാളം! പക്ഷേ, ശരീരം മറയ്ക്കുന്ന പെണ്ണിന് അതിനവകാശം നൽകാൻ ഇവർക്കാകില്ല. അവിടെ അവളുടെ ശരീരം അവളുടെതെല്ലാതാക്കി തന്റെതാക്കുന്നു. ആ സ്ത്രീകൾക്ക് 'എന്റെ ശരീരം എന്റെ അവകാശം' എന്ന അവകാശ പ്രഖ്യാപനാവകാശം അനുവദിക്കാൻ സ്വാതന്ത്ര്യപ്രഖ്യാപന വ്യാപാരികൾ അനുവദിക്കില്ല! സ്വന്തം ശരീരം മറച്ച സ്ത്രീകൾക്കെതിരെ ഇവരിലെ പുരോഗമനം ഉടൻ പുറത്തുചാടും. കുറച്ചു കാലമായി സോഷ്യൽമീഡിയയിൽ കറങ്ങിനടക്കുന്ന ഒരു കവിതാശകലം ഇത് തെളിയിക്കുന്നുണ്ട്. ഏതോ കോളേജ് മാഗസനിൽ 'പുരോഗമന പുരുഷൻ' എഴുതിയ ധാർമികരോഷം! ആ രോഷലക്ഷ്യം വ്യക്തം, അവനും വേണം പെണ്ണ് ഉടുക്കാതെ നടക്കുന്ന കാഴ്ച! അവന് അത് ആസ്വദിക്കണം, മാർക്കറ്റിൽ പെണ്ണിനെ ഇറക്കണം.

സ്ത്രീ വിവസ്ത്രയായി നടക്കുന്നത് തെറ്റല്ല, അവളെ നോക്കുന്നത് തെറ്റ്! അതുപോലെ 'ചോക്ലേറ്റ് പൊതിഞ്ഞുവച്ചില്ലെങ്കിൽ ഉറുമ്പരിക്കും,' 'വിളയിറക്കിയാൽ വേലി കെട്ടണം' തുടങ്ങിയ മറു ന്യായങ്ങളും പരിഗണിക്കുക. എല്ലാം സ്ത്രീയെ വസ്തുവത്ക്കരിച്ച ന്യായവൈകല്യങ്ങൾ! സ്ത്രീയെയും പുരുഷനെയും അവരുടെ ചിന്തകളെയും മനസ്സിനെയും ശരീരത്തെയും ലൈംഗികതയെയും വ്യക്തിത്വത്തെയും പരിഗണിക്കാത്ത വാദമുഖങ്ങൾ! അല്ലാഹു സൃഷ്ടിച്ച മനുഷ്യന് അവൻ നൽകിയ മാർഗനിർദേശങ്ങൾ മാത്രമെ അവരുടെ പ്രകൃതിപരമാകൂ. അത് മാത്രമെ അവരെ സാമൂഹ്യജീവിയാക്കൂ. അതുകൊണ്ടേ അവർ സംസ്കൃത മനുഷ്യരാകൂ. അതിലൂടെ മാത്രമെ

അവർക്ക് ധാർമികജീവിതം നയിച്ച് ഇരുലോകവിജയം നേടാനാകൂ.

എന്തുകൊണ്ട് പുരുഷന് അൽപവസ്ത്രം മാത്രം എന്ന ചോദ്യവും വരാറുണ്ട്. സ്ത്രീകൾക്ക് പുരുഷ ശരീരം കണ്ടാൽ ലൈംഗിക ഉത്തേജനം ഉണ്ടാകുന്നില്ല എന്നതുതന്നെയാണ് ആദ്യ കാരണം. (ഒറ്റപ്പെട്ട ചില അപവാദങ്ങൾ കണ്ടേക്കാം). അവൻ കഠിനാധ്വാനം ചെയ്യേണ്ടവനാണ്. അതും ഒരു കാരണമാണ്.

'പുരുഷൻ നഗ്നത പ്രദർശിപ്പിച്ചാൽ സ്ത്രീ അത് അവൾക്ക് നേരെയുള്ള അക്രമമായി കണക്കാക്കും. സ്ത്രീ നഗ്നത പ്രദർശിപ്പിച്ചാൽ പുരുഷൻ അത് അവളുടെ ലൈംഗിക ബന്ധത്തിനുള്ള ക്ഷണമായി സ്വീകരിക്കും.'(7)

പുരുഷശരീര സൗന്ദര്യം കണ്ടെന്നുവച്ച് സ്ത്രീകൾ ലൈം ഗികമായി ഉത്തേജിക്കപ്പെടുന്നില്ല എന്ന് മാത്രമല്ല അവൾ അതാസ്വദിക്കുന്നുമില്ല; സിനിമകളിലും കഥകളിലുമല്ലാതെ. അതുകൊണ്ടാണല്ലോ പുരുഷ നഗ്നതാ പ്രദർശനത്തെ അവൾക്ക് നേരെ യുള്ള അക്രമമായി അവൾ കണക്കാക്കുന്നത്. ഇതിന് അടിവരയിടുന്ന ഒരു വാർത്ത കാണുക:

'പത്തനംതിട്ട: പത്തനംതിട്ടയിൽ വനിതാ ഹോസ്റ്റലിന് മുന്നിൽ പട്ടാപ്പകൽ നഗ്നതാ പ്രദർശനം. ഇരുചക്രവാഹനങ്ങളിൽ എത്തിയ രണ്ടുപേരാണ് നഗ്നത പ്രദർശിപ്പിച്ച് അശ്ലീലചേഷ്ടകൾ കാണിച്ചത്. ഹോസ്റ്റലിലെ വിദ്യാർഥിനികൾ ചിത്രീകരിച്ച ദൃശ്യങ്ങൾ മാതൃഭൂമി ന്യൂസ് പുറത്തുവിട്ടു.

കഴിഞ്ഞദിവസം രാവിലെ 11നും 12 മണിക്കും ഇടയിലായിരുന്നു സംഭവം. മുണ്ടും ഷർട്ടും ധരിച്ച് ബുള്ളറ്റിലും സ്കൂട്ടറിലും എത്തിയ രണ്ടുപേരാണ് വാഹനം ഹോസ്റ്റലിനു മുന്നിൽ നിർത്തി വസ്ത്രം മാറ്റി നഗ്നത പ്രദർശിപ്പിച്ചത്. ഏകദേശം 45 വയസ്സിന് മുകളിൽ പ്രായമുള്ളവർ വിദ്യാർഥിനികർക്കു നേരെ ലൈംഗിക ചേഷ്ടകൾ കാണിക്കുന്ന ദൃശ്യങ്ങൾ വീഡിയോയിലും വ്യക്തമാണ്.'(8)

തുടർ വാർത്തയും 'മാതൃഭൂമി' തന്നെ നൽകുന്നു: 'പത്തനംതിട്ട: പത്തനംതിട്ടയിൽ വനിതാ ഹോസ്റ്റലിന് മുന്നിൽ പട്ടാപ്പകൽ നഗ്നതാ പ്രദർശനം നടത്തിയവരിൽ ഒരാൾ പോലീസിന്റെ പിടിയിലായി. അങ്ങാടിക്കൽ സ്വദേശി നന്ദനൻ ആണ് പിടിയിലായത്. ഇരുചക്രവാഹനങ്ങളിൽ എത്തിയ രണ്ടുപേരാണ് നഗ്നത പ്രദർശിപ്പിച്ച് അശ്ലീല ചേഷ്ടകൾ കാണിച്ചത്...'(9)

സ്റ്റീവൻ പിങ്കർ പറഞ്ഞത് എത്ര ശരി! 'പുരുഷകാമോദ്ദീപക യന്ത്രങ്ങളായി സ്ത്രീകൾ നാട് നിറഞ്ഞിട്ടും ഒരൊറ്റ കേസ് പോലും ആരും കൊടുത്തിട്ടില്ല, എടുത്തിട്ടുമില്ല. പക്ഷേ, പുരുഷൻ അങ്ങനെ ചെയ്യാൻ പാടില്ല. അവൻ നഗ്നത പ്രദർശിപ്പിക്കുന്നത് അവന്റെ ലൈംഗിക ലക്ഷ്യം തന്നെയാണ്. എന്നാൽ സ്ത്രീകൾ തങ്ങളുടെ വേഷത്തിലൂടെ പുരുഷന് ലൈംഗിക ആകർഷണം ഉണ്ടാക്കും. താൻ അവനെ ലൈംഗിക ബന്ധത്തിന് ക്ഷണിക്കുകയാണ് എന്ന് തിരിച്ചറിയാതെയാണ് ഉടുത്തിട്ടും ഉടുക്കാതെ അവൾ നടക്കുന്നത്. അത് മാത്രമല്ല പുരുഷൻ പെണ്ണഴക് ആസ്വദിക്കുകയല്ലാതെ കേസ് കൊടുക്കാനൊന്നും പോകില്ല. അഥവാ അങ്ങനെ സംഭവിച്ചാൽ അവൻ

'പുരുഷൻ നഗ്നത പ്രദർശിപ്പിച്ചാൽ സ്ത്രീ അത് അവൾക്ക് നേരെയുള്ള അക്രമമായി കണക്കാക്കും. സ്ത്രീ നഗ്നത പ്രദർശിപ്പിച്ചാൽ പുരുഷൻ അത് അവളുടെ ലൈംഗിക ബന്ധത്തിനുള്ള ക്ഷണമായി സ്വീകരിക്കും.'(7) പുരുഷശരീര സൗന്ദര്യം കണ്ടെന്നുവച്ച് സ്ത്രീകൾ ലൈംഗികമായി ഉത്തേജിക്കപ്പെടുന്നില്ല എന്ന് മാത്രമല്ല അവൾ അതാസ്വദിക്കുന്നുമില്ല; സിനിമകളിലും കഥകളിലുമല്ലാതെ. അതുകൊണ്ടാണല്ലോ പുരുഷ നഗ്നതാ പ്രദർശനത്തെ അവൾക്ക് നേരെയുള്ള അക്രമമായി അവൾ കണക്കാക്കുന്നത്. പുരുഷ നഗ്നത കണ്ടെന്നുവച്ച് സ്ത്രീ ലൈംഗികമായി ഉണർത്തപ്പെടുന്നില്ല. പുരുഷ ലൈംഗികതയുടെ പ്രത്യേകത പക്ഷേ, സ്ത്രീകൾ തിരിച്ചറിയുന്നില്ല. അതുകൊണ്ടാണല്ലോ അവൾ പൊതു ഇടങ്ങളിലും വിദ്യാലയങ്ങളിലും ഓഫീസുകളിലും മറ്റും മറ്റും യാതൊരു നാണവുമില്ലാതെ സൗന്ദര്യപ്രകടന വസ്തുവായി പുരുഷൻ കൽപിച്ചു നൽകിയ അരവസ്ത്രം ധരിച്ച് 'ഉടുത്തൊ'രുങ്ങി നടക്കുന്നത്.



സ്ത്രീവിരുദ്ധനായി ചിത്രീകരിക്കപ്പെടാനും ചിത്രവധം ചെയ്യപ്പെടാനും അധികം സമയം വേണ്ട. അതാണല്ലോ, അങ്ങനെയാണല്ലോ നമ്മുടെ സാമൂഹ്യ പരിസരവും പൊതുബോധവും!

നേരത്തെ പറഞ്ഞ സ്റ്റീവൻ പിങ്കറിന്റെ പുസ്തകത്തിൽനിന്ന്: ''പുരുഷ നഗ്നത കണ്ടെന്നുവച്ച് സ്ത്രീ ലൈംഗികമായി ഉണർത്തപ്പെടുന്നില്ല.''(10) പുരുഷ ലൈംഗികതയുടെ പ്രത്യേകത പക്ഷേ, സ്ത്രീകൾ തിരിച്ചറിയുന്നില്ല. അതുകൊണ്ടാണല്ലോ അവൾ പൊതു ഇടങ്ങളിലും വിദ്യാലയങ്ങളിലും ഓഫീസുകളിലും മറ്റും മറ്റും യാതൊരു നാണവുമില്ലാതെ സൗന്ദര്യപ്രകടന വസ്തുവായി പുരുഷൻ കൽപിച്ചു നൽകിയ അരവസ്ത്രം ധരിച്ച് 'ഉടുത്തൊ'രുങ്ങി നടക്കുന്നത്. അതിന്റെ പ്രശ്നങ്ങൾ സ്ത്രീകൾ നന്നായിട്ട് അനുഭവിക്കുന്നുമുണ്ട്. രണ്ട് സേർച്ച് എഞ്ചിൻ ഉപയോഗിച്ച് വെബ് ലോകത്ത് Women facing problems in workplaces എന്ന കീ വേർഡിൽ നടത്തിയ അന്വേഷണം അതിദയനീയ സ്ത്രീവിരുദ്ധ ചെയ്തികളുടെ റിസൾട്ടാണ് നൽകിയത്. ഒന്ന് സാധാരണപോലെ ഗൂഗിളിൽ, മറ്റൊന്ന് മൈക്രോസോഫ്റ്റ് ബിങ്ങിൽ.

രണ്ടിലും ആദ്യം ലഭിച്ച 20 ലിങ്കുകളാണ് തുറന്നത്. ഗൂഗിളിൽ ഇരുപതിൽ പതിനഞ്ച് റിസൾട്ടും ബിങ്ങിൽ ഇരുപതിൽ പതിനെട്ട് റിസൾട്ടും കാണിക്കുന്നത് ജോലിസ്ഥലങ്ങളിൽ സ്ത്രീകൾ ലൈംഗിക പീഡനങ്ങൾക്ക് (sexual harassment) വിധേയമാക്കപ്പെടുന്നുണ്ട് എന്നും, ഇത്തരം പീഡനങ്ങളിൽ എൺപത് ശതമാനവും കണക്കുകളിൽ ഉൾപ്പെടുന്നില്ല എന്നുമാണ്. അമ്പത്തിയഞ്ച്, അറുപത് ശതമാനം വർക്കിംഗ് ലേഡീസും ഇത്തരം പ്രശ്ങ്ങൾ അനുഭവിക്കുന്നവരാണെന്നും വ്യക്തമാക്കുന്നു. മാത്രമല്ല, പത്തും പതിനഞ്ചും പ്രശ്നങ്ങൾ ലിസ്റ്റ് ചെയ്ത പഠനങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിക അതിക്രമങ്ങൾക്ക് 1-4 സ്ഥാനമാണുള്ളത്. ഒന്നുകിൽ ലൈംഗിക അക്രമം അല്ലെങ്കിൽ ശമ്പളത്തിലെയും സ്ഥാനങ്ങളിലെയും പ്രൊമോഷനുകളിലെയും ലിംഗ അസമത്വം. നാം 'മീ റ്റൂ' മറന്നിട്ടില്ലല്ലോ.

'വത്തക്കാ സമരം' വഴി വഴിമാറിയ മലപ്പുറം മങ്ക, മുഖപുസ്തക പ്രമുഖ കൂടെക്കൂടെ മുഖപുസ്തകത്തിൽ കരയുന്നത് കാണാം; 'എന്റെ ഇൻ ബോക്സിൽ അവൻ അങ്ങനെ പറഞ്ഞു,' 'എന്നെ ഫ്രീ തിങ്കൻ അതിനു ക്ഷണിച്ചു,' 'എനിക്കും അവനും വേണ്ടി അവൻ റൂം ബുക്ക് ചെയ്തു' എന്നിങ്ങനെ.

അവരുടെ ഒരു ഫെയ്സ്ബുക്ക് പോസ്റ്റ് മാത്രം ഉദാഹരിക്കാം: ''പലപ്പോഴും പെൺകുട്ടികളുടെയും ട്രാൻസ് സുഹൃത്തുക്കളുടെയും ഇൻബോക്സിൽ മെസഞ്ചർ ഓൺ ആക്കാത്തത് എന്താണെന്ന് ചോദിച്ചാൽ സുഹൃത്തുക്കൾ പലർക്കും ഞാൻ കാണിച്ചുകൊടുക്കാറുണ്ട്... പല പ്രമുഖരുടെയും മെസ്സേജുകൾ... അതിതീവ്രമായ... ഭീകരമായ എന്ന് പറയാം.... അത്രയും സെക്ഷ്വൽ ദാരിദ്ര്യം പിടിച്ച കുറെ മെസ്സേജുകളും വീഡിയോകളും അവരുടെ ന്യൂഡിറ്റിയുമൊക്കെയാണ് അയക്കാറുള്ളത്... കൂടെ ജോലിചെയ്യുന്ന കുട്ടിയുടെ ഫോണിലേക്ക് വന്ന മെസ്സേജും വീഡിയോയും കണ്ടു അവൾ കരഞ്ഞതും പനി വന്നതും ഞാൻ ഇന്നുമോർക്കുന്നു. മൃഗങ്ങളുമായി സെക്സ് ചെയ്യുന്ന വീഡിയോസ് വരെ അയക്കുന്ന സെക്ഷ്വൽ ദരിദ്രവാസികൾ ഉള്ള പുരോഗമന നാട്ടിലാണ് നമ്മൾ ജീവിക്കുന്നത്''. പലതും ഇതിലേറെ വൃത്തികെട്ട ഭാഷയിലാണ് ഉള്ളത്. ഇത് ഒറ്റപ്പെട്ട സംഭവമല്ല, പല ആക്ടിവിസ്റ്റുകളും മാധ്യമപ്രവർത്തകരും പൊതുപ്രവർത്തകരുമായ

സ്ത്രീകൾ സ്ഥിരമായി നേരിടുന്ന പ്രശ്നമാണ്. പല പെൺകുട്ടികളും ഇത് പുറത്തു പറയാനാകാതെ വിഷാദരോഗത്തിനടിമപ്പെടുന്നുണ്ട്...''

ഈ പറഞ്ഞ സ്ത്രീകളും പുരുഷകേസരികളുമെല്ലാം ലിബറലുകളും സർവതന്ത്ര സ്വതന്ത്രരുമാണ്. അവരുടെ ഇടയിലെ സ്ത്രീസ്വാതന്ത്ര്യത്തിന്റെ നേർരൂപമാണിത്!

പുതിയ ഒരു വാർത്തകൂടി ചേർത്ത് അവസാനിപ്പിക്കാം: ''എയർ ഇന്ത്യ വിമാനം പറക്കുന്നതിന് മുമ്പ് അവരുടെ ക്യാബിൻ ക്രൂകളുടെ ബോഡി മാസ്സ് ഇൻഡെക്സ് (BMI) പരിശോധന നടത്താൻ തീരുമാനിച്ചു. ഈ ഇരുപതാം തീയതിയാണ് എക്സിക്യൂട്ടീവ് ഡയരക്ടർ (ഇൻ ഫ്ളൈറ്റ്) വസുധ ചന്ദന ഓർഡർ പുറത്തിറക്കിയത്. തൊഴിലാളി സംഘടനകൾ ഇതിനെതിരെ സംഘടിക്കുകയും ഇത് മനുഷ്യത്വ രഹിതവും നിയമ വിരുദ്ധവുമാണെന്ന് അവകാശപ്പെടുകയും ചെയ്തു.'' (11,12)

വിമാനയാത്ര ചെയ്യുന്ന ആർക്കും അറിയാവുന്ന കാര്യമാണ് ക്യാബിൻ ക്രൂ 90 ശതമാനവും സ്ത്രീകൾ ആണെന്ന വസ്തുത. അവർ മെലിഞ്ഞവരോ തടിച്ചവരോ ആകരുത്. വടിവൊത്ത ശരീരം ഉള്ളവർ ആകണം. സ്ത്രീ ശരീരസൗന്ദര്യ ചൂഷണത്തിന്റെ, സ്ത്രീ പീഡനത്തിന്റെ ഔദ്യോഗിക വിളംബരം. ഇത് ഒറ്റപ്പെട്ട വാർത്തയാണ്; എന്നാൽ നിത്യ സംഭവവും. ഇത് എല്ലാ ഇടങ്ങളിലും, പ്രത്യേകിച്ച് ഹോസ്പിറ്റാലിറ്റി കസ്റ്റമർ കെയർ മേഖലകളിൽ മുതലാളിമാർ പരിഗണിക്കുന്ന പ്രഥമ കാര്യമാണ്. ഇത്തരം വാർത്തകളൊന്നും നമ്മുടെ മാധ്യമങ്ങൾക്കോ സോഷ്യൽ മീഡിയക്കോ ആക്ടിവിസ്റ്റ് ആക്രോശകർക്കോ ഫെമിനി പെണ്ണുങ്ങൾക്കോ ലിബറൽ അവതാരങ്ങൾക്കോ പ്രശ്നമല്ല. ഒരു സ്ത്രീ മാന്യമായി വസ്ത്രം ധരിച്ചാലോ ഉടുക്കാൻ സ്വാതന്ത്ര്യമുണ്ട് എന്ന് പറഞ്ഞാലോ ആരെങ്കിലും സ്വവർഗരതിക്കെതിരെ സംസാരിച്ചാലോ ഇവരുടെ ധാർമിക രോഷം പതഞ്ഞുപൊങ്ങി സദാചാര പോലീസ് കൽപനകൾ പുറപ്പെടുവിക്കും. ഉടനെ ചാനൽ ചർച്ചകളും എമണ്ടൻ ഉപന്യാസങ്ങളും കഥയും കവിതയും പിറക്കും.

ഒന്നേ പറയാനുള്ളൂ; സ്ത്രീ അവളുടെ സൗന്ദര്യം മറച്ചുവയ്ക്കുക എന്നത് അവളുടെ വ്യക്തിത്വത്തിനും സുരക്ഷക്കും പ്രകൃതിക്കും അത്യാവശ്യമാണ്. അതാണ് ആധുനിക ലൈംഗികശാസ്ത്രം നമ്മെ പഠിപ്പിക്കുന്നത്. മനുഷ്യനെ സൃഷ്ടിച്ച, മനുഷ്യമനസ്സിനെ സൃഷ്ടിച്ച, മനുഷ്യ വികാരവിചാരങ്ങൾ നിർ ണയിച്ച, മനുഷ്യലൈംഗികതയും സൗന്ദര്യവും സൗന്ദര്യബോധവും രൂപൽപന ചെയ്ത അല്ലാഹുവിന്റെ നിർദേശവും കൽപനയും. അത് പാലിക്കുക. ഇരുലോകത്തും വിജയിക്കുക.

**അനുബന്ധം:**

സ്ത്രീകൾക്ക് നേരെയുള്ള ഏറ്റവും പുതിയ സ്വാതന്ത്ര്യനിഷേധ നടപടി; കേരളത്തിലെ പൗരന്റെ ജീവനും സ്വത്തും അഭിമാനവും അവകാശങ്ങളും സംരക്ഷിക്കാൻ ഉത്തരവാദിത്തവും ബാധ്യതയും ഉള്ള കേരള അഭ്യന്തര വകുപ്പിൽനിന്നാണ്. അതേ വകുപ്പാണ് മുമ്പ് ശബരിമലയിലേക്ക് നിഷേധിനികളായ സ്ത്രീകളെ ഒളിച്ചുകടത്തിയത്. ഇതൊരു ശബരിമല സീസൺ ആയതുകൊണ്ട് ഓർത്തതാണ്. ആ വകുപ്പിന്റെ ഒത്താശയോടെയാണ് സംസ്കാരത്തെയും ധാർമികതയെയും വെല്ലുവിളിച്ച് ലജ്ജയില്ലാതെ ആർത്തവാഘോഷം നടത്തിയത്. റിലയൻസ് പരസ്യത്തിന് പ്രധാനമന്ത്രി ഫോട്ടോപോസ് ചെയ്തത് പോലെ കേരള അഭ്യന്തര വകുപ്പ് കയ്യാളുന്ന മുഖ്യമന്ത്രി യോനീ പരസ്യ നായകനായത് കേരളത്തിന് നാണക്കേടായിരുന്നു. ആർത്തവോത്സവ ആഘോഷ കവാടം സ്ത്രീ ജനനേന്ദ്രിയമായിരുന്നു എന്നത് യാദൃച്ഛികമല്ലായിരുന്നു. സ്ത്രീയെ ചൂഷണം ചെയ്യാനും കമ്പോളവത്കരിക്കാനും ലക്ഷ്യവച്ച് തന്നെയായിരുന്നു ആർത്തവാഘോഷം. സർക്കാർ സംവിധാങ്ങൾ ദുരുപയോഗം ചെയ്തു ഭരണ കക്ഷി നടത്തിയ നവോത്ഥാന മതിലിലൂടെയും സ്ത്രീ ചൂഷക വർഗം ലക്ഷ്യംവച്ചത് അതുതന്നെയായിരുന്നില്ലേ? അഭ്യന്തര വകുപ്പിനെ കുറിച്ചും സേനയുടെ പ്രവർത്തവനങ്ങളെ കുറിച്ചും പ്രശ്നങ്ങളും പരാതിയും നിത്യ സംഭവമാണ്. കുട്ടിപ്പോലീസ് യൂണിഫോമിലാണ് ആ വകുപ്പ് ഇപ്പോൾ തൊട്ടിട്ടുള്ളത്. തട്ടവും മുഴുക്കയ്യൻ ഷർട്ടും ധരിക്കാൻ കുട്ടിപ്പോലീസിലെ പെൺകുട്ടി

കളെ അനുവദിക്കില്ല എന്നാണ് സർക്കാരും വകുപ്പും ഉത്തരവ് ഇറക്കിയിട്ടുള്ളത്. ഇതിന്റെ പിന്നിലെ ലക്ഷ്യം എന്താണ്? മുമ്പ് കേന്ദ്രസർക്കാർ ചില പരീക്ഷകൾക്ക് പെണ്ണിന്റെ വസ്ത്ര സ്വാതന്ത്ര്യം നിഷേധിച്ചത് നാം മറക്കാതിരിക്കുക. കേന്ദ്രവഴിയിൽതന്നെയാണോ കേരള സർക്കാരും?

**വാൽ നക്ഷത്രം:**

നേരത്തെ വായിച്ച കവിത, ഇസ്‌ലാം സ്ത്രീപീഡന യന്ത്രമാണെന്ന് സ്ഥാപിക്കാൻ കേരളത്തിലെ ഒരു നാസ്തിക വിദ്യാർഥി സംഘടന കോളേജ് മാഗസിനിൽ പ്രസിദ്ധീകരിച്ചതാണ് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇവർ തന്നെയാണ് പണ്ട് ഫാറൂഖ് കോളേജിൽ വത്തക്ക സമരം എന്ന പേരിൽ നഗ്നതാപ്രദർശന മത്സരത്തിന് കാരണം. ഇവർ തന്നെയാണ് കോളേജിൽ മിക്സഡ് ബെഞ്ചിനു വേണ്ടി ബഹളം വച്ചതും.

ഈ കവിതക്ക് രണ്ട് തലങ്ങളുണ്ട്. ഒന്ന് ഇസ്‌ലാമിനോടും അതിലൂടെ സംസ്കാരങ്ങളോടും ധാർമികതയോടും മതങ്ങളോടും ദൈവവിശ്വസത്തോടുമുള്ള കടുത്ത വെറുപ്പും വിദ്വേഷവും. രണ്ട്, എല്ലാ നാസ്തികരെയും പോലെ എല്ലാം ലൈംഗികതയിലൂടെ മാത്രം കാണുന്ന പുരുഷ മേധാവിത്വം. ഈ വൃത്തികെട്ട പ്രചാരണ രീതിയുടെ ലക്ഷ്യം മതത്തിനും ദൈവവിശ്വാസത്തിനും എതിരെ സ്ത്രീകളെ മസ്തിഷ്ക്ക പ്രക്ഷാളനം നടത്തി മാർക്കറ്റിൽ ഇറക്കി മുതലാളിത്ത താൽപര്യം സംരക്ഷിക്കുക എന്നതുതന്നെ. ഇത് നാം വനിതാ മതിലിലും കണ്ടതാണ്. പെണ്ണിനെ മാർക്കറ്റിൽ ലഭ്യമാക്കാനുള്ള എളുപ്പമാർഗം ഇതൊക്കെത്തന്നെ.

**വിമാനയാത്ര ചെയ്യുന്ന ആർക്കും അറിയാവുന്ന കാര്യമാണ് ക്യാബിൻ ക്രൂ 90 ശതമാനവും സ്ത്രീകൾ ആണെന്ന വസ്തുത. അവർ മെലിഞ്ഞവരോ തടിച്ചവരോ ആകരുത്. വടിവൊത്ത ശരീരം ഉള്ളവർ ആകണം. സ്ത്രീ ശരീരസൗന്ദര്യ ചൂഷണത്തിന്റെ, സ്ത്രീപീഡനത്തിന്റെ ഔദ്യോഗിക വിളംബരം. ഇത് ഒറ്റപ്പെട്ട വാർത്തയാണ്; എന്നാൽ നിത്യ സംഭവവും. ഇത് എല്ലാ ഇടങ്ങളിലും, പ്രത്യേകിച്ച് ഹോസ്പിറ്റാലിറ്റി കസ്റ്റമർ കെയർ മേഖലകളിൽ മുതലാളിമാർ പരിഗണിക്കുന്ന പ്രഥമ കാര്യമാണ്. ഇത്തരം വാർത്തകളൊന്നും നമ്മുടെ മാധ്യമങ്ങൾക്കോ സോഷ്യൽ മീഡിയക്കോ ആക്ടിവിസ്റ്റ് ആക്രോശകർക്കോ ഫെമിനി പെണ്ണുങ്ങൾക്കോ ലിബറൽ അവതാരങ്ങൾക്കോ പ്രശ്നമല്ല.**

**അടിയടയാളം:**


1. https://www.prnewswire.com/news-releases/covid-19-update-global-online-porn-market-was-estimated-to-be-us-35-17-billion-in-2019-and-is-expected-to-grow-at-a-cagr-of-15-12-over-the-forecast-period-says-absolute-markets-insights-301043437.html
2. https://www.cnbc.com/2016/01/20/porns-dirtiest-secret-what-everyone-gets-paid.html
3. https://www.telegraph.co.uk/news/newstopics/howaboutthat/6950545/Men-think-about-sex-5000-times-a-year.html
4. https://www.theguardian.com/science/2009/feb/16/sex-object-photograph
5. https://www.sciencedaily.com/releases/2018/02/180206090658.htm
6. How the Mind Works. Steven Pinker – Penguin books (1998) PDF page 471, 472
7. How the Mind Works. Steven Pinker – Penguin books (1998) PDF page 471
8. https://www.mathrubhumi.com/news/kerala/two-mans-exhibit-nudity-in-front-of-women-hostel-pathanamthitta-1.6382164
9. https://www.mathrubhumi.com/crime-beat/crime-news/two-mans-exhibit-nudity-in-front-of-women-hostel-pathanamthitta-arrested-a-man-1.6382548
10. How the Mind Works. Steven Pinker – Penguin books (1998) PDF page 472
11. http://timesofindia.indiatimes.com/articleshow/89091610.cms? utm_source=contentofin terest&utm_medium=text&utm_campaign=cppst
12. https://www.indiatoday.in/india/story/air-india-bmi-weight-check-rule-cabin-crew-protest-1903908-2022-01-24



# പ്ലാസ്റ്റിക് സർജറി: മതത്തിന്റെ കാഴ്ചപ്പാട്

ഡോ. ടി. കെ യൂസുഫ്
:9349798262

മനുഷ്യശരീരത്തിൽ പ്രകടമായി കാണുന്ന ഭാഗങ്ങളിലുള്ള തകരാറുകളും വൈകല്യങ്ങളും ഒരു ശസ്ത്രക്രിയ വഴി മാറ്റിയെടുക്കുന്നതിനാണ് പ്ലാസ്റ്റിക് സർജറി എന്ന് പറയുന്നത്. സൃഷ്ടിപ്പിൽ വല്ല വൈകല്യവുമുള്ളവർക്ക് ആധുനിക വൈദ്യശാസ്ത്രത്തിന്റെ സഹായത്തോടുകൂടി അത് പരിഹരിച്ച് വൈരൂപ്യമില്ലാത്തവനായി നടക്കുന്നത് മതപരമായി വിലക്കപ്പെട്ടതാണോ, അതോ അവൻ ആജീവനാന്തം കാണാൻ കൊള്ളാത്തവനായി കഴിഞ്ഞുകൂടേണ്ടതുണ്ടോ?

പ്ലാസ്റ്റിക് സർജറിയുടെ മതവിധി പറയുന്നതിനുമുമ്പ് ആമുഖമായി സൗന്ദര്യത്തെക്കുറിച്ചുള്ള ഇസ്‌ലാമിക കാഴ്ച്ചപ്പാട് പരിശോധിക്കാം. മനുഷ്യനെ ഏറ്റവും സുന്ദരമായ രൂപത്തിലാണ് സൃഷ്ടിച്ചിട്ടുള്ളത് എന്നാണ് ഖുർആൻ പറയുന്നത്. നൈസർഗികമായിത്തന്നെ അവന് സൗന്ദര്യത്തോട് അഭിനിവേശവുമുണ്ട്. ഭംഗിയും ആകർഷകത്വവും തോന്നുന്ന രൂപത്തിൽ ജനങ്ങളുടെ മുന്നിൽ പ്രത്യക്ഷപ്പെടാനാണ് എല്ലാവരും ആഗ്രഹിക്കുന്നത്. കാണാൻകൊള്ളാവുന്ന രൂപത്തിൽ അണിഞ്ഞൊരുങ്ങി നടക്കുന്നത് മതപരമായി അഭിലഷണീയവുമാണ്. നബി(സ്വ) പറഞ്ഞു: ''അല്ലാഹു സുന്ദരനാണ്. അവൻ സൗന്ദര്യം ഇഷ്ടപ്പെടുന്നു'' (മുസ്‌ലിം).

**മനുഷ്യനെ ഏറ്റവും സുന്ദരമായ രൂപത്തിലാണ് സൃഷ്ടിച്ചിട്ടുള്ളത് എന്നാണ് ക്വുർആൻ പറയുന്നത്. നൈസർഗികമായിത്തന്നെ അവന് സൗന്ദര്യത്തോട് അഭിനിവേശവുമുണ്ട്. ഭംഗിയും ആകർഷകത്വവും തോന്നുന്ന രൂപത്തിൽ ജനങ്ങളുടെ മുന്നിൽ പ്രത്യക്ഷപ്പെടാനാണ് എല്ലാവരും ആഗ്രഹിക്കുന്നത്. കാണാൻകൊള്ളാവുന്ന രൂപത്തിൽ അണിഞ്ഞൊരുങ്ങി നടക്കുന്നത് മതപരമായി അഭിലഷണീയവുമാണ്. നബി(സ്വ) പറഞ്ഞു: ''അല്ലാഹു സുന്ദരനാണ്. അവൻ സൗന്ദര്യം ഇഷ്ടപ്പെടുന്നു'' (മുസ്‌ലിം). ഇസ്‌ലാമിക ശരീഅത്ത് പരിശോധിക്കുകയാണെങ്കിൽ നന്മ, ഭംഗി, പരിഷ്‌കരണം എന്നിവയെല്ലാം അത് അംഗീകരിക്കുകയും അവയ്ക്ക് പ്രാധാന്യം നൽകുകയും ചെയ്തതായി കാണാനാവും. ഒരു മനുഷ്യൻ അവന്റെ മതം, ബുദ്ധി, ശരീരം, സമ്പത്ത് എന്നിവ സംരക്ഷിക്കുകയും അവ കേടുകൂടാതെ സൂക്ഷിക്കുകയും ചെയ്യുന്നത് ഒരു ബാധ്യതയും പുണ്യകർമവുമാണ്**



ഇസ്‌ലാമിക ശരീഅത്ത് പരിശോധിക്കുകയാണെങ്കിൽ നന്മ, ഭംഗി, പരിഷ്‌കരണം എന്നിവയെല്ലാം അത് അംഗീകരിക്കുകയും അവയ്ക്ക് പ്രാധാന്യം നൽകുകയും ചെയ്തതായി കാണാനാവും. ഒരു മനുഷ്യൻ അവന്റെ മതം, ബുദ്ധി, ശരീരം, സമ്പത്ത് എന്നിവ സംരക്ഷിക്കുകയും അവ കേടുകൂടാതെ സൂക്ഷിക്കുകയും ചെയ്യുന്നത് ഒരു ബാധ്യതയും പുണ്യകർമവുമാണ്. അതുപോലെ തന്നെ മതപരമായി വിലക്കപ്പെട്ട പല കാര്യങ്ങളും ചില സന്ദിഗ്ധ ഘട്ടങ്ങളിലും അനിവാര്യ സാഹചര്യങ്ങളിലും അനുവദനീയമായി ത്തീരാറുമുണ്ട്. ഈ മാനദണ്ഡങ്ങൾവെച്ചു നോക്കുകയാണെങ്കിൽ അത്യാവശ്യ സന്ദർഭങ്ങളിൽ അനിവാര്യമായിത്തീരാറുള്ള ചില പ്ലാസ്റ്റിക് സർജറികൾ മതപരമായി അനുവദനീയമാണെന്ന് കാണാനാകും.

മനുഷ്യൻ തന്റെ ദേഹത്ത് തീരെ കൈവെക്കാതെ പിറന്നപടി മരണം വരെ ജീവിക്കണം എന്ന് ഇസ്‌ലാം അനുശാസിക്കുന്നില്ല. ശരീരത്തിൽ നടത്തുന്ന അല്ലറ ചില്ലറ കൈക്രിയകളെ മനുഷ്യന്റെ ശുദ്ധപ്രകൃതിയുടെ ഭാഗമായിട്ട് തന്നെയാണ് ഇസ്‌ലാം കാണുന്നത്. ഉദാഹരണമായി, ചേലാകർമം ഒറ്റ നോട്ടത്തിൽ പ്രകൃതിക്ക് വിരുദ്ധമായി തോന്നാമെങ്കിലും ഇസ്‌ലാം അത് അംഗീകരിക്കുകയും അത് ചെയ്യാൻ അനുശാസിക്കുകയും ചെയ്യുന്നുണ്ട്. താടി നിർബാധം വളരാൻ വിടാൻ ആജ്ഞാപിച്ച പ്രവാചകൻ(സ്വ) അതോടൊപ്പം തന്നെ മീശ തീരെ ചെറുതായി വെട്ടാനും കൽപിച്ചിട്ടുണ്ട്. അതുപോലെ സ്ത്രീകൾ ഭംഗിക്ക് വേണ്ടി കാത് കുത്തുന്നതും ആഭരണങ്ങൾ ധരിക്കുന്നതും അനുവദിക്കപ്പെട്ടതാണ്.

ജാബിറിൽ(റ)നിന്ന് നിവേദനം: ''ഒരു പെരുന്നാൾ ദിവസം നബി(സ്വ) ജനങ്ങളെ ഉദ്ബോധിപ്പിച്ചതിന് ശേഷം ബിലാലിനോടപ്പം സ്ത്രീകളുടെ ഭാഗത്തേക്ക് പോയി. എന്നിട്ട് അവരോട് നിങ്ങളാണ് നരകത്തിൽ അധികമെന്നും അതുകൊണ്ട് നിങ്ങൾ ദാനധർമങ്ങൾ അധികരിപ്പിക്കണമെന്നും ഉപദേശിച്ചു. അപ്പോൾ അവർ തങ്ങളുടെ മാലകളും കമ്മലുകളും മോതിരങ്ങളും ഊരി ബിലാലി(റ)ന്റെ വസ്ത്രത്തിലേക്ക് ഇട്ടുകൊടുത്തു'' (നസാഈ).

പ്രധാനമായും രണ്ടുതരം വൈകല്യങ്ങൾ പരിഹരിക്കുന്നതിന് വേണ്ടിയാണ് സാധാരണയായി പ്ലാസ്റ്റിക് സർജറി നടത്താറുള്ളത്. ഒന്ന് ജന്മനാലുള്ള തകരാറുകൾ. കൈകാലുകളിലെ ആറാം വിരൽ, മുച്ചിറി, മലമൂത്ര വിസർജന അവയവങ്ങളിലുണ്ടാകുന്ന തടസ്സങ്ങൾ, വൈകല്യങ്ങൾ എന്നിവ ഇതിന് ഉദാഹരണങ്ങളാണ്. ഇവയിൽ ചിലത് അഭംഗിയും മറ്റു ചിലത് അപകടകരവുമാണ്.

ഇത്തരം വൈകല്യങ്ങൾ പരിഹരിക്കുന്നത് മനുഷ്യന്റെ അനിവാര്യതകളിൽ പെട്ട ഒരു അനിവാര്യതയുമായതുകൊണ്ട് ഈ രംഗത്ത് പ്ലാസ്റ്റിക് സർജറി അനുവദനീയമാണെന്നാണ് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളത്.

രണ്ടാമതായി പ്ലാസ്റ്റിക് സർജറി നടത്താറുള്ളത് അപകടം, അഗ്നിബാധ എന്നിവ കാരണമായുണ്ടാകുന്ന വൈരൂപ്യങ്ങൾ പരിഹരിക്കുന്നതിന് വേണ്ടിയാണ്. പടച്ചവന്റെ സൃഷ്ടിപ്പിന് മാറ്റം വരുത്തുക എന്ന പട്ടികയിൽ ഇത് പെടുകയില്ല. മറിച്ച് ഭംഗി കൂട്ടുക അല്ലെങ്കിൽ കേടുപാട് തീർക്കുക എന്ന ഗണത്തിലാണ് ഇത് ഉൾപെടുന്നത്. ശരീരത്തിലെ ഇത്തരം തകരാറുകൾ നന്നാക്കുന്നത് ഇസ്‌ലാം അംഗീകരിച്ചതായി കാണാനാവും. നബി(സ്വ)യുടെ കാലത്ത് യുദ്ധത്തിൽ മൂക്ക് നഷ്ടപ്പെട്ട വ്യക്തിക്ക് തൽസ്ഥാനത്ത് സ്വർണത്തിന്റെ മൂക്ക് വെച്ചുപിടിപ്പിക്കുന്നതിന് നബി(സ്വ) അനുമതി നൽകിയതായി ഹദീസുകളിൽ കാണാം.

അബ്ദുർറഹ്മാൻ ബിൻ ത്വറഫ(റ)യിൽനിന്ന് നിവേദനം; അദ്ദേഹത്തിന്റെ പിതാമഹൻ അർഫദ് ബിൻ അസദിന് കുലാബ് ദിനത്തിൽ മൂക്ക് മുറിഞ്ഞു. അദ്ദേഹം തൽസ്ഥാനത്ത് വെള്ളിയുടെ മൂക്ക് വെച്ചെങ്കിലും അത് പഴുത്ത് വ്യണമായി മാറി. അപ്പോൾ നബി(സ്വ)യുടെ കൽപന പ്രകാരം അദ്ദേഹം തൽസ്ഥാനത്ത് സ്വർണത്തിന്റെ മൂക്ക് വെച്ചു'' (അബൂദാവൂദ്).

പൊട്ടിയ പല്ലുകളുടെ ന്യൂനത സ്വർണംകൊണ്ട് പരിഹരിക്കാം എന്ന് പ്രസ്താവിക്കുന്ന അധ്യായങ്ങളും തുർമുദി, അബൂദാവൂദ് എന്നീ ഹദീസ് ഗ്രന്ഥങ്ങളിലുണ്ട്.

പ്രഥമദൃഷ്ടിയിൽ പ്രകൃതിക്ക് വിരുദ്ധം എന്ന് തോന്നാനിടയുള്ള ചേലാകർമവും കാത് കുത്തലും ഇസ്‌ലാം അനുവദിച്ചിട്ടുണ്ടെങ്കിലും താരതമ്യേന നിസ്സാരമായി തോന്നുന്ന പച്ചകുത്തലും കാലികളുടെ കാത് കീറലും ഇസ്‌ലാം വിലക്കുകയാണ് ചെയ്തിട്ടുണ്ട്. ജാഹിലിയ്യ കാലത്ത് അറബികൾ ചില ദൈവങ്ങൾക്ക് നേർച്ചയാക്കിയ ഒട്ടകങ്ങളെ തിരിച്ചറിയാൻ വേണ്ടി അവയുടെ കാതുകൾ കീറി അടയാളം വെച്ചിരുന്നു. പൈശാചിക പ്രേരണകൊണ്ടാണ് അവർ അത് ചെയ്തിരുന്നത് എന്നാണ് ക്വുർആൻ പറയുന്നത്:

``അവരെ ഞാൻ (പിശാച്) വഴിപിഴപ്പിക്കുകയും വ്യാമോഹിപ്പിക്കുകയും ചെയ്യും. ഞാനവരോട് കൽപിക്കുമ്പോൾ അവർ കാലികളുടെ കാതുകൾ കീറിമുറിക്കും. ഞാനവരോട് കൽപിക്കുമ്പോൾ അവർ അല്ലാഹുവിന്റെ സൃഷ്ടിയെ അലങ്കോലപ്പെടുത്തും. വല്ലവനും അല്ലാഹുവിന് പുറമെ പിശാചിനെ രക്ഷാധികാരിയായി സ്വീകരിക്കുന്നപക്ഷം തീർച്ചയായും അവൻ പ്രത്യക്ഷമായ നഷ്ടം പറ്റിയവനാണ്'' (നിസാഅ് 119).

മൃഗങ്ങളുടെ കാത് കീറുന്നതും പ്രകൃതിക്ക് മാറ്റം വരുത്തുന്നതും പൈശാചിക പ്രേരണകൊണ്ടായത് കൊണ്ടും അവയിൽ ശിർക്ക് ഉള്ളതുകൊണ്ടുമാണ് ഇസ്‌ലാം അവ വിരോധിച്ചത്. എന്നാൽ സ്ത്രീകൾ ആഭരണമണിയുന്നതിന് വേണ്ടി അവരുടെ കാത് കുത്തുമ്പോൾ ഇത്തരം സ്വാധീനങ്ങളില്ലാത്തതുകൊണ്ടാണ് നബി(സ്വ) അത് വിരോധിക്കാതിരുന്നത്.

നബി(സ്വ) അനുചരന്മാരോട് ചേലാകർമം നടത്താൻ അനുശാസിക്കുകയും യുദ്ധത്തിൽ മൂക്ക് മുറിഞ്ഞവനോട് പകരം സ്വർണത്തിന്റേത് വെക്കാൻ കൽപിക്കുകയും അതുപോലെ സ്ത്രീകളുടെ കാത് കുത്തുന്നത് വിലക്കാതിരിക്കുകയും ചെയ്ത സ്ഥിതിക്ക് ശരീരത്തിലെ വൈകല്യങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി നടത്തുന്ന പ്ലാസ്റ്റിക് സർജറി അനുവദീനയമാണെന്ന് കാണാനാവും.

സയാമീസ് ഇരട്ടകൾ ഇന്ന് വാർത്തയല്ലാതായിട്ടുണ്ട്. ശരീരത്തിലെ തലയോ ഉടലോ അല്ലെങ്കിൽ ഇവ രണ്ടുമോ ഒട്ടിപ്പിടിച്ച രൂപത്തിൽ ജനിക്കുന്ന ഇരട്ടക്കുഞ്ഞുങ്ങൾ ഒറ്റപ്പെട്ടതാണെങ്കിലും പലയിടത്തും സംഭവിക്കുന്നുണ്ട്. അവരെ അതേരൂപത്തിൽ

**മൃഗങ്ങളുടെ കാത് കീറുന്നതും പ്രകൃതിക്ക് മാറ്റം വരുത്തുന്നതും പൈശാചിക പ്രേരണകൊണ്ടായത് കൊണ്ടും അവയിൽ ശിർക്ക് ഉള്ളതുകൊണ്ടുമാണ് ഇസ്‌ലാം അവ വിരോധിച്ചത്. എന്നാൽ സ്ത്രീകൾ ആഭരണമണിയുന്നതിന് വേണ്ടി അവരുടെ കാത് കുത്തുമ്പോൾ ഇത്തരം സ്വാധീനങ്ങളില്ലാത്തതുകൊണ്ടാണ് നബി(സ്വ) അത് വിരോധിക്കാതിരുന്നത്. നബി(സ്വ) അനുചരന്മാരോട് ചേലാകർമം നടത്താൻ അനുശാസിക്കുകയും യുദ്ധത്തിൽ മൂക്ക് മുറിഞ്ഞവനോട് പകരം സ്വർണത്തിന്റേത് വെക്കാൻ കൽപിക്കുകയും അതുപോലെ സ്ത്രീകളുടെ കാത് കുത്തുന്നത് വിലക്കാതിരിക്കുകയും ചെയ്ത സ്ഥിതിക്ക് ശരീരത്തിലെ വൈകല്യങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി നടത്തുന്ന പ്ലാസ്റ്റിക് സർജറി അനുവദീനയമാണെന്ന് കാണാനാവും.**

തന്നെ നിലനിർത്തണമെന്ന് ആരും പറയാറില്ല. മറിച്ച് അവരെ സുരക്ഷിതരായി വേർപ്പെടുത്താനുള്ള മാർഗങ്ങൾ ആരായുകയാണ് പതിവ്. അതുപോലെ ജന്മവൈകല്യങ്ങൾ പരിഹരിക്കുന്നതും മനുഷ്യ മനഃസാക്ഷി അംഗീകരിക്കുന്നതാണ്.

വാഹന അപകടങ്ങളിലും മറ്റും സാരമായ പരിക്കുപറ്റുകയും തന്മൂലം ശരീരം വിരൂപമായിത്തീരുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ അവ പരിഹരിക്കുന്നതിന് വേണ്ടി നടത്തുന്ന പ്ലാസ്റ്റിക്സർജറി അനുവദനീയമാണെന്ന കാര്യത്തിൽ സംശയമില്ല. കാരണം നബിയുടെ കാലത്ത് തന്നെ യുദ്ധങ്ങളിലും മറ്റും പരിക്കുകൾ പറ്റിയ സഹാബികളുടെ അവയവങ്ങൾ ചികിത്സയിലൂടെ പൂർവസ്ഥിതിയിലാക്കാൻ അവർ പരമാവധി ശ്രമിച്ചിരുന്നു. ശരീരത്തിന്റെ സുസ്ഥിതി പുഃനസ്ഥാപിക്കുന്നത് മതപരമായി ബാധ്യതയായ സ്ഥിതിക്ക് ശരീരത്തിനേറ്റ ക്ഷതങ്ങളും മുറിവുകളും കുറച്ചുകൂടി ഭംഗിയായ നിലയ്ക്ക് പരിഹരിച്ച് പൂർവ സ്ഥിതിയിലാക്കുന്നത് ഒരു അപരാധമാകാൻ ഇടയില്ല. അതുകൊണ്ട് തന്നെ ചികിത്സയുടെ ഭാഗമായി ചെയ്യുന്ന പ്ലാസ്റ്റിക് സർജറി അനുവദനീയം തന്നെയാണ്.

ആധുനിക സമൂഹത്തിൽ സൗന്ദര്യവർധനവിന് വേണ്ടി മാത്രം പ്ലാസ്റ്റിക് സർജറി നടത്തുന്നവരുമുണ്ട്. അധരത്തിന്റെയോ നാസികയുടെയോ മേറ്റതെങ്കിലും അവയവത്തിന്റെയോ രൂപം ആകർഷകമായി തോന്നാതിരിക്കുകയും മറ്റാരുടെയെങ്കിലും രൂപമാണ് കൂടുതൽ ഭംഗിയുള്ളത് എന്ന് വിചാരിക്കുകയും ചെയ്യുന്നവരാണ് രൂപമാറ്റ ശസ്ത്രക്രിയക്ക് മുതിരാറുള്ളത്. കാര്യമായ വൈരൂപ്യമോ വൈകല്യമോ ഇല്ലാത്തവർ പരിഷ്കാരത്തിന്റെ പേരിൽ മാത്രം ചെയ്യുന്ന ഇത്തരം കാര്യങ്ങൾ മതപരമായി അനുവദനീയമാണെന്ന് പറയാൻ പ്രയാസമാണ്. കാരണം പച്ചകുത്തുന്നതും പല്ലുകൾക്കിടയിൽ വിടവുണ്ടാക്കുന്നതും പുരികം പറിക്കുന്നതും ഇസ്‌ലാം വിരോധിച്ചിട്ടുണ്ട്.

**ആധുനിക സമൂഹത്തിൽ സൗന്ദര്യവർധനവിന് വേണ്ടി മാത്രം പ്ലാസ്റ്റിക് സർജറി നടത്തുന്നവരുമുണ്ട്. അധരത്തിന്റെയോ നാസികയുടെയോ മേറ്റതെങ്കിലും അവയവത്തിന്റെയോ രൂപം ആകർഷകമായി തോന്നാതിരിക്കുകയും മറ്റാരുടെയെങ്കിലും രൂപമാണ് കൂടുതൽ ഭംഗിയുള്ളത് എന്ന് വിചാരിക്കുകയും ചെയ്യുന്നവരാണ് രൂപമാറ്റ ശസ്ത്രക്രിയക്ക് മുതിരാറുള്ളത്. കാര്യമായ വൈരൂപ്യമോ വൈകല്യമോ ഇല്ലാത്തവർ പരിഷ്കാരത്തിന്റെ പേരിൽ മാത്രം ചെയ്യുന്ന ഇത്തരം കാര്യങ്ങൾ മതപരമായി അനുവദനീയമാണെന്ന് പറയാൻ പ്രയാസമാണ്. കാരണം പച്ചകുത്തുന്നതും പല്ലുകൾക്കിടയിൽ വിടവുണ്ടാക്കുന്നതും പുരികം പറിക്കുന്നതും ഇസ്‌ലാം വിരോധിച്ചിട്ടുണ്ട്. നബി(സ്വ) പറഞ്ഞു: "മഹാനും പ്രതാപവാനുമായ അല്ലാഹുവിന്റെ സൃഷ്ടിപ്പിന് മാറ്റം വരുത്തുന്ന രൂപത്തിൽ പുരികത്തിലെ രോമം നീക്കാൻ ആവശ്യപ്പെടുന്ന സ്ത്രീകളെയും പച്ചകുത്തിക്കുന്ന സ്ത്രീകളെയും സൗന്ദര്യത്തിനുവേണ്ടി പല്ലുകൾക്കിടയിൽ വിടവുണ്ടാക്കുന്ന സ്ത്രീകളെയും അല്ലാഹു ശപിച്ചിട്ടുണ്ട്" (നസാഈ).**



ഇബ്നുമസ്ഊദി(റ)ൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: ''മഹാനും പ്രതാപവാനുമായ അല്ലാഹുവിന്റെ സൃഷ്ടിപ്പിന് മാറ്റം വരുത്തുന്ന രൂപത്തിൽ പുരികത്തിലെ രോമം നീക്കാൻ ആവശ്യപ്പെടുന്ന സ്ത്രീകളെയും പച്ചകുത്തിക്കുന്ന സ്ത്രീകളെയും സൗന്ദര്യത്തിനുവേണ്ടി പല്ലുകൾക്കിടയിൽ വിടവുണ്ടാക്കുന്ന സ്ത്രീകളെയും അല്ലാഹു ശപിച്ചിട്ടുണ്ട്'' (നസാഈ).

ഈ ഹദീസിൽ വിരോധിച്ച കാര്യങ്ങൾ നടത്തുന്നത് അനിവാര്യമായിത്തീരുകയോ അത് ചെയ്യാൻ ഒരാൾ നിർബന്ധിതനായിത്തീരുകയോ ചെയ്യുന്നില്ല. അതുകൊണ്ട് തന്നെ കൃത്രിമ സൗന്ദര്യവും കൂടുതൽ ഭംഗിയും ആഗ്രഹിച്ചുകൊണ്ട് ചെയ്യുന്ന ഇത്തരം ശസ്ത്രക്രിയകൾ മതപരമായി അനുവദനീയമാണ് എന്ന് പറയാൻ പ്രയാസമാണ്.

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089



അധ്യായം: 50

# ക്വാഫ്

كَذَّبَتۡ قَبۡلَهُمۡ قَوۡمُ نُوحٖ
وَأَصۡحَٰبُ ٱلرَّسِّ وَثَمُودُ ١٢
وَعَادٞ وَفِرۡعَوۡنُ وَإِخۡوَٰنُ لُوطٖ ١٣
وَأَصۡحَٰبُ ٱلۡأَيۡكَةِ وَقَوۡمُ تُبَّعٖۚ
كُلّٞ كَذَّبَ ٱلرُّسُلَ فَحَقَّ وَعِيدِ ١٤
أَفَعَيِينَا بِٱلۡخَلۡقِ ٱلۡأَوَّلِۚ بَلۡ هُمۡ
فِي لَبۡسٖ مِّنۡ خَلۡقٖ جَدِيدٖ ١٥
وَلَقَدۡ خَلَقۡنَا ٱلۡإِنسَٰنَ وَنَعۡلَمُ مَا تُوَسۡوِسُ
بِهِۦ نَفۡسُهُۥۖ وَنَحۡنُ أَقۡرَبُ
إِلَيۡهِ مِنۡ حَبۡلِ ٱلۡوَرِيدِ ١٦
إِذۡ يَتَلَقَّى ٱلۡمُتَلَقِّيَانِ عَنِ ٱلۡيَمِينِ
وَعَنِ ٱلشِّمَالِ قَعِيدٞ ١٧
مَّا يَلۡفِظُ مِن قَوۡلٍ إِلَّا لَدَيۡهِ رَقِيبٌ عَتِيدٞ ١٨
وَجَآءَتۡ سَكۡرَةُ ٱلۡمَوۡتِ
بِٱلۡحَقِّۖ ذَٰلِكَ مَا كُنتَ مِنۡهُ تَحِيدُ ١٩
وَنُفِخَ فِي ٱلصُّورِۚ ذَٰلِكَ يَوۡمُ ٱلۡوَعِيدِ ٢٠
وَجَآءَتۡ كُلُّ نَفۡسٖ مَّعَهَا سَآئِقٞ وَشَهِيدٞ ٢١
لَّقَدۡ كُنتَ فِي غَفۡلَةٖ مِّنۡ هَٰذَا فَكَشَفۡنَا
عَنكَ غِطَآءَكَ فَبَصَرُكَ ٱلۡيَوۡمَ حَدِيدٞ ٢٢

12. ഇവരുടെ മുമ്പ് നൂഹിന്റെ ജനതയും റസ്സുകാരും ഥമൂദ് സമുദായവും സത്യം നിഷേധിക്കുകയുണ്ടായി.
13. ആദ് സമുദായവും ഫിർഔനും ലൂത്വിന്റെ സഹോദരങ്ങളും.
14. മരക്കൂട്ടങ്ങൾക്കിടയിൽ വസിച്ചിരുന്നവരും തുബ്ബഇന്റെ ജനതയും. ഇവരെല്ലാം ദൈവദൂതൻമാരെ നിഷേധിച്ചുതള്ളി. അപ്പോൾ (അവരിൽ) എന്റെ താക്കീത് സത്യമായി പുലർന്നു.
15. അപ്പോൾ ആദ്യതവണ സൃഷ്ടിച്ചതു കൊണ്ട് നാം ക്ഷീണിച്ചുപോയോ? അല്ല, അവർ പുതിയൊരു സൃഷ്ടിപ്പിനെപ്പറ്റി സംശയത്തിലാകുന്നു.
16. തീർച്ചയായും മനുഷ്യനെ നാം സൃഷ്ടിച്ചിരിക്കുന്നു. അവന്റെ മനസ്സ് മന്ത്രിച്ചുകൊണ്ടിരിക്കുന്നത് നാം അറിയുക യും ചെയ്യുന്നു. നാം (അവന്റെ) കണ്ഠനാഡിയെക്കാൾ അവനോട് അടുത്തവനും ആകുന്നു.
17. വലതുഭാഗത്തും ഇടതുഭാഗത്തും ഇരുന്നു കൊണ്ട് ഏറ്റുവാങ്ങുന്ന രണ്ടുപേർ ഏറ്റുവാങ്ങുന്ന സന്ദർഭം.
18. അവൻ ഏതൊരു വാക്ക് ഉച്ചരിക്കുമ്പോഴും അവന്റെ അടുത്ത് തയ്യാറായി നിൽക്കുന്ന നിരീക്ഷകൻ ഉണ്ടാവാതിരിക്കുകയില്ല.
19. മരണവെപ്രാളം യാഥാർഥ്യവും കൊണ്ട് വരുന്നതാണ്. എന്തൊന്നിൽനിന്ന് നീ ഒഴിഞ്ഞ് മാറികൊണ്ടിരിക്കുന്നുവോ അതത്രെ ഇത്.
20. കാഹളത്തിൽ ഊതപ്പെടുകയും ചെ യ്യും. അതാകുന്നു താക്കീതിന്റെ ദിവസം.
21. കൂടെ ഒരു ആനയിക്കുന്നവനും ഒരു സാക്ഷിയുമുള്ള നിലയിലായിരിക്കും ഏതൊരാളും (അന്ന്) വരുന്നത്.
22. (അന്ന് സത്യനിഷേധിയോടു പറയപ്പെടും:) തീർച്ചയായും നീ ഇതിനെപ്പറ്റി അശ്രദ്ധയിലായിരുന്നു. എന്നാൽ ഇപ്പോൾ നിന്നിൽനിന്ന് നിന്റെ ആ മൂടി നാം നീക്കം ചെയ്തിരിക്കുന്നു. അങ്ങനെ നിന്റെ ദൃഷ്ടി ഇന്ന് മൂർച്ചയുള്ളതാകുന്നു.

وَقَالَ قَرِينُهُۥ هَٰذَا مَا لَدَيَّ عَتِيدٌ ﴿٢٣﴾
أَلْقِيَا فِى جَهَنَّمَ كُلَّ كَفَّارٍ عَنِيدٍ ﴿٢٤﴾
مَّنَّاعٍ لِّلْخَيْرِ مُعْتَدٍ مُّرِيبٍ ﴿٢٥﴾
ٱلَّذِى جَعَلَ مَعَ ٱللَّهِ إِلَٰهًا ءَاخَرَ
فَأَلْقِيَاهُ فِى ٱلْعَذَابِ ٱلشَّدِيدِ ﴿٢٦﴾
قَالَ قَرِينُهُۥ رَبَّنَا مَآ أَطْغَيْتُهُۥ
وَلَٰكِن كَانَ فِى ضَلَٰلٍۭ بَعِيدٍ ﴿٢٧﴾
قَالَ لَا تَخْتَصِمُوا۟ لَدَيَّ وَقَدْ قَدَّمْتُ
إِلَيْكُم بِٱلْوَعِيدِ ﴿٢٨﴾
مَا يُبَدَّلُ ٱلْقَوْلُ لَدَيَّ وَمَآ أَنَا۠ بِظَلَّٰمٍ لِّلْعَبِيدِ ﴿٢٩﴾
يَوْمَ نَقُولُ لِجَهَنَّمَ هَلِ ٱمْتَلَأْتِ وَتَقُولُ
هَلْ مِن مَّزِيدٍ ﴿٣٠﴾

23. അവന്റെ സഹചാരി (മലക്ക്) പറയും: ഇതാകുന്നു എന്റെ പക്കൽ തയ്യാറുള്ളത് (രേഖ).
24. (അല്ലാഹു മലക്കുകളോട് കൽപിക്കും:) സത്യനിഷേധിയും ധിക്കാരിയുമായിട്ടുള്ള ഏതൊരുത്തനെയും നിങ്ങൾ നരകത്തിൽ ഇട്ടേക്കുക.
25. അതായത് നന്മയെ മുടക്കുന്നവനും അതിക്രമകാരിയും സംശയാലുവുമായ ഏതൊരുത്തനെയും.
26. അതെ, അല്ലാഹുവോടൊപ്പം വേറെ ദൈവത്തെ സ്ഥാപിച്ച ഏതൊരുവനെയും. അതിനാൽ കഠിനമായ ശിക്ഷയിൽ അവനെ നിങ്ങൾ ഇട്ടേക്കുക.
27. അവന്റെ കൂട്ടാളി പറയും: ഞങ്ങളുടെ രക്ഷിതാവേ! ഞാനവനെ വഴിതെറ്റിച്ചിട്ടില്ല. പക്ഷേ, അവൻ വിദൂരമായ ദുർമാർഗത്തിലായിരുന്നു.
28. അവൻ (അല്ലാഹു) പറയും: നിങ്ങൾ എന്റെ അടുക്കൽ തർക്കിക്കേണ്ട. മുമ്പേ ഞാൻ നിങ്ങൾക്ക് താക്കീത് നൽകിയിട്ടുണ്ട്.
29. എന്റെ അടുക്കൽ വാക്ക് മാറ്റപ്പെടുകയില്ല. ഞാൻ ദാസൻമാരോട് ഒട്ടും അനീതി കാണിക്കുന്നവനുമല്ല.
30. നീ നിറഞ്ഞ് കഴിഞ്ഞോ എന്ന് നാം നരകത്തോട് പറയുകയും കൂടുതൽ എന്തെങ്കിലുമുണ്ടോ എന്ന് അത് (നരകം) പറയുകയും ചെയ്യുന്ന ദിവസത്തിലത്രെ അത്.

12-14. മഹാന്മാരായ പ്രവാചകന്മാരെയും ആദരണീയരായ ദൂതന്മാരെയും ഇവർക്ക് മുമ്പ് മുൻ സമുദായങ്ങൾ നിഷേധിച്ചു. നൂഹി(അ)ന്റെ ജനത അദ്ദേഹത്തെ കളവാക്കിയതുപോലെ; ഥമൂദ് സമുദായം സ്വാലിഹ് നബി(അ)യെ, ആദ് സമുദായം ഹൂദ് നബി(അ)യെ, ലൂത്വി(അ)ന്റെ ജനത അദ്ദേഹത്തെ, മരക്കൂട്ടങ്ങളിൽ വസിച്ചിരുന്നവർ ശുഐബ് നബി(അ)യെ കളവാക്കി. തുബ്ബഇന്റെ ജനത-ഇസ്രാഈലിന് മുമ്പ് യമൻ ഭരിച്ചിരുന്ന രാജവംശം-അല്ലാഹു അയച്ച ദൂതരെ കളവാക്കി. ഈ പ്രവാചകനാരാണെന്ന് അല്ലാഹു ഇവിടെ പറഞ്ഞില്ല. അതിൽപെട്ടതായിരിക്കാം തുബ്ബഅ്. തുബ്ബഅ് രാജാക്കളിൽ ഏത് തുബ്ബഅ് ആണെന്നും പറഞ്ഞിട്ടില്ല. അറബികൾക്ക് ഏറ്റവും പരിചിതനായിരുന്നു അദ്ദേഹം. അവരുടെ സംഭവങ്ങൾ അറബികൾക്ക് അറിയാത്തതല്ല; പ്രത്യേകിച്ച് ഇത്തരം വലിയ സംഭവങ്ങൾ. ഇവരെല്ലാവരും അല്ലാഹു അയച്ച ദൂതന്മാരെ നിഷേധിച്ചു. അപ്പോൾ അല്ലാഹുവിന്റെ താക്കീതും ശിക്ഷയും അവരുടെമേൽ യാഥാർഥ്യമായി. മുഹമ്മദ് നബി(സ്വ)യെ കളവാക്കുന്നവരേ, നിങ്ങൾ അവരെക്കാൾ ഉത്തമരല്ല. അവരുടെ പ്രവാചകന്മാർ നിങ്ങളുടെ പ്രവാചകനെക്കാൾ ശ്രേഷ്ഠരല്ല. അവർക്ക് സംഭവിച്ചത് സംഭവിക്കാതിരിക്കാൻ നിങ്ങൾ ജാഗ്രത കാണിക്കുക.

15. ആദ്യ സൃഷ്ടിപ്പിനെ-ആദ്യത്തെ ഉണ്ടാക്കൽ-തെളിവാക്കുകയാണ് അല്ലാഹു. അവസാനത്തെ ആ സൃഷ്ടിപ്പിന്-അവസാനത്തെ ഉണ്ടാക്കൽ-ഇല്ലായ്മയിൽനിന്നും അവരെ ഉണ്ടാക്കിയതുപോലെ മരണശേഷം അവനവരെ മടക്കും; അവർ നുരുമ്പിയ തുരുമ്പുകളായ തിനുശേഷം. തുടർന്ന് പറയുന്നു: (നാം ക്ഷീണിച്ചുപോയോ?) നമ്മുടെ ശക്തി ക്ഷയിച്ചുകൊണ്ടോ ദുർബലത സംഭവിച്ചുകൊണ്ടോ. (ആദ്യ തവണ സൃഷ്ടിച്ചതുകൊണ്ട്). എന്നാൽ കാര്യം അങ്ങനെയല്ല. നാം ക്ഷീണിക്കുകയോ അശക്തനാവുകയോ ചെയ്തിട്ടില്ല. അതിലവർക്ക് സംശയവും ഇല്ല. (അവർ പുതിയൊരു സൃഷ്ടിപ്പിനെപ്പറ്റി സംശയത്തിലാകുന്നു). അതിലവർ സംശയിക്കുന്നു. അതവരുടെ മേൽ ആശയക്കുഴപ്പം ഉണ്ടാക്കുകയും ചെയ്തു.

യാതൊരു സംശയത്തിനും അതിൽ സ്ഥാനമില്ല. തിരിച്ചുകൊണ്ടുവരൽ ആദ്യമുണ്ടാക്കുന്നതിനെക്കാൾ എളുപ്പമാണ്.

16. മനുഷ്യവർഗത്തെ, ആണിനെയും പെണ്ണിനെയും സൃഷ്ടിച്ചതിൽ അവനേകനാണെന്ന് അല്ലാഹു അറിയിക്കുന്നു. തീർച്ചയായും അവൻ മനുഷ്യന്റെ അവസ്ഥകളും അവൻ രഹസ്യമാക്കുന്നതും അവന്റെ മനസ്സ് മന്ത്രിക്കുന്നതും അറിയുന്നു. (കണ്ഠനാഡിയെക്കാൾ അവനോട് അടുത്തവനാകുന്നു) മനുഷ്യനിലേക്ക് ഏറ്റവും അടുത്തത് അതാണ്. നെഞ്ചിന് മുകളിലെ വിടവിൽ തള്ളിനിൽക്കുന്ന നാഡി. തന്റെ സ്രഷ്ടാവ് തന്നെ നിരീക്ഷിക്കുന്നുണ്ടെന്നതിനെക്കുറിച്ച് മനുഷ്യനെ ഓർമപ്പെടുത്തുന്നുണ്ടിവിടെ. അല്ലാഹു ഹൃദയത്തിലേക്കും ഉള്ളിലേക്കും നോക്കുന്നു. എല്ലാ അവസ്ഥയിലും അവൻ മനുഷ്യനിലേക്ക് ഏറ്റവും അടുത്തവനാണ്. അപ്പോൾ അല്ലാഹു വിരോധിച്ച ഒരു കാര്യം തന്നിൽ കാണുകയോ കൽപനകൾ വിട്ടുപോകുയോ ചെയ്യുന്നതിൽ അവൻ ലജ്ജിക്കുന്നു.

17. എഴുത്തുകാരായ ആദരണീയ മലക്കുകളെ പ്രത്യേകം പരിഗണിക്കണം. പറയുമ്പോഴും പ്രവർത്തിക്കുമ്പോഴും ലോകരക്ഷിതാവ് ഇഷ്ടപ്പെടാത്തത് എഴുതുന്നതും പ്രവർത്തിക്കുന്നതും പറയുന്നതും ഭയപ്പെടുകയും ഗൗരവമായി കാണുകയും വേണം. (ഏറ്റുവാങ്ങുന്ന രണ്ടുപേർ ഏറ്റുവാങ്ങുന്ന സന്ദർഭം) അടിമയുടെ എല്ലാ പ്രവർത്തനങ്ങളും രണ്ടുപേർ ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്നു. ഒരാൾ (വലതുഭാഗത്തും) നന്മകൾ എഴുതിക്കൊണ്ടിരിക്കുന്നു. അടുത്തയാൾ (ഇടതുഭാഗത്തും) തിന്മകൾ എഴുതുന്നു. രണ്ടുപേരും (ഇരുന്നുകൊണ്ട്) ആ കാര്യത്തിനുവേണ്ടി മാത്രം, നിശ്ചയിച്ച പ്രവർത്തനത്തിന് തയ്യാറായി നിരന്തരമായി അത് ചെയ്തുകൊണ്ടിരിക്കുന്നു.

18. (അവർ ഏതൊരു വാക്ക് ഉച്ചരിക്കുമ്പോഴും) നന്മയാകട്ടെ തിന്മയാകട്ടെ. (അവന്റെ അടുത്ത് തയ്യാറായി നിൽക്കുന്ന നിരീക്ഷകൻ ഉണ്ടായിട്ടല്ലാതെ) അവനെ നിരീക്ഷിക്കുന്നവനും ആ അവസ്ഥയ്ക്ക് ഹാജരായവനുമായി.

''തീർച്ചയായും നിങ്ങളുടെ മേൽ ചില മേൽനോട്ടക്കാരുണ്ട്. രേഖപ്പെടുത്തിവെക്കുന്ന ചില മാന്യന്മാർ. നിങ്ങൾ പ്രവർത്തിക്കുന്നത് അവരറിയുന്നു'' (82:10-12)

19. അതായത്, (വരുന്നതാണ്) അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്ന ഈ അശ്രദ്ധന്. (മരണവെപ്രാളം) തടുക്കാനോ രക്ഷപ്പെടാനോ സാധിക്കാത്ത. (എന്തൊന്നിൽനിന്ന് നീ ഒഴിഞ്ഞുമാറിക്കൊണ്ടിരിക്കുന്നുവോ അതത്രെ ഇത്) തിരിച്ചുപോവുകയും പിന്തുകയും ചെയ്യുന്നു.

20. (കാഹളത്തിൽ ഊതപ്പെടുകയും ചെയ്യും. അതാകുന്നു താക്കീതിന്റെ ദിവസം) അക്രമികൾ, അവർക്ക് അല്ലാഹു വാഗ്ദാനം ചെയ്ത ശിക്ഷയിലേക്കും വിശ്വാസികൾ അവർക്ക് വാഗ്ദാനം ചെയ്ത പ്രതിഫലത്തിലേക്കും എത്തിച്ചേരുന്ന ദിവസം.

21. (കൂടെ ഒരു ആനയിക്കുന്നവനും ഒരു സാക്ഷിയുമുള്ള നിലയിലായിരിക്കും ഏതൊരാളും വരുന്നത്) ഉയിർത്തെഴുന്നേൽപിന്റെ സ്ഥലത്തേക്ക് അവരെ ആനയിക്കും. പോകാതിരിക്കാൻ ഒരാൾക്കും കഴിയില്ല. (സാക്ഷിയും) അവന്റെ പ്രവർത്തനങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നു; നന്മക്കും തിന്മക്കും. തന്റെ അടിമകളുടെ പ്രവർത്തനം സൂക്ഷിച്ചുവെക്കാനും നീതിപൂർവം അതിന് പ്രതിഫലം നൽകാനും അല്ലാഹുവിന്റെ ശ്രദ്ധയ്ക്കുള്ള തെളിവാണിത്.

22. ഓരോ അടിമയും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. എന്നാൽ അധികപേരും ജനങ്ങളിൽ അശ്രദ്ധരാണ്. (തീർച്ചയായും നീ ഇതിനെപ്പറ്റി അശ്രദ്ധയിലായിരുന്നു). ഉയിർത്തെഴുന്നേൽപുനാളിൽ, തിരിഞ്ഞുകളഞ്ഞ നിഷേധിയെ അവഹേളിച്ചുകൊണ്ടും ആക്ഷേപിച്ചുകൊണ്ടും നിർദയം അവനോട് പറയും. അതായത് തീർച്ചയായും നീ നിഷേധിയും അതനുസരിച്ച് പ്രവർത്തിക്കാത്തവനുമായിരുന്നു. ഇപ്പോൾ നാം നീക്കിക്കളഞ്ഞിരിക്കുന്നു. (നിന്നിൽനിന്ന് നിന്റെ ആ മൂടിയെ) നിന്റെ ഹൃദയത്തെ മൂടുകയും നിന്നെ ഉറക്കിലാക്കുകയും തിരിഞ്ഞുകളഞ്ഞ് കഴിച്ചുകൂട്ടുകയും ചെയ്തതായ. (അങ്ങനെ നിന്റെ ദൃഷ്ടി ഇന്ന് മൂർച്ചയുള്ളതാകുന്നു) അവനെ വിറപ്പിച്ചുകളയുന്നതും ഭയപ്പെടുത്തുന്നതുമായ ശിക്ഷകൾ അവൻ കാ ണും. ഇത് ഒരടിമയോട് അല്ലാഹു പറയുന്നതാണ്. അവനെ സൃഷ്ടിച്ച ലക്ഷ്യത്തിൽനിന്ന് അവൻ ഈ ലോകത്ത് അശ്രദ്ധനായിരുന്നു. ഉയിർത്തെഴുന്നേൽപുനാളിൽ അവന് ബോധം വരും. നഷ്ടം തിരിച്ചറിയാനും വീഴ്ച മനസ്സിലാക്കാനും കഴിയാത്ത സമയത്തെ ആവശ്യങ്ങൾ നീങ്ങി. ഇതൊക്കെ അല്ലാഹു തന്റെ അടിമയെ ഭയപ്പെടുത്തുകയാണ്. ആ മഹത്തായ ദിനത്തിൽ സത്യനിഷേധികൾക്കുണ്ടാകുന്നതിനെ പറഞ്ഞ് താക്കീത് ചെയ്യുകയുമാണ്.

23. (അവന്റെ സഹചാരി പറയും) സത്യത്തെ അവഗണിച്ച ഈ നിഷേധിയുടെ മലക്കായ സഹചാരി പറയും. ഈ മലക്കുകളെയാണ് അല്ലാഹു അവന്റെയും അവന്റെ പ്രവർത്തനങ്ങളുടെയും സംരക്ഷണം ഏൽപിച്ചത്. അവനെയും അവന്റെ പ്രവർത്തനങ്ങളെയും ഉയിർത്തെഴുന്നേൽപുനാളിൽ ഹാജരാക്കും. അവനോട് പറുകയും ചെയ്യും: (ഇതാകുന്നു

എന്റെ പക്കൽ തയ്യാറുള്ളത്) എന്നെ സംര ക്ഷിക്കാൻ ഏൽപിച്ചവനെയും അവന്റെ പ്ര വർത്തനങ്ങളെയും ഞാനിതാ ഹാജരാക്കി യിരിക്കുന്നു.

24. അങ്ങനെ അവന്റെ പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകപ്പെടും. നരകാവകാശിയോട് പറയപ്പെടും: (സത്യനിഷേധിയും ധിക്കാരി യുമായിട്ടുള്ള ഏതൊരുത്തനെയും നിങ്ങൾ നരകത്തിൽ ഇട്ടേക്കുക) വർധിച്ച അന്ധവിശ്വാ സവും ധിക്കാരവും അല്ലാഹുവിന്റെ വചനങ്ങ ളോട് കാണിച്ചവനെ, പാപങ്ങൾ അധികരി പ്പിച്ചവനെ, കുറ്റങ്ങൾക്കും നിഷിദ്ധങ്ങൾക്കും ധൈര്യപ്പെട്ടവനെ.

25. (നന്മയെ മുടക്കുന്നവൻ) അവന്റെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതായ നന്മകളെ. അതിൽ ഏറ്റവും വലുത് അല്ലാഹുവിലും അവന്റെ മലക്കുകളിലും വേദഗ്രന്ഥങ്ങളിലും പ്രവാച കന്മാരിലുമുള്ള വിശ്വാസമാണ്. തന്റെ ശരീ രംകൊണ്ടും ധനം കൊണ്ടുമുള്ള നന്മകളെ അവൻ മുടക്കുന്നു. (അതിക്രമകാരിയും) അല്ലാ ഹുവിന്റെ നിയമാതിർത്തികളിലും അവന്റെ അടിമകളോടും. (സംശയാലുവും) അല്ലാഹു വിന്റെ വാഗ്ദത്തിലും താക്കീതിലും സംശയിക്കു ന്നവൻ, വിശ്വാസമോ നന്മയോ ഇല്ല. മറിച്ച് അവന്റെ പ്രത്യേകത നിഷേധവും ശത്രുതയും സംശയവും പിശുക്കും പരമകാരുണികന് പുറമെ ആരാധ്യന്മാരെ സ്വീകരിക്കലുമാണ്.

26. (അതെ, അല്ലാഹുവോടൊപ്പം വേറെ ആരാധ്യനെ സ്ഥാപിച്ച ഏതൊരുവനെയും) അല്ലാഹുവിന് പുറമെ യാതൊരു ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴയാത്ത, മരണമോ ജീവിതമോ ഉയിർത്തെഴുന്നേൽപോ നടത്തു വാൻ - യാതൊന്നിനും - കഴിവില്ലാത്തവനെ അവൻ ആരാധിച്ചു. (അതിനാൽ നിങ്ങൾ ഇട്ടേ ക്കുക) സഹചാരികളായ രണ്ട് മലക്കുകളേ നിങ്ങൾ. (കഠിനമായ ശിക്ഷയിൽ) ഏറ്റവും കഠിനവും നീചവുമായ.

27. (അവന്റെ കൂട്ടാളി പറയും) അവന്റെ കുറ്റമെല്ലാം അവനിൽ ചുമത്തി അവന്റെ തെറ്റിൽ നിന്ന് ഒഴിവായി ശൈത്വാൻ പറയും. (ഞങ്ങളുടെ രക്ഷിതാവേ, ഞാനവനെ വഴിതെറ്റിച്ചിട്ടില്ല) കാരണം, എനിക്ക് അവന്റെമേൽ യാതൊരു അധികാരവും പ്രമാണവും രേഖയും ഉണ്ടായി രുന്നില്ല. (ഞാൻ അവനെ വഴിതെറ്റിച്ചിട്ടില്ല. പക്ഷേ, അവൻ വിദൂരമായ ദുർമാർഗത്തിലാ യിരുന്നു) അവന്റെ ഇഷ്ടപ്രകാരം സത്യത്തി ൽനിന്നും അകന്ന് വഴിപിഴച്ചവനായിരുന്നു അവൻ. മറ്റൊരു വചനത്തിൽ പറഞ്ഞതു പോലെ:

''കാര്യം തീരുമാനിക്കപ്പെട്ടുകഴിഞ്ഞാൽ പിശാച് പറയുന്നതാണ്; തീർച്ചയായും അല്ലാഹു നിങ്ങളോട് ഒരു വാഗ്ദാനം ചെയ്തു, സത്യവാഗ്ദാനം. ഞാനും നിങ്ങളോട് വാഗ്ദാനം ചെയ്തു. എന്നാൽ നിങ്ങളോട് ഞാൻ ലംഘിച്ചു'' (14:22).

28. അവരുടെ തർക്കത്തിന് മറുപടിയായി അല്ലാഹു പറയും: (നിങ്ങൾ എന്റെ അടുക്കൽ തർക്കി ക്കേണ്ട) എന്റെ അടുക്കൽവെച്ച് നിങ്ങ ൾ തർക്കിക്കുന്നതുകൊണ്ട് യാതൊരു പ്രയോ ജനവും ഇല്ല. കാരണം (മുമ്പേ ഞാൻ നിങ്ങ ൾക്ക് താക്കീത് നൽകിയിട്ടുണ്ട്) പ്രകടമായ തെളിവുകളും വ്യക്തമായ പ്രമാണങ്ങളും വിശദമായ ദൃഷ്ടാന്തങ്ങളുംകൊണ്ട് എന്റെ ദൂതന്മാർ നിങ്ങളുടെ അടുക്കൽ വന്നിട്ടുണ്ട്. അത് നിങ്ങൾക്കെതിരെ തെളിവാവുകയും നിങ്ങളുടെ ന്യായങ്ങൾ മുറിഞ്ഞുപോവുക യും ചെയ്തു. നിങ്ങൾ മുമ്പ് ചെയ്ത പ്രവർത്തന ങ്ങൾക്ക് പ്രതിഫലം നിർബന്ധമായിരിക്കുന്നു.

29. (എന്റെ അടുക്കൽ വാക്ക് മാറ്റപ്പെടുകയില്ല). അല്ലാഹു അറിയിച്ചതും പറഞ്ഞതുമായ കാര്യ ങ്ങളിൽ മാറ്റം സാധ്യമല്ല. കാരണം അല്ലാഹു വിനെക്കാൾ സത്യം പറയുന്ന മറ്റാരുമില്ല; സംസാരം സത്യമാകുന്നതിലും. (ഞാൻ ദാസ ന്മാരോട് ഒട്ടും അനീതി കാണിക്കുന്നവനുമ ല്ല) മറിച്ച്, ഞാൻ അവർ ചെയ്യുന്ന നന്മതി ന്മകൾക്ക് പ്രതിഫലം നൽകുന്നു. അവരുടെ തിന്മകളെ കൂട്ടുകയില്ല, നന്മകളെയാവട്ടെ കുറക്കുകയുമില്ല.

30. തന്റെ അടിമകളെ ഭയപ്പെടുത്തിക്കൊണ്ട് അല്ലാഹു പറയുന്നു: (നീ നിറഞ്ഞുകഴി ഞ്ഞോ എന്ന് നാം നരകത്തോട് പറയും) അതിൽ ഇടപ്പെടുന്നവരുടെ ആധിക്യമാണത്. (കൂടുതൽ എന്തെങ്കിലുമുണ്ടോ എന്ന് അത് പറയുകയും ചെയ്യുന്ന ദിവസം) പാപികളായ കുറ്റവാളികളെ ആ നരകം വീണ്ടും വീണ്ടും ആവശ്യപ്പെട്ടുകൊണ്ടിരിക്കും. തന്റെ രക്ഷിതാ വിനുവേണ്ടി കോപിച്ചുകൊണ്ടും സത്യനിഷേ ധികളോടുള്ള ഈർഷ്യതകൊണ്ടും അത് നിറ ക്കുമെന്ന് അല്ലാഹുവിന്റെ വാഗ്ദത്തവുമുണ്ട്.

''ജിന്നുകൾ മനുഷ്യർ എന്നീ രണ്ട് വിഭാഗ ത്തെയുംകൊണ്ട് ഞാൻ നരകം നിറക്കുകത ന്നെ ചെയ്യുന്നതാണ്'' (11:119).

സാദൃശ്യപ്പെടുത്താൻ പറ്റാത്ത പരിശുദ്ധമായ തന്റെ പാദം പ്രതാപശാലിയായ രക്ഷിതാവ് അതിൽ വെക്കുന്നതുവരെ അത് നിറയില്ല. അപ്പോൾ അത് പരസ്പരം ചേരും. അത് പറ യുകയും ചെയ്യും; മതി, മതി. ഞാൻ നിറഞ്ഞു. എനിക്ക് മതിയായി എന്ന്.



# മക്കാവിജയം

ഹുസൈൻ സലഫി
:+971 50 634 6963



നബി(സ്വ) മക്കയിലേക്ക് പ്രവേശിക്കുമ്പോൾ ആരെയും നോവിക്കരുതെന്നും ഇങ്ങോട്ട് അക്രമിക്കുന്നവരെയല്ലാതെ കായികമായി നേരിടില്ല എന്നുമൊക്കെ പ്രഖ്യാപിച്ചിരുന്നു. എന്നാൽ വിരലിലെണ്ണാവുന്ന ചിലരെ എവിടെവെച്ച് കണ്ടാലും വധിച്ചുകളയാനും കൽപന നൽകി. അവർ നാലു പുരുഷന്മാരും രണ്ടു സ്ത്രീകളുമായിരുന്നു. മറ്റുള്ള എല്ലാവരെക്കാളും നബി(സ്വ)യെ മാനസികമായും ശാരീരികമായും പീഡിപ്പിച്ചിരുന്ന ആളുകളായിരുന്ന അവർ. എന്നാൽ അവരിൽ അബ്ദുല്ലാഹ് ഇബ്ന ഖത്വൽ, മിക്വ്യസ് ഇബ്ന സ്വബാബ എന്നിവർ മാത്രമാണ് ശിക്ഷിക്കപ്പെട്ടത്. ബാക്കിയുള്ള നാലുപേരെയും നബി(സ്വ) മാപ്പ് നൽകി വിട്ടയച്ചു എന്നാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നത്.

നബി(സ്വ)യുടെ പിതൃവ്യനായ ഹംസ(റ)യോട് ഉഹ്ദിന്റെ രണഭൂമിയിൽ ചെയ്ത കൊടുംക്രൂരത നബി(സ്വ)ക്ക് ഏറെ വേദയുണ്ടാക്കിയ സംഭവമായിരുന്നു. അതിന് നേതൃത്വം നൽകിയ ഹിന്ദിന് നബി(സ്വ) മാപ്പ് നൽകി. ഹംസ(റ)യെ ചാട്ടുളി എറിഞ്ഞ് വീഴ്ത്തിയ വഹ്ശിക്കും നബി(സ്വ) മാപ്പ് നൽകി.

കാരുണ്യത്തിന്റെ പ്രവാചകനായ മുഹമ്മദ്(സ്വ) തന്റെ ശത്രുക്കൾക്ക് നൽകിയ മാപ്പും വിട്ടുവീഴ്ചയും ചരിത്രത്തിൽ തുല്യതയില്ലാത്തതായിരുന്നു. ജനിച്ചുവളർന്ന മണ്ണിൽനിന്നും, കുട്ടുകുടുംബങ്ങളിൽനിന്നും ആട്ടിപ്പുറത്താക്കുകയും, തന്നെയും അനുചരന്മാരെയും പലവിധത്തിൽ പീഡിപ്പിക്കുകയും ചെയ്ത ആ ജനത തന്റെ മുന്നിൽ പേടിച്ച് നിൽക്കുന്ന സമയത്ത് അവർക്കെല്ലാവർക്കും മാപ്പ് നൽകാൻ മാത്രം വിശാല മനസ്സ് കാണിച്ച മഹാനായിരുന്നു മുഹമ്മദ് നബി(സ്വ). ആരോടും അദ്ദേഹം അന്യായമോ അനീതിയോ ചെയ്തില്ല. കാരുണ്യത്തോടെയും സ്നേഹത്തോടെയും അവിടുന്ന് പെരുമാറി.

അങ്ങനെ നബി(സ്വ) തനിക്ക് വേണ്ടി പ്രത്യേകം തയ്യാർ ചെയ്തിട്ടുള്ള ഒരു ക്വുബ്ബയിൽ അൽപം വിശ്രമിച്ചു. പിന്നീട് വാഹനപ്പുറത്ത് കയറി കഅ്ബയെ ലക്ഷ്യമാക്കി മുന്നോട്ടുനീങ്ങി. തുടർന്ന് കഅ്ബയെ ഏഴു തവണ ത്വവാഫ് ചെയ്തു. തിക്കും തിരക്കും കൂട്ടാതെ, തന്റെ സമുദായത്തെ പഠിപ്പിക്കാൻ എന്ന നിലയിൽകൂടി അവിടുന്ന് ത്വവാഫ് നിർവഹിച്ചു. ത്വവാഫിന്റെ വേളയിൽ ഹജറുൽ അസ്‌വദ് ചുംബിക്കുന്നതിനായി തിക്കും തിരക്കും കാണിച്ച് മറ്റുള്ളവരെ ഇടിക്കുകയും വീഴ്ത്തുകയുമെല്ലാം ചെയ്യുന്നവർക്ക് അതിന് നബി(സ്വ)യിൽ യാതൊരു മാതൃകയുമില്ല.

വിജയശ്രീലാളിതനായി നബി(സ്വ) മക്കയിൽ പ്രവേശിക്കുന്ന വേളയിൽ കഅ്ബയുടെ ചുറ്റും ധാരാളം പ്രതിഷ്ഠകളും മറ്റും ഉണ്ടായിരുന്നു. അവയെല്ലാം അവിടെനിന്നും നീക്കി കഅ്ബയെ ശുദ്ധിയാക്കി.

അബ്ദുല്ലാഹ് ഇബ്‌നു മസ്ഊദി(റ)ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: ''നബി(സ്വ) മക്കയിൽ പ്രവേശിച്ചു. അപ്പോൾ കഅ്ബയുടെ ചുറ്റിനും മുന്നൂറ്റി അറുപത് പ്രതിഷ്ഠകൾ ഉണ്ടായിരുന്നു. അപ്പോൾ തന്റെ കൈയിൽ ഉണ്ടായിരുന്ന ഒരു കൊള്ളികൊണ്ട് അവയെ കുത്തിയിടുകയും ചെയ്തു. (ആ സമയത്ത് ഇപ്രകാരം) അവിടുന്ന് പറയുകയും ചെയ്യുന്നുണ്ടായിരുന്നു: 'സത്യം വരികയും അസത്യം തകരുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അസത്യം തകരുന്നത് തന്നെയാകുന്നു' (അൽഇസ്‌റാഅ് 81). 'സത്യം വന്നിരിക്കുന്നു. അസത്യം (യാതൊന്നിനും) തുടക്കം കുറിക്കുകയില്ല. (യാതൊന്നും) പുനഃസ്ഥാപിക്കുകയുമില്ല' (സബഅ്:49)'' (ബുഖാരി).

ത്വവാഫിന്റെ വേളയിൽ കഅ്ബയുടെ പുറത്ത് നാട്ടിയിട്ടുള്ള വിഗ്രഹങ്ങളെയെല്ലാം ഒഴിവാക്കി പരിശുദ്ധ ഭവനത്തെ ശുദ്ധിയാക്കി. തുടർന്ന് അവിടുന്ന് കഅ്ബയുടെ അകത്തേക്ക് പ്രവേശിക്കുകയാണ്.

ഇബ്‌നു അബ്ബാസി(റ)ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: ''അല്ലാഹുവിന്റെ റസൂൽ(സ്വ) (മക്കയിൽ) വന്നപ്പോൾ കഅ്ബയിൽ പ്രവേശിക്കാൻ വിസമ്മതം കാണിച്ചു. അന്നേരം അതിൽ (കുറെ) ആരാധ്യവസ്തുക്കൾ ഉണ്ടായിരുന്നു. അങ്ങനെ അവ (എടുത്തു കളയാൻ) അവിടുന്ന് കൽപിച്ചു. അപ്പോൾ അവ പുറത്താക്കപ്പെടുകയും ചെയ്തു. അങ്ങനെ അവർ ഇബ്‌റാഹീമി(അ)ന്റെയും ഇസ്മാഈലി(അ)ന്റെയും രൂപത്തെ പുറത്തെടുത്തു. അവരുടെ കൈകളിൽ പ്രശ്‌നംവെച്ചു നോക്കുന്ന അമ്പുകൾ ഉണ്ടായിരുന്നു. അപ്പോൾ അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: ''അല്ലാഹു അവരെ നശിപ്പിക്കുമാറാകട്ടെ, അല്ലാഹുവാണെ സത്യം, തീർച്ചയായും അവർക്ക് അറിയാം, ഇവർ രണ്ടു പേരും ഒരിക്കലും ഭാഗ്യപരീക്ഷണം നോക്കാത്തവരാണെന്ന്'' (ബുഖാരി).

കഅ്ബയുടെ അകത്തുണ്ടായിരുന്ന ഇബ്‌റാഹിം നബി(അ)യുടെയും ഇസ്മാഈൽ നബി(അ)യുടെയും രൂപങ്ങളുടെ കൈകളിൽ ചില അമ്പുകൾ അന്ന് കാണപ്പെടുകയുണ്ടായി. മക്കയിലെ മുശ്‌രിക്കുകൾ ഭാഗ്യ-നിർഭാഗ്യങ്ങളും മറ്റും പരീക്ഷിച്ചറിയാനായി ഉപയോഗിച്ചിരുന്ന അമ്പുകളായിരുന്നു അത്. അവരുടെ കൈകളിൽ നിന്നും എടുക്കുന്ന അമ്പുകളുടെ സ്വഭാവത്തിന് അനുസരിച്ചായിരുന്നു അവരുടെ തീരുമാനങ്ങൾ അവർ നടപ്പിലാക്കിയിരുന്നത്. അഥവാ, കച്ചവടത്തിനോ വിവാഹത്തിനോ മറ്റു വല്ലതിനോ അവർ ഉദ്ദേശിച്ചാൽ കഅ്ബയിൽ പ്രവേശിക്കും. മൂന്ന് അമ്പുകളിൽനിന്നും ഒന്ന് കണ്ണുചിമ്മി അവർ എടുക്കും. ഒന്നിൽ 'ചെയ്ത് കൊള്ളുക' എന്നും, മറ്റേതിൽ 'ചെയ്യരുത്' എന്നും മറ്റൊന്നിൽ 'പൂജ്യ'വും ആണ് എഴുതിയിരുന്നത്. 'ചെയ്തുകൊള്ളുക'

**കാരുണ്യത്തിന്റെ പ്രവാചകനായ മുഹമ്മദ്(സ്വ) തന്റെ ശത്രുക്കൾക്ക് നൽകിയ മാപ്പും വിട്ടുവീഴ്ചയും ചരിത്രത്തിൽ തുല്യതയില്ലാത്തതായിരുന്നു. ജനിച്ചുവളർന്ന മണ്ണിൽനിന്നും, കൂട്ടുകുടുംബങ്ങളിൽനിന്നും ആട്ടിപ്പുറത്താക്കുകയും, തന്നെയും അനുചരന്മാരെയും പല വിധത്തിൽ പീഡിപ്പിക്കുകയും ചെയ്ത ആ ജനത തന്റെ മുന്നിൽ പേടിച്ച് നിൽക്കുന്ന സമയത്ത് അവർക്കെല്ലാവർക്കും മാപ്പ് നൽകാൻ മാത്രം വിശാല മനസ്സ് കാണിച്ച മഹാനായിരുന്നു മുഹമ്മദ് നബി(സ്വ). ആരോടും അദ്ദേഹം അന്യായമോ അനീതിയോ ചെയ്തില്ല. കാരുണ്യത്തോടെയും സ്‌നേഹത്തോടെയും അവിടുന്ന് പെരുമാറി.**

എന്നെഴുതിയത് കിട്ടിയാൽ അവരുടെ ഉദ്ദേശ്യം നടപ്പിലാക്കും. ചെയ്യരുതെന്നാണെങ്കിലോ ചെയ്യുകയുമില്ല. 'പൂജ്യ'മാണെങ്കിൽ വീണ്ടും അമ്പെടുത്ത് പരീക്ഷിക്കും.

ഇബ്‌റാഹീം നബി(അ)യോടും ഇസ്മാഈൽ നബി(അ)യോടുമുള്ള സ്‌നേഹവും ആദരവും കാരണം മാത്രമാണ് മുശ്‌രിക്കുകൾ അവരുടെ രൂപം ഉണ്ടാക്കിയതും അവരോട് പ്രാർഥിച്ചതും അവയുടെ മുമ്പിൽ ഭജനമിരിക്കുകയുമൊക്കെ ചെയ്തിരുന്നത്. ആ രൂപങ്ങൾ കഅ്ബയുടെ അകത്തുനിന്നും എടുത്തു കളയാൻ നബി(സ്വ) സ്വഹാബിമാരോട് കൽപിച്ചതിന്റെ കാരണവും ഇബ്‌റാഹീം നബി(അ)യോടും ഇസ്മാഈൽ നബി(അ)യോടുമുള്ള സ്‌നേഹം തന്നെയായിരുന്നു. രണ്ടു കൂട്ടർക്കും സ്‌നേഹം. പക്ഷേ, സ്‌നേഹപ്രകടനത്തിൽ രണ്ടും പരസ്പര വിരുദ്ധം. ഇതിൽ ഏത് സ്‌നേഹ പ്രകടനമാണ് ആ മഹാപ്രവാചകരുടെ ജീവിതത്തോട് സമരസപ്പെടുക? ഏത് കൂട്ടരാണ് ആ മഹാന്മാരെ ശരിയായ വിധത്തിൽ സ്‌നേഹിച്ചത്? സംശയമില്ല, നബി(സ്വ)യുടെ സ്‌നേഹം തന്നെ. കാരണം, ഇബ്‌റാഹീം(അ) പഠിപ്പിച്ച മാർഗം തനതായ ശൈലിയിൽ ജീവിതത്തിൽ പകർത്തുന്നതും അതിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതും നബി(സ്വ) തന്നെയായിരുന്നു. അവരുടെ മാർഗം പിൻപറ്റുമ്പോഴാണ് നാം അവരെ സ്‌നേഹിക്കുന്നവരാവുക.

മുഹമ്മദ് നബി(സ്വ)യെ സ്‌നേഹിക്കുന്ന രണ്ടുകൂട്ടരെ നമ്മുടെ നാട്ടിൽ കാണാം. ഒരു വിഭാഗം നബി(സ്വ)യെ വിളിച്ചു തേടുന്നവരാണ്. എന്നാൽ അതല്ല നബി(സ്വ)യുടെ മാർഗമെന്നും പ്രാർഥന അല്ലാഹുവിനോട് മാത്രമെ ആകാവൂ എന്നും, അതാണ് നബി(സ്വ) നമുക്ക് കാണിച്ചുതന്നത് എന്നും, നബി(സ്വ)യോട് സ്‌നേഹമുള്ളവർ നബി(സ്വ)യുടെ മാർഗമാണ് സ്വീകരിക്കേണ്ടത് എന്നും മറു വിഭാഗം പറയുന്നു. ഇതിൽ ആരാണ് നബി(സ്വ)യെ ശരിയായ അർഥത്തിൽ സ്‌നേഹിക്കുന്നത്? ഇബ്‌റാഹീം നബി(അ)യെയും ഇസ്മാഈൽ നബി(അ)യെയും മക്കയിലെ മുശ്‌രിക്കുകൾ സ്‌നേഹിച്ച രൂപവും നബി(സ്വ) സ്‌നേഹിച്ച രൂപവും താരതമ്യം ചെയ്ത് മനസ്സിലാക്കാവുന്നതേയുള്ളൂ. മർയം ബീവി(അ)യുടെ രൂപവും കഅ്ബക്കുള്ളിൽ ഉണ്ടായിരുന്നു എന്ന് ബുഖാരി ഉദ്ധരിക്കുന്നതായി കാണാം.

കഅ്ബക്കകത്തെ സർവ വിഗ്രഹങ്ങളെയും പുറത്തേക്ക് കളഞ്ഞതിനശേഷം നബി(സ്വ) അതിന്റെ അകത്തേക്ക് പ്രവേശിച്ചു. ശേഷം അതിൽവെച്ച് രണ്ടു റക്അത് നമസ്‌കരിച്ചു. ശേഷം പുറത്തേക്ക് വന്നു. അന്ന് കഅ്ബയുടെ താക്കോൽ മുസ്‌ലിംകളുടെ കൈവശമായിരുന്നില്ല ഉണ്ടായിരുന്നത്; ഉസ്മാൻ ഇബ്‌നു ത്വൽഹഃയുടെ അടുത്തായിരുന്നു. കഅ്ബയുടെ അകത്ത് പ്രവേശിക്കുന്നതിനായി അദ്ദേഹത്തിൽനിന്നും അത് നബി(സ്വ) വാങ്ങിയിരുന്നു. കഅ്ബയിൽനിന്നും പുറത്തിറങ്ങിയതിന് ശേഷം താക്കോൽ ഉസ്മാൻ ഇബ്‌നു ത്വൽഹയെ തന്നെ നബി(സ്വ) തിരിച്ചേൽപിക്കുകയും ചെയ്തു. വേണമെങ്കിൽ അത് നബി(സ്വ)യുടെ അധീനത്തിൽതന്നെ വെക്കാമായിരുന്നു. കാരണം, മക്ക നബി(സ്വ)ക്ക് അധീനപ്പെട്ടിരിക്കുകയാണ്. എന്നാൽ നബി(സ്വ) തന്റെ വിശ്വസ്തതയും സത്യസന്ധതയും അവിടെയും കാത്തുസൂക്ഷിക്കുകയാണ് ഉണ്ടായത്. കഅ്ബയുടെ താക്കോൽ പരമ്പരാഗതമായി ഒരു കുടുംബമായിരുന്നു സൂക്ഷിച്ചു പോന്നിരുന്നത്. അത് ഇന്നും അങ്ങനെത്തന്നെയാണ്. ഉസ്മാൻ ഇബ്‌നു ത്വൽഹയുടെ കുടുംബ പരമ്പരയിൽ പെട്ടവർ തന്നെയാണ് ഇതുവരെയും അതു സൂക്ഷിച്ചുപോന്നിട്ടുള്ളത്.

**മുഹമ്മദ് നബി(സ്വ)യെ സ്‌നേഹിക്കുന്ന രണ്ടുകൂട്ടരെ നമ്മുടെ നാട്ടിൽ കാണാം. ഒരു വിഭാഗം നബി(സ്വ)യെ വിളിച്ചു തേടുന്നവരാണ്. എന്നാൽ അതല്ല നബി(സ്വ)യുടെ മാർഗമെന്നും പ്രാർഥന അല്ലാഹുവിനോട് മാത്രമെ ആകാവൂ എന്നും, അതാണ് നബി(സ്വ) നമുക്ക് കാണിച്ചുതന്നത് എന്നും, നബി(സ്വ)യോട് സ്‌നേഹമുള്ളവർ നബി(സ്വ)യുടെ മാർഗമാണ് സ്വീകരിക്കേണ്ടത് എന്നും മറു വിഭാഗം പറയുന്നു. ഇതിൽ ആരാണ് നബി(സ്വ)യെ ശരിയായ അർഥത്തിൽ സ്‌നേഹിക്കുന്നത്? ഇബ്‌റാഹീം നബി(അ)യെയും ഇസ്മാഈൽ നബി(അ)യെയും മക്കയിലെ മുശ്‌രിക്കുകൾ സ്‌നേഹിച്ച രൂപവും നബി(സ്വ) സ്‌നേഹിച്ച രൂപവും താരതമ്യം ചെയ്ത് മനസ്സിലാക്കാവുന്നതേയുള്ളൂ. മർയം ബീവി(അ)യുടെ രൂപവും കഅ്ബക്കുള്ളിൽ ഉണ്ടായിരുന്നു എന്ന് ബുഖാരി ഉദ്ധരിക്കുന്നതായി കാണാം.**



കഅ്ബയിൽനിന്നും പുറത്തിറങ്ങിയ നബി(സ്വ) ബിലാലി(റ)നെ വിളിച്ചുവരുത്തി. കഅ്ബയുടെ മുകളിൽ കയറി ഉച്ചത്തിൽ ബാങ്ക് വിളിക്കുവാനായി അദ്ദേഹത്തോട് കൽപിച്ചു. ബിലാൽ(റ) ബാങ്ക് വിളി ആരംഭിച്ചു. മക്കയിൽ ഉമയ്യതിന്റെ അടിമയായിരുന്ന, കറുത്ത വർഗക്കാരനായ ബിലാലി(റ)ന് ലഭിച്ച ഒരു വലിയ അംഗീകാരം തന്നെയായിരുന്നു അത്. മഹാനായ ആ സ്വഹാബിയുടെ മാധുര്യമുള്ള ബാങ്കൊലി മക്കയുടെ പരിസരങ്ങളിൽ പ്രകമ്പനംകൊണ്ടു.

പതിനഞ്ച് ദിവസം നബി(സ്വ)യും സ്വഹാബിമാരും മക്കയിൽതന്നെ താമസിച്ചു. ഈ കാലയളവിൽ ധാരാളം സ്ത്രീകളും പുരുഷന്മാരും കുട്ടികളും നബി(സ്വ)യെ സമീപിക്കുകയും നബി(സ്വ)യിൽ വിശ്വസിക്കുകയും ചെയ്തു. ഞങ്ങൾ അല്ലാഹുവിനെ മാത്രമെ ആരാധിക്കുകയുള്ളൂ എന്നും അവനിൽ ഒരാളെയും പങ്കുചേർക്കുകയില്ലെന്നും ഞങ്ങൾ ഇനി വ്യഭിചരിക്കില്ലെന്നും മോഷണം നടത്തുകയില്ലെന്നും ആരെക്കുറിച്ചും ദുരാരോപണങ്ങൾ പറയുകയില്ലെന്നുമൊക്കെ അവർ നബി(സ്വ)യുടെ മുമ്പാകെ പ്രതിജ്ഞയെടുത്തു. എല്ലാവരും നബി(സ്വ)ക്ക് അനുസരണപ്രതിജ്ഞ (ബയ്അത്) ചെയ്തു.



ഈ സന്ദഭത്തിൽ വേറെ ചില ശുദ്ധീകരണങ്ങൾക്ക് കൂടി കൽപന പുറപ്പെടുവിച്ചു. കഅ്ബയുടെ അകത്തും ചുറ്റുമുള്ള വിഗ്രഹങ്ങൾ മാറ്റി പരിശുദ്ധ ഭവനത്തെ ശുദ്ധിയാക്കിയല്ലോ. മക്കയുടെ പരിസരത്ത് നിലനിൽക്കുന്നവയെയും എടുത്തുകളഞ്ഞ് നാടിനെത്തന്നെ ശിർക്കിൽനിന്നും ശുദ്ധിയാക്കാനും കൽപയായി. അങ്ങനെ മക്കയുടെ അടുത്തുള്ള ബത്വ്ന നഖ്ല എന്ന സ്ഥലത്ത് ക്വുറയ്ശികൾ സ്ഥാപിച്ചിട്ടുള്ള ഉസ്സ, മക്കയിൽനിന്നും മൂന്ന് മൈൽ അകലെയുള്ള ഗോത്രമായിരുന്ന ഹുദയ്ല് ആരാധിച്ചിരുന്നത് സുവാഅ്, കൽബ്-ഖുസാഅ ഗോത്രക്കാർ ആരാധിച്ചിരുന്ന മനാത എന്നീ വിഗ്രഹങ്ങളെയും ഇല്ലാതാക്കുവാൻ നബി(സ്വ) കൽപിച്ചു. ഇവയെല്ലാം മരിച്ചുപോയ മഹാന്മാരുടെ പേരിലുള്ള വിഗ്രഹങ്ങളായിരുന്നു.

ഈ വിഗ്രഹങ്ങളെ പറ്റിയാണ് ക്വുർആൻ ഇപ്രകാരം പ്രസ്താവിച്ചത്:

‘‘ലാത്തയെയും ഉസ്സയെയും പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? വേറെ മൂന്നാമതായുള്ള മനാത്തയെ പറ്റിയും’’ (53: 19,20).



അങ്ങനെ മക്കയെയും പരിസര പ്രദേശങ്ങളെയും എല്ലാ ബഹുദൈവാരാധനാ സമ്പ്രദായങ്ങളിൽനിന്നും മുക്തമാക്കി.

ഇസ്‌ലാമിന് അധികാരവും ആധിപത്യവും ഉള്ളിടത്ത് ഇസ്‌ലാമിക നിയമങ്ങൾ നടപ്പിലാക്കാൻ ഭരണകൂടം ബാധ്യസ്ഥമാണ്. പൊക്കിയുയർത്തപ്പെട്ട എല്ലാ ക്വബ്‌റുകളും നിരപ്പാക്കുവാനും നബി(സ്വ) കൽപന നൽകിയിരുന്നു. ക്വബ്‌റിലുള്ളവരോട് പ്രാർഥിക്കലും മഹാപാപമായ ശിർക്കുതന്നെയാണ്.

ആളുകൾ ഇസ്‌ലാമിലേക്ക് കൂട്ടം കൂട്ടമായി ഒഴുകാൻ തുടങ്ങി. ഈ സന്ദർഭത്തിൽ നബി(സ്വ)ക്ക് ക്വുർആനിലെ സൂറതുന്നസ്ർ അവതീർണമായി:

''പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. അല്ലാഹുവിന്റെ സഹായവും വിജയവും വന്നുകിട്ടിയാൽ. ജനങ്ങൾ അല്ലാഹുവിന്റെ മതത്തിൽ കൂട്ടംകൂട്ടമായി പ്രവേശിക്കുന്നത് നീ കാണുകയും ചെയ്താൽ. നിന്റെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം നീ അവനെ പ്രകീർത്തിക്കുകയും നീ അവനോട് പാപമോചനം തേടുകയും ചെയ്യുക. തീർച്ചയായും അവൻ പശ്ചാത്താപം സ്വീകരിക്കുന്നവനാകുന്നു'' (110:1-3).

വിനയാന്വിതനയ പ്രവാചകൻ പിന്നീട് അല്ലാഹുവിനോട് ധാരാളമായി പാപമോചനം തേടുവാനും പശ്ചാത്തപിച്ചു മടങ്ങുവാനും തുടങ്ങി. ജനങ്ങൾ കൂട്ടത്തോടെ ഇസ്‌ലാമിലേക്ക് വരുന്നത് കാണുമ്പോഴും തന്റെ ഉത്തരവാദിത്തം അവസാനിച്ചു എന്ന് തോന്നിക്കൂടാ. ഈ സ്ഥിതി നബി(സ്വ)ക്ക് കൈവന്നത് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമാണ്. അതിനാൽ അല്ലാഹുവിനെ ധാരാളം സ്തുതിക്കുവാനും പ്രകീർത്തിച്ച് നന്ദി കാണിക്കുവാനും അല്ലാഹു നബി(സ്വ)യോട് കൽപിക്കുകയാണ്. ആ കൽപന നബി(സ്വ) പ്രയോഗവത്കരിക്കുകയും ചെയ്തു.

ഈ സൂറത്ത് ഇറങ്ങിയതിനുശേഷം അവിടുന്ന് നമസ്‌കാരത്തിൽ സുജൂദിലും റുകൂഇലും അല്ലാഹുവിനെ സ്തുതിക്കുകയും പരിശുദ്ധപ്പെടുത്തുകയും അല്ലാഹുവിനോട് പൊറുക്കലിനെ ചോദിക്കുകയും ചെയ്യുമായിരുന്നു. സുജൂദിലും റുകൂഇലും അവിടുന്ന് പിന്നീട് ചൊല്ലിയിരുന്നത് ഇപ്രകാരമായിരുന്നു: ''ഞങ്ങളുടെ രക്ഷിതാവേ, നീ എത്ര പരിശുദ്ധൻ. നിന്നെ സ്തുതിക്കുന്നതോടൊപ്പം (ഞാൻ നിന്നെ വാഴ്ത്തുന്നു), അല്ലാഹുവേ, നീ എനിക്ക് പൊറുത്തുതരേണമേ'' (ബുഖാരി).

ചരിത്രത്തിൽ ഇസ്‌ലാമിന് ലഭിച്ച ഏറ്റവും വലിയ ഒരു വിജയമായിരുന്നു മക്കാവിജയം. ഈ വിജയത്തിന്റെ പ്രധാന കാരണം മുമ്പ് ഹുദയ്ബിയയിൽ വെച്ചുണ്ടാക്കിയ സന്ധിയായിരുന്നു എന്നത് നാം മറന്നുപോകരുത്.

**ക്വുർആനിലെ സൂറതുന്നസ്ർ ഇറങ്ങിയതിനു ശേഷം അവിടുന്ന് നമസ്‌കാരത്തിൽ സുജൂദിലും റുകൂഇലും അല്ലാഹുവിനെ സ്തുതിക്കുകയും പരിശുദ്ധിപ്പെടുത്തുകയും അല്ലാഹുവിനോട് പൊറുക്കലിനെ ചോദിക്കുകയും ചെയ്യുമായിരുന്നു. സുജൂദിലും റുകൂഇലും അവിടുന്ന് പിന്നീട് ചൊല്ലിയിരുന്നത് ഇപ്രകാരമായിരുന്നു: ''ഞങ്ങളുടെ രക്ഷിതാവേ, നീ എത്ര പരിശുദ്ധൻ. നിന്നെ സ്തുതിക്കുന്നതോടൊപ്പം (ഞാൻ നിന്നെ വാഴ്ത്തുന്നു), അല്ലാഹുവേ, നീ എനിക്ക് പൊറുത്തുതരേണമേ'' (ബുഖാരി).**



# നമസ്കാരത്തിൽ 'കളവ്' നടത്തുന്നവർ

അബൂഫായിദ

നമസ്കാരം മഹത്തായ ഒരു ആരാധനയാണ്. നിർബന്ധ നമസ്കാരങ്ങൾ കൃത്യമായി, സമയനിഷ്ഠ പാലിച്ചുകൊണ്ട് അനുഷ്ഠിക്കുക എന്നത് ഒരു വിശ്വാസിയുടെ പരലോകവിജയത്തിന് അനിവാര്യമാണ്.

''സത്യവിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു. തങ്ങളുടെ നമസ്കാരത്തിൽ ഭക്തിയുള്ളവരായ'' (ക്വുർആൻ 23: 1-2).

''തങ്ങളുടെ നമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിച്ചുപോരുന്നവരുമത്രെ (ആ വിശ്വാസികൾ)'' (ക്വുർആൻ 23:9).

അത് എങ്ങനെയെങ്കിലും നിർവഹിക്കേണ്ട ഒന്നല്ല. പഠിപ്പിക്കപ്പെട്ട എല്ലാ നിബന്ധനകളും മര്യാദകളും പാലിച്ചുകൊണ്ടായിരിക്കണം അത് നിർവഹിക്കുന്നത്. കൃത്യമായി നമസ്കരിക്കുന്നരിൽ തന്നെ പലരും ഇക്കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ പുലർത്താത്തവരായുണ്ട്. കേവലമൊരു ചടങ്ങായി, അടക്കവും ഒതുക്കവും പാലിക്കാതെ നമസ്കരിച്ചാൽ അത് സ്വീകാര്യയോഗ്യമായ ആരാധനയായി മാറുകയില്ല.

നബി(സ്വ) പറഞ്ഞു: ''നമസ്കാരത്തിലുള്ള കള്ളത്തരമാണ് ഏറ്റവും വലിയ കളവ്.'' അവർ (സ്വഹാബികൾ) ചോദിച്ചു: ''നമസ്കാരത്തിലെങ്ങനെയാണ് കളവ്?' നബി(സ്വ) പറഞ്ഞു: ''റുകൂഉം സുജൂദും പൂർണമായി നിർവഹിക്കാതിരിക്കൽ'' (അഹ്മദ്, അൽബാനി; സ്വഹീഹുൽ ജാമിഅ്).

നമസ്കാരത്തിൽ അടങ്ങിപ്പാർക്കാതിരിക്കൽ, റുകൂഇലും സുജൂദിലും മുതുക് നേരെ ഉറപ്പിക്കാതിരിക്കൽ, ഇഅ്തിദാലിൽ നേരെ നിവരാതിരിക്കൽ, ഇരുത്തത്തിൽ നേരേചൊവ്വെ ഇരിക്കാതിരിക്കൽ തുടങ്ങിയ വീഴ്ചകളെല്ലാം ആബാലവൃദ്ധം ജനങ്ങളിലും കണ്ടുവരുന്നതാണ്. ത്വുമഅ്നീനത്ത് അഥവാ നമസ്കാരത്തിൽ അടക്കവും ഒതുക്കവും പാലിക്കൽ അനിവാര്യമാണ്. അല്ലാത്തപക്ഷം നമസ്കാരം ശരിയാവുകയില്ല.

നബി(സ്വ) പറഞ്ഞു: ''റുകൂഇലും സുജൂദിലും മുതുക് നേരെയാക്കുന്നതുവരെ നമസ്കാരം ശരിയാവുകയില്ല'' (അബൂദാവൂദ്, അൽബാനി; സ്വഹീഹുൽ ജാമിഅ്).

അതിനാൽതന്നെ യാതൊരു മര്യാദയുമില്ലാതെ നമസ്കാരത്തിൽ പൊടുന്നനെ കുമ്പിട്ട് നിവരുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

അബൂ അബ്ദില്ല അൽഅശ്അരി പറയുന്നു: ''അല്ലാഹുവിന്റെ റസൂൽ (സ്വ) അവിടത്തെ സ്വഹാബികളുമായി നമസ്കരിച്ച ശേഷം അവരിൽ ഒരു വിഭാഗത്തോടൊപ്പമിരുന്നു. അപ്പോൾ ഒരാൾ പ്രവേശിക്കുകയും നിന്ന് നമസ്കാരം തുടങ്ങുകയും ചെയ്തു. തുടർന്ന് റുകൂഅ് ചെയ്യുകയും സുജൂദിൽ പക്ഷികൾ കൊത്തിപ്പെറുക്കുംപോലെ പൊടുന്നനെ കുമ്പിട്ട് നിവരുകയും ചെയ്തു. അപ്പോൾ പ്രവാചകൻ(സ്വ) പറഞ്ഞു: ''ഇത് നിങ്ങൾ കണ്ടുവോ? വല്ലവനും ഈ രീതിയിലാണ് മരിക്കുന്നതെങ്കിൽ മുഹമ്മദിന്റ മില്ലത്തിലല്ല അവൻ മരണമടഞ്ഞത്. നമസ്കാരത്തിൽ കാക്ക രക്തം കൊത്തിയെടുക്കുന്നത് പോലെയാണ് അവൻ പെറുക്കുന്നത്. റുകൂഅ് ചെയ്യുകയും സുജൂദിൽ കൊത്തിപ്പെറുക്കും പോലെ പെട്ടെന്ന് കുമ്പിട്ട് നിവരുകയും ചെയ്യുന്നവൻ ഒന്നോ രണ്ടോ കാരക്ക തിന്ന് വിശപ്പടക്കുന്ന വിശന്ന് അവശനായവനെപ്പോലെയാണ്. ആ കാരക്കകൾ വിശപ്പിൽ നിന്ന് അവന് എത്രമാത്രം ധന്യത പകരും?'' (ഇബ്നു ഖുസൈമ).

സൈദുബ്നു വഹബി(റ)ൽനിന്നുള്ള ഒരു ഹദീസിൽ അദ്ദേഹം പറയുന്നു: ''റുകൂഉം, സുജൂദും പൂർണമായി ചെയ്യാത്ത ഒരാളെ ഹുദൈഫ(റ) കണ്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: ''താങ്കൾ നമസ്കരിച്ചിട്ടില്ല. താങ്കൾ മരിച്ചാൽ മുഹമ്മദ് നബി(സ്വ)യെ അല്ലാഹു ഏത് പ്രകൃതിയിലാക്കിയോ ആ ശുദ്ധ പ്രകൃതിയിലല്ല നിങ്ങളുടെ മരണം'' (ബുഖാരി, ഫത്ഹുൽബാരി 2:274).

എത്രമാത്രം ശ്രദ്ധയോടും അടക്കത്തോടും മനസ്സാന്നിധ്യത്തോടുമാണ് നമസ്കാരം നിർവഹിക്കേണ്ടത് എന്നത് ഇതിൽനിന്നെല്ലാം മനസ്സിലാക്കാം.



# തുണയാവുക

ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര
: 99460 42525

''താഴ്ചയ്ക്ക് ഉയർച്ചയും
വീഴ്ചയ്ക്ക് വിജയവും
ഉണ്ടെന്ന തിരിച്ചറിവ്
അവരുടെ ദാമ്പത്യം
സന്തുഷ്ടമാക്കി...!''
(മലയാള കവിതയിൽനിന്ന്)

മലയാളത്തിലെ മനോഹരമായ രണ്ട് പദങ്ങളാണ് 'ഇണ'യും 'തുണ'യും. 'ഇണ' എന്ന പദം ഓരോ മനുഷ്യനെയും ഓർമിപ്പിക്കുന്നത് തന്റെ ജീവിത പങ്കാളിയെക്കുറിച്ച് തന്നെയാണ്.

ജീവിതമാകുന്ന സാഗരത്തിലെ നുരയും പതയും, വെയിലും മഴയും, കാറും കോളും, പകലും രാത്രിയും, ഉപ്പും മധുരവും, കോപവും ശാന്തതയും ഒരുമിച്ചനുഭവിക്കുന്ന, അക്ഷരാർഥത്തിൽ ഒരു മെയ്യും ഒരു മനസ്സുമായിത്തീരുന്ന പങ്കാളികൾ.

അതീവ അത്ഭുതം തന്നെയാണ് പ്രപഞ്ചത്തിലെ ഇണ സങ്കൽപം; വിശിഷ്യാ മനുഷ്യരുടേത്!

വ്യത്യസ്ത സാമൂഹ്യ സാഹചര്യത്തിൽ വർഷങ്ങളോളം ജീവിച്ച് ഒരു പ്രഭാതത്തിൽ പൊടുന്നനെ ഒരു പുരുഷന്റെ ഇണയായി കയറിവന്നവളാണ് ഭാര്യ; തിരിച്ചും അങ്ങനെത്തന്നെ.

പിന്നീട് സംഭവിക്കുന്നത് അത്ഭുതകരമായ മാറ്റങ്ങളാണ്. ആ രണ്ട് വ്യത്യസ്ത വ്യക്തികൾ തമ്മിൽ പറഞ്ഞറിയിക്കാനാവാത്തവിധം അടുക്കുന്നു. ഒരു ശരീരമാകുന്നു; ഒരേ ചിന്ത പോലുമായിത്തീരുന്നു!

കഴിഞ്ഞ വർഷം എന്നെ ഏറെ അതിശയിപ്പിച്ച ഒരു വാർത്തയായിരുന്നു അത്.; കൊല്ലം ജില്ലയിലെ ഒരു ആത്മസുഹൃത്തിന്റെ ഭാര്യാമാതാവും പിതാവും മണിക്കൂ

റുകളുടെ വ്യത്യാസത്തിൽ മരണപ്പെടുകയുണ്ടായി. എത്രയോ സമാന വാർത്തകൾ നാം കേൾക്കുന്നുണ്ട്. മരണത്തിൽ പോലും വേർപിരിയാനാകാത്ത വിധം അടുത്തവർ എന്നു തോന്നിപ്പോകും വിധത്തിൽ!

എങ്ങനെ അത്യത്ഭുതകരമായ ഈ ഹൃദയ, ശരീര സംയോജനം നടക്കുന്നു എന്നത് ക്വുർആൻ പറയുന്നുണ്ട്.

''ഇണകളോടിണങ്ങി ജീവിച്ച് മനശ്ശാന്തി ലഭിക്കാനായി നിങ്ങളുടെ വർഗത്തിൽനിന്നുതന്നെ നിങ്ങൾക്കവൻ ഇണകളെ സൃഷ്ടിച്ചു തന്നിരിക്കുന്നു. അങ്ങനെ നിങ്ങൾക്കിടയിൽ അവൻ പ്രേമബന്ധവും കാരുണ്യവുമുണ്ടാക്കി. ഇതെല്ലാം അവന്റെ ദൃഷ്ടാന്തങ്ങളിൽ പെടുന്നു. ചിന്തിക്കുന്ന സമുഹത്തിന് ഇതിൽ പല പാഠങ്ങളുമുണ്ട്'' (ക്വുർആൻ 30:21).

അല്ലാഹു നിശ്ചയിച്ചുതന്ന ഈ പ്രേമബന്ധം നിലനിർത്താൻ ഇണകൾ പരസ്പരം ബോധപൂർവമായ ഇടപെടൽ നടത്തേണ്ടതുണ്ട്.

നബിജീവിതത്തിൽ എത്രയോ മാതൃക നമുക്ക് ദർശിക്കാനാകും.

ഭാര്യയോടൊപ്പം ഓട്ടമത്സരം നടത്തിയ മാതൃകാ ഭർത്താവ്!

തമാശകൾ പറഞ്ഞ് ചിരിച്ച ജീവിത സായാഹ്നങ്ങൾ,

ചെറിയ കുശുമ്പുകളെ സ്നേഹം കൊണ്ട് കീഴടക്കിയ നിമിഷങ്ങൾ,

അനുവദിക്കപ്പെട്ട വിനോദങ്ങൾ കാണാൻ ഇണക്കുകൂടി അവസരം നൽകിയ പ്രവാചകൻ,

ഓരോ യാത്രയിലും തന്റെ പങ്കാളിയെകൂടി കൂടെക്കൂട്ടിയ സ്നേഹനിധി,



അടുക്കളയിൽ സഹായിയായി മാറിയ ഭരണാധികാരി,

സന്തോഷത്തിലും സന്താപത്തിലും ചേർന്നുനിന്ന സ്നേഹസാന്നിധ്യം,

ലൈംഗികജീവിതം സംതൃപ്തിയോടെ അനുഭവിച്ച ഇണ...

ഇങ്ങനെ എന്തെല്ലാം...!

ഇണയോട് കരുതലുണ്ടാകുന്നതിന് നമ്മുടെ നിതാന്ത ശ്രദ്ധയിലുണ്ടാകേണ്ട ചില കാര്യങ്ങൾ പറയട്ടെ:

പരസ്പരം തിരിച്ചറിയുക,

ഇഷ്ടാനിഷ്ടങ്ങൾ മനസ്സിലാക്കുക.

വ്യക്തിത്വത്തെ അംഗീകരിക്കുക,

പരസ്പരം പുകഴ്ത്തുക.

നന്മ, ഉയർച്ച എന്നിവയിൽ അഭിനന്ദിക്കുക.

തിന്മ, വീഴ്ച എന്നിവ രഹസ്യമായി തിരുത്തുക.

ഒന്നിച്ച് യാത്ര ചെയ്യുക,

ഭക്ഷണം പങ്കിടുക.

തമാശകൾ പറഞ്ഞ് ചിരിക്കുക,

പരസ്പരം സഹകരിക്കാനും ഉൾക്കൊള്ളാനുമുള്ള മാനസിക വിശാലത കാണിക്കുക,

സ്നേഹ നിർമലമായ ലൈംഗികബന്ധം കാത്തുസൂക്ഷിക്കുക,

പരസ്പരം ത്യാഗം ചെയ്യാൻ സന്നദ്ധരാവുക,

അന്യോന്യം സഹായിക്കുക,

സ്നേഹത്തിന്റെ ബാഹ്യമായ അടയാളങ്ങൾ പങ്കുവയ്ക്കുന്നതിൽ മുഷിപ്പ് കാണാതിരിക്കുക.

മലയാളത്തിന്റെ പ്രിയ കവി വൈലോപ്പിള്ളിയുടെ ഒരുവരി കൂടി:

''വരിക സഖീ
അരികത്തു ചേർന്നു നിൽക്കൂ
പഴയൊരാ മന്ത്രം സ്മരിക്ക നാം
അന്യോന്യം ഊന്നു
വടികളായ് നിൽക്കാം
ഹാ! സഫലമീ യാത്ര...''



# ഓർമയിൽ ചില മേലധികാരികൾ

ഇബ്നു അലി

വർഷങ്ങൾക്കു മുമ്പ് നടന്ന സംഭവങ്ങളാണ്. കരിപ്പൂരിൽ സംസ്ഥാന ഹജ്ജ് ക്യാമ്പിൽ വളണ്ടിയർ സേവനത്തിനിടയിൽ ഒരു സഹപ്രവർത്തകന്റെ ഫോൺ വിളിയെത്തി: ''പഴയ ജില്ലാ മേലധികാരിയും ബന്ധുവും ഇത്തവണ ഹജ്ജിന് പോകുന്നുണ്ട്. ഹജ്ജ് ക്യാമ്പിൽ അവരെത്തും. പരിഗണിക്കണം.''

അദ്ദേഹത്തെ ക്യാമ്പിൽ കണ്ടുമുട്ടി. റിട്ടയർ ചെയ്തിട്ട് മൂന്നുവർഷം കഴിഞ്ഞെങ്കിലും പഴയ മേലധികാരി എന്ന നിലയിൽതന്നെ പരിഗണിച്ചു. ആവശ്യമായ ഒത്താശകൾ ചെയ്തുകൊടുത്തു.

അദ്ദേഹം റിട്ടയർ ചെയ്യുന്നതിനു മുമ്പ് എന്റെ പ്രമോഷനുമായി ബന്ധപ്പെട്ട ഒരു മേലൊപ്പിന് വേണ്ടി എറണാകുളത്ത് വെച്ച് അദ്ദേഹത്തെ സമീപിച്ചത് ഓർമ വരാതിരുന്നില്ല. അദ്ദേഹത്തിന്റെ സഹപ്രവർത്തകന്റെ സാന്നിധ്യവും ശുപാർശയുമുണ്ടായിട്ട് പോലും അദ്ദേഹമത് ചെയ്തുതന്നില്ല. മാത്രമല്ല അദ്ദേഹത്തിന് യാതൊരുവിധ നഷ്ടമോ പ്രശ്നമോ ഇല്ലാത്ത അക്കാര്യം ചെയ്തുതരാതിരിക്കാനുള്ള ന്യായങ്ങൾ നിരത്താനായി സമയമേറെ പാഴാക്കുകയും ചെയ്തു. വിമാനം കയറുന്ന ദിവസം എറണാകുളത്ത് എന്നെ കണ്ട കാര്യം നേരിയൊരു ജാള്യതയോടെ ഓർമിപ്പിക്കുകയും ചെയ്തു.

ഒരിക്കൽ ഒരു വനിത ജില്ലാമേലധികാരിയായെത്തി. നിർദിഷ്ട സമയത്തിനപ്പുറം കഠിനമായി ജോലി ചെയ്തിരുന്ന കീഴുദ്യോഗസ്ഥരെയടക്കം അവർ ചീത്ത പറയും. അഭിമാനത്തിന് ക്ഷതമേൽക്കുംവിധം പലതും പറയും. ഉദ്യോഗസ്ഥരുടെ പ്രവർത്തന മികവ് വർധിപ്പിക്കാൻ നടത്തിയിരുന്ന ഓഫീസ് സന്ദർശനങ്ങൾ പ്രവർത്തന മുരടിപ്പിനും നിരാശക്കും വഴിയൊരുക്കി. ചീത്ത കേട്ട് വനിതാജീവനക്കാരുടെ കണ്ണുകൾ നിറയും. ഒരു സ്ത്രീയിൽ നിന്ന്, വിശിഷ്യാ വിശ്വാസിനിയിൽ നിന്ന് പ്രതീക്ഷിച്ച സൗമനസ്യം ലഭിക്കാതെ പോയപ്പോൾ സത്യത്തിൽ മർദിതന്റെ പ്രാർഥനയെക്കുറിച്ച് ഓർമവന്നു.

ഈ രണ്ട് മേലധികാരികൾക്കും മുമ്പ് ഒരു മേലധികാരിയുണ്ടായിരുന്നു. വാക്കുകൊണ്ടോ നോക്കുകൊണ്ടോ പേന കൊണ്ടോ ആരെയും നോവിക്കാത്ത സാത്വികൻ. ആദ്യം പറഞ്ഞ മേലധികാരി ഒപ്പിടാൻ മടിച്ചതു പോലുള്ള ഒരു ഔദ്യോഗിക രേഖ പാതയോരത്ത് നിർത്തിയിട്ട കാറിന്റെ ബോണറ്റിൽവെച്ച് ഒപ്പിട്ട് നൽകിയ ലളിതമനസ്കൻ.

ആദ്യം പറഞ്ഞ ഉദ്യോഗസ്ഥനെ ഓർക്കാതിരിക്കുകയും രണ്ടാമത്തെ മേലധികാരിയെക്കുറിച്ച് ഓർമ വരുമ്പോൾ അതൃപ്തി നുരഞ്ഞുപൊന്തുകയും ചെയ്യുമ്പോൾ സ്നേഹത്തിന്റെയും ലാളിത്യത്തിന്റെയും പരിഗണനയുടെയും സമ്മിശ്രമായ, നല്ല വ്യക്തിത്വത്തിനുടമയായ മേലധികാരിയെ ഓർക്കാറുണ്ട്, നന്ദിയോടെ പലപ്പോഴും!

ഉദ്യോഗസ്ഥൻ തന്റെ ജോലി ആത്മാർഥതയോടും താൽപര്യത്തോടും നിർവഹിച്ചാൽ ഇഹത്തിലും പരത്തിലും അവന് പ്രതിഫലം ലഭിക്കും. അല്ലാഹുവിൽ നിന്നുള്ള പ്രതിഫലം കാംക്ഷിച്ച് താൽപര്യപൂർവം ജോലിയെടുക്കുന്നവൻ തന്റെ ചുമതല നിറവേറ്റിയവനും ഭൗതികമായി ജോലിക്കുള്ള കൂലി അർഹിക്കുന്നവനും പാരത്രികലോകത്തെ പ്രതിഫലം നേടി വിജയിക്കുന്നവനുമായിത്തീരും. മനുഷ്യർ ചെയ്യുന്ന കർമങ്ങൾക്കുള്ള പ്രതിഫലവും കൂലിയും ഉണ്ടാകുന്നത് അല്ലാഹുവിന്റെ പ്രീതി കാംക്ഷിക്കുന്നതോടൊപ്പവും പ്രതിഫലേച്ഛയോടൊപ്പവുമാണ് എന്നാണ് ഇസ്ലാം അറിയിക്കുന്നത്.

സഹജീവികളോട്, സഹപ്രവർത്തകരോട്, കീഴുദ്യോഗസ്ഥരോട്... അങ്ങനെ എല്ലാവരോടും മാന്യമായി പെരുമാറുവാൻ നബി(സ്വ)യുടെ മാതൃക പിൻപറ്റി ജീവിക്കുന്നവർക്ക് എങ്ങനെയാണ് കഴിയാതിരിക്കുക? ■




കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക: 9207525244

WhatsApp: 9207525244

WISDOM BOOKS

PUBLISHING || DISTRIBUTION

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244



ഹുസൈൻ സലഫിയുടെ

**‘പ്രകാശം പരത്തിയ പ്രവാചകന്മാർ’**

എന്ന പുസ്തക പരമ്പരയിലെ **670** രൂപ വിലവരുന്ന

4 പുസ്തകങ്ങൾ

ഇപ്പോൾ വെറും **500** രൂപക്ക്...!!!

**ഈ ഓഫർ ഡിസംബർ 5 മുതൽ ജനുവരി 15 വരെ**

yono SBI | SBI Payments

MERCHANT NAME: WISDOM ISLAMIC ORGANIZATION

UPI ID: WISDOMISLAMICCLT@SBI

SCAN & PAY

BHIM SBI Pay

BHIM | UPI

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 FEBRUARY 05

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

വിപണിയിൽ

# നേർപഥം

സ്പെഷ്യൽ പതിപ്പ്

## കേരള മുസ്‌ലിം നവോത്ഥാനത്തിന്റെ നൂറ് വർഷങ്ങൾ

സഹസ്രാബ്ദങ്ങളുടെ പൈതൃകമുൾക്കൊള്ളുന്ന ഭൂപ്രദേശമാണ് ഇന്നത്തെ കേരളം. വൈദേശികരുമായുള്ള ആദാന പ്രദാനങ്ങളിലൂടെ സംസ്കാരം കരുപ്പിടിപ്പിച്ച മലയാളനാടിന്റെ പായും പങ്കായവുമായി വർത്തിച്ച മുസ്‌ലിം ജനവിഭാഗത്തിന്റെ അതിജീവന അടയാളങ്ങളെ രേഖപ്പെടുത്താനുള്ള എളിയ ശ്രമം.




224 പേജുകൾ, മൾട്ടി കളർ
പെർഫെക്ട് ബൈന്റിംഗ്, വില ₹100